Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
VOL.4 / ISSUE 27 / PAGES 32
15
ജനുവരി 2025
ബുധനാഴ്ച
1200 ധനു 30

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World



## ഇസ്രായേൽ ഹമാസ് കരാർ
# നടപ്പിലാക്കുക മൂന്ന് ഘട്ടമായി അംഗീകരിച്ചത് ഒരു ഘട്ടം മാത്രം

**ഇസ്രായേലി തടവുകാരിൽ 33 പേരെ മോചിപ്പിക്കും.**

**സ്ത്രീകൾ പ്രായമായവർ, രോഗികൾ എന്നിവർക്ക് മുൻഗണന.**

**രണ്ട് ദിവസത്തിനുള്ളിൽ ഇവർക്കു മോചനം.**

**ജയിലുകളിൽ കഴിയുന്ന നൂറുക്കണക്കിന് തടവുകാരെ ഇസ്രായേലും മോചിപ്പിക്കും.**

ഏതാണ്ട് 15 മാസത്തോളം നീണ്ട് നിന്ന യുദ്ധത്തിന് അന്ത്യമായെന്ന ശുഭവാർത്തായാണ് പശ്ചിമേഷ്യയിൽ നിന്ന് വരുന്നത്. ഇസ്രായേലും ഹമാസും സമാധാന കരാർ അംഗീകരിച്ചിരിക്കുന്നു. അരലക്ഷത്തോളം പേരുടെ ജീവനെടുത്ത പശ്ചിമേഷ്യൻ സംഘർഷത്തിനാണ് സമാധാന കരാറിലൂടെ അന്ത്യമാകുന്നത്. ഇതോടെ പശ്ചിമേഷ്യയിൽ ശാന്തത കൈവരും എന്നാണ് വിശ്വാസം.യുഎസ്, ഖത്തർ, ഈജ്പിറ്റ് എന്നീ രാജ്യങ്ങളുടെ മധ്യസ്ഥതയിൽ നടന്ന ചർച്ചയിലാണ് ഗാസയിൽ വെടിനിർത്തൽ കരാർ അംഗീകരിച്ചത്. മൂന്ന് ഘട്ടമായാണ് വെടിനിർത്തൽ കരാർ നടപ്പിലാക്കുക. യുദ്ധം അവസാനിപ്പിക്കുകയും ബന്ദികളെയും തടവുകാരെയും പരസ്പരം കൈമാറുകയും ചെയ്യും. കരാർ അംഗീകരിച്ചാൽ ഞായറാഴ്ച മുതൽ പ്രാബല്യത്തിൽ വരുമെന്ന് ഖത്തർ പ്രധാനമന്ത്രി ഷെയ്ഖ് മുഹമ്മദ് ബിൻ അബ്ദുൾ റഹ്മാൻ അൽതാനി അറിയിച്ചു.

**ഒന്നാം ഘട്ടം:** 44 ദിവസമാണ് ഒന്നാം ഘട്ടം. ഒക്ടോബർ ഏഴിലെ ആക്രമണത്തിൽ 251 ഇസ്രായേലികളെ ബന്ദികളാക്കിയെന്നാണ് കണക്ക്. 94 പേർ തടവിലെന്നാണ് കണക്ക്. എന്നിരുന്നാലും 60 പേർ മാത്രമാണ് ജീവനോടെയുള്ളതെന്നാണ് ഇസ്രായേൽ വ്യക്തമാക്കുന്നത്.ഹമാസിന്റെ കൈവശം 94 ഇസ്രായേലി തടവുകാരു

ശേഷം പേജ് 8ൽ





## ടിക്ടോക്ക് നിരോധനത്തിന് ദിവസങ്ങൾ മാത്രം; നിരാശയിൽ ഉപയോക്താക്കൾ

യുഎസിൽ ടിക് ടോക് നിരോധനം ജനുവരി 19ന് പ്രാബല്യത്തിൽ വരാനിരിക്കെ, 170 ദശലക്ഷം ഉപയോക്താക്കൾക്കിടയിൽ കടുത്ത ആശങ്കയും നിരാശയും വ്യാപകം. ചൈനീസ് ഉടമസ്ഥതയിലുള്ള ബൈറ്റ്ഡാൻസ് ആപ്പ് അടച്ചുപൂട്ടാൻ തീരുമാനിച്ചെന്ന വാർത്ത പുറത്തുവന്നതോടെ, ടിക് ടോക് ഉപയോക്താക്കൾക്കിടയിൽ പ്രതിഷേധവും ആശയക്കുഴപ്പവും ശക്തമായിരിക്കുകയാണ്.2023-ൽ നിയമം പാസാക്കിയതിനെ തുടർന്ന് യുഎസ് നിരോധനം ഒഴിവാക്കാൻ ടിക് ടോക് അവസാന

ശേഷം പേജ് 8ൽ

**വെട്ടൊന്ന് തുണ്ടം രണ്ട്**
(സി. രാധാകൃഷ്ണൻ എഴുതുന്നു) ........ പേജ് 05

**ജസ്റ്റിൻ ട്രൂഡോയുടെ രാജി ഇന്ത്യക്കാർക്ക് തിരിച്ചടിയാകുമോ?** ........ പേജ് 11

**പിറവികൾ കുറഞ്ഞതിന്റെ വ്യഥയിൽ കേരളം** ........ പേജ് 15

**വില പേശുമ്പോഴും അൻപോടെ അൻവർ** ........ പേജ് 16

**'ഭ ഭ ബ' നിർവീര്യമാക്കുന്ന ജില്ലാ സമ്മേളനങ്ങളും, രാഷ്ട്രീയ സ്വയം സമാധികളും** ........ പേജ് 22

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com
വാട്ട്സ്ആപ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യൂ ആർ കോഡ് സ്കാൻ ചെയ്യൂ

# അമേരിക്കയിൽ 'അപകടകരമായ' പ്രഭുവർഗ്ഗം രൂപപ്പെടുന്നു; വിടവാങ്ങൽ പ്രസംഗത്തിൽ മുന്നറിയിപ്പുമായി ബൈഡൻ



തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ അമേരിക്കയിൽ 'അപകടകരമായ' പ്രഭുവർഗ്ഗം രൂപപ്പെടുന്നതിനെക്കുറിച്ച് മുന്നറിയിപ്പ് നൽകി സ്ഥാനമൊഴിയുന്ന യുഎസ് പ്രസിഡന്റ് ജോ ബൈഡൻ.

'ഇന്ന്, നമ്മുടെ മുഴുവൻ ജനാധിപത്യത്തെയും നമ്മുടെ അടിസ്ഥാന അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും ശരിക്കും ഭീഷണിപ്പെടുത്തുന്ന അതിരുകടന്ന സമ്പത്തിന്റെയും അധികാരത്തിന്റെയും സ്വാധീനത്തിന്റെയും പ്രഭുവർഗ്ഗം അമേരിക്കയിൽ രൂപപ്പെടുകയാണ്,' എന്നാണ് അദ്ദേഹം ബുധനാഴ്ച പറഞ്ഞത്. അമേരിക്കക്കാരുടെ മേൽ അനിയന്ത്രിതമായ അധികാരം നേടിയെടുക്കാൻ ഇതിന് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു.

ഓവൽ ഓഫീസിൽ നിന്ന് സംസാരിക്കുമ്പോൾ, തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, ഇൻഫ്രാസ്ട്രക്ചർ ചെലവുകൾ, ആരോഗ്യ സംരക്ഷണം, രാജ്യത്തെ മഹാമാരിയിൽ നിന്ന് കരകയറ്റി, യുഎസിനെ സുരക്ഷിത രാജ്യമാക്കി മാറ്റൽ എന്നിങ്ങനെ തന്റെ ഭരണ നേട്ടങ്ങളെ കുറിച്ചും ബൈഡൻ വ്യക്തമാക്കി.

എന്നിരുന്നാലും, 'ഞങ്ങൾ ഒരുമിച്ച് ചെയ്ത എല്ലാറ്റിന്റെയും പൂർണ്ണമായ സ്വാധീനം അനുഭവിക്കാൻ സമയമെടുക്കും, പക്ഷേ വിത്തുകൾ നട്ടുപിടിപ്പിച്ചു, അവ വളരുകയും പതിറ്റാണ്ടുകളായി അവ പൂക്കുകയും ചെയ്യും' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡൊണാൾഡ് ട്രംപിന്റെ വരാനിരിക്കുന്ന അഡ്മിനിസ്ട്രേഷൻ വിജയത്തിന് ബൈഡൻ ആശംകൾ അറിയിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗം 'ഇപ്പോൾ രാജ്യം വളരെയധികം അപകടത്തിലാണ് എന്ന് പ്രസ്താവിച്ചുകൊണ്ട് മുന്നറിയിപ്പുകളുടെ ഒരു പരമ്പര തന്നെ പുറപ്പെടുവിച്ചു.

തന്റെ പ്രസംഗം അവസാനിപ്പിച്ചുകൊണ്ട് അമേരിക്കക്കാരോട് അവരുടെ രാജ്യത്തിന് കാവൽ നിൽക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. 'നിങ്ങൾ എല്ലാവരും അഗ്നിജ്വാലയുടെ സൂക്ഷിപ്പുകാരനായിരിക്കട്ടെ' എന്നാണ് അദ്ദേഹം പറഞ്ഞത്.

അതേസമയം ഇസ്രയേലും ഹമാസും തമ്മിൽ വെടിനിർത്തൽ കരാറിൽ ബുധനാഴ്ചയിൽ എത്തിയതായി അദ്ദേഹം നേരത്തെ പ്രഖ്യാപിച്ചതിന് പിന്നാലെയാണ് പ്രസംഗം. ഈ ചർച്ചകൾ തന്റെ കരിയറിലെ ഏറ്റവും കടുപ്പമേറിയതായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു, കരാറിനെ മറികടക്കാൻ സഹായിച്ചതിന്റെ ക്രെഡിറ്റും അദ്ദേഹം ഏറ്റെടുത്തു. ട്രംപ് അധികാരമേൽക്കുന്നതിന് ഒരു ദിവസം മുമ്പ് ജനുവരി 19 ന് വെടിനിർത്തൽ പ്രാബല്യത്തിൽ വരും.

# ഇസ്രായേൽ – ഹമാസ് വെടിനിർത്തൽ കരാറിന് ട്രംപ് ക്രെഡിറ്റ് അർഹിക്കുന്നുണ്ടോ? ചോദ്യത്തിന് ബൈഡൻ പറഞ്ഞ മറുപടി ഇങ്ങനെ



വാഷിംഗ്ടൺ: നിയുക്ത പ്രസിഡന്റ് ട്രംപ് അടുത്തിടെ ഉണ്ടാക്കിയ ഇസ്രായേൽ-ഹമാസ് വെടിനിർത്തൽ കരാറിന് അംഗീകാരം അർഹിക്കുന്നുണ്ടോ എന്ന് ബുധനാഴ്ച ഫോക്സ് ന്യൂസ് സീനിയർ വൈറ്റ് ഹൗസ് ലേഖകൻ ജാകി ഹെന്റിച്ച് ഉന്നയിച്ച ചോദ്യത്തിന് പ്രസിഡന്റ് ബൈഡൻ മറുപടി നൽകിയത് 'അതൊരു തമാശയാണോ?'എന്ന മറുചോദ്യത്തോടെ ആയിരുന്നു.

ജനുവരി 20 ന് ട്രംപിന്റെ രണ്ടാം കാലാവധി ആരംഭിക്കുന്നതിന് ഒരു ആഴ്ചയിൽ താഴെ മാത്രം ശേഷിക്കെ, ബൈഡന്റെ അവസാന ദിവസങ്ങളിലാണ് ഈ കരാർ വരുന്നത്. ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും ട്രംപിന്റെ പുതിയ മിഡിൽ ഈസ്റ്റ് ദൂതൻ സ്റ്റീവ് വിറ്റ്കോഫും തമ്മിലുള്ള അടുത്തിടെ നടന്ന കൂടിക്കാഴ്ച കരാറിന്റെ അവിഭാജ്യ ഘടകമായിരുന്നുവെന്ന് ഫോക്സ് ന്യൂസ് ഡിജിറ്റലിനോട് ഉന്നത വൃത്തങ്ങൾ വ്യക്തമാക്കിയിരുന്നു.

'ചരിത്ര പുസ്തകങ്ങളിൽ ആർക്കാണ് ഇതിന്റെ ക്രെഡിറ്റ് ലഭിക്കുക, മിസ്റ്റർ പ്രസിഡന്റ്, നിങ്ങൾക്കോ ട്രംപിനോ?' ബുധനാഴ്ച ഉച്ചകഴിഞ്ഞ് വൈറ്റ് ഹൗസ് വാർത്താ സമ്മേളനത്തിൽ ഹെന്റിച്ച് ബൈഡനോട് ചോദിച്ചു. എന്നാൽ തന്റെ ചോദ്യം തമാശയ്ക്കാണെന്ന് ഹെന്റിച്ച് നിഷേധിച്ചപ്പോൾ, ബൈഡൻ 'ഓ. നന്ദി' എന്ന് മറുപടി നൽകി നടന്ന് നീങ്ങുകയായിരുന്നു.

വെടിനിർത്തൽ കരാറിന്റെ രണ്ട് ഘട്ടങ്ങൾ അംഗീകരിക്കുമെന്നാണ് ബൈഡന്റെ വിശദീകരണത്തിൽ വ്യക്തമാക്കിയത്. ആറ് ആഴ്ച നീണ്ടുനിൽക്കുന്ന ആദ്യ ഘട്ടത്തിൽ പൂർണ്ണവുമായ വെടിനിർത്തൽ, ഗാസയിലെ എല്ലാ ജനവാസ മേഖലകളിൽ നിന്നും ഇസ്രായേൽ സൈന്യത്തെ പിൻവലിക്കൽ, സ്ത്രീകളും പ്രായമായവരും പരിക്കേറ്റവരും ഉൾപ്പെടെ ഹമാസ് തടവിലാക്കിയ നിരവധി ബന്ദികളെ മോചിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു. ആദ്യ ഘട്ടത്തിലും ബന്ദികളുടെ മോചനത്തിലും അമേരിക്കക്കാർ പങ്കാളികളാകുമെന്ന് പറയുന്നതിൽ എനിക്ക് അഭിമാനമുണ്ട്. അവരെ വീട്ടിലേക്ക് സ്വാഗതം ചെയ്യാൻ എനിക്കും വൈസ് പ്രസിഡന്റിനും ഇനി സമയം ഇല്ല.' പ്രസിഡന്റ് വ്യക്തമാക്കി.

ഒന്നാം ഘട്ടത്തിൽ നിന്ന് രണ്ടാം ഘട്ടത്തിലേക്കുള്ള നീക്കത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് നിരവധി ഘടകങ്ങളുണ്ടെന്നും അദ്ദേഹം പറയുന്നു. ചർച്ചകൾക്ക് ആറ് ആഴ്ചയിൽ കൂടുതൽ സമയമെടുക്കുകയാണെങ്കിൽ, ചർച്ചകൾ തുടരുന്നിടത്തോളം വെടിനിർത്തൽ തുടരുമെന്ന് പദ്ധതിയിൽ പറയുന്നുണ്ടെന്നും ബൈഡൻ വ്യക്തമാക്കി.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO:
Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director:
Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam limited assumes no liability for claims assumptions made in advertisements, advertorial & articles.

## American Diary — 80 Years Ago

### US conducts first ever Nuclear Test

The United States tested a 15-20 kilotonne nuclear weapon south of Socorro, New Mexico. Radiation levels around the site remain 10 times as high as natural background radiation.

January 16, 1945



# ബ്രിട്ടനിൽ കുട്ടികളെ പീഡിപ്പിക്കുന്ന ഗ്രൂമിങ് ഗ്യാങ് പാകിസ്ഥാനികളുടെ ഗ്യാങ്ങാണെന്ന് ഇന്ത്യ; പിന്തുണച്ച് ഇലോൺ മസ്ക്

ന്യൂയോർക്ക്: ബ്രിട്ടനിൽ കൊച്ചുകുട്ടികളെലൈംഗികചൂഷണത്തിന്വിധേയരാക്കുന്നവരെ ഏഷ്യൻ ഗ്യാങ്ങെന്ന് വിളക്കരുതെന്നും അത് പാകിസ്ഥാനിലെ ഗ്യാങ്ങുകളാണെന്നുമുള്ള ഇന്ത്യക്കാരുടെ വാദത്തെ പിന്തുണച്ച് ഇലോൺ മസ്ക്. ഇംഗ്ലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ കുട്ടികളെ ലൈംഗികമായി പീഢിപ്പിക്കുന്നത് വർധിച്ചതോടെയാണ് ഈ വിഷയം ചർച്ചയായിരിക്കുന്നത്.

പാകിസ്ഥാനി മുസ്ലിങ്ങളുടെ ഗ്യാങ്ങുകളാണ് ചെറിയ പെൺകുട്ടികളെ മയക്കമരുന്ന്നൽകിപീഡിപ്പിച്ചശേഷം വിൽപ്പന നടത്തുന്നത്. പെൺകുട്ടികളെകള്ളക്കടത്തുകാർക്ക്വിൽക്കുകവഴി വൻതുകയാണ് ഇവർ വാരിക്കൂട്ടുന്നത്.ഇംഗ്ലണ്ടിലെവിവിധഭാഗങ്ങളിൽബാലകപീഢനം വർധിച്ചുവരുന്ന സാഹചര്യത്തിലാണ് ഇതിന് പിന്നിൽ ഏഷ്യയിലെ സംഘങ്ങളാണെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി കെയ്ര് സ്റ്റാമർ വിശേഷിപ്പിച്ചത്. എന്നാൽ ഇത്തരം പീഢകരെ ഏഷ്യയിൽ വളരുന്ന സംഘങ്ങൾ എന്ന് വിളിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രിയ്ക്കെതിരെ സമൂഹമാധ്യമങ്ങളിൽ ഇന്ത്യക്കാർ പ്രതിഷേധം ശക്തമാക്കി. ബ്രിട്ടനിലെ കൊച്ചുകുട്ടികളെ ലൈംഗികമായി പീഡിപ്പിക്കുന്നവരെ ഏഷ്യക്കാർ എന്ന് സാമാന്യവൽക്കരിക്കുന്നത് ശരിയല്ലെന്നും ബാലപീഢകർ പാകിസ്ഥാൻകാരാണെന്നും ഇന്ത്യക്കാർ വസ്തുതകളുടെ അടിസ്ഥാനത്തിൽ വെളിപ്പെടുത്തിയിരുന്നു. ബ്രിട്ടനിൽ കൊച്ചുകുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നവരെ ഏഷ്യയിലെ ഗ്യാങ്ങെന്ന് വിളക്കരുതെന്നും അത് പാകിസ്ഥാനിലെ ഗ്യാങ്ങുകളാണെന്നുമുള്ള ഇന്ത്യക്കാരുടെ വാദത്തെ പിന്തുണച്ച് ഇലോൺ മസ്ക് രംഗത്തെത്തി. ലോകത്തിലെ അതിസമ്പന്നനായ ഇലോൺ മസ്കും പാകിസ്ഥാൻ ഗ്യാങ്ങുകളാണ് ഇംഗ്ലണ്ടിൽ കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നതെന്ന വാദം ഉയർത്തുന്ന വ്യക്തിയാണ്.

# കൃത്രിമ ഫുഡ് കളറിംഗ് റെഡ് നമ്പർ 3 യു.എസ് നിരോധിച്ചു; കാരണം ഇതാണ്

നിലവിൽ മിഠായി മുതൽ കോൾഡ് മെഡിസിൻ വരെയുള്ള നിരവധി ഉൽപ്പന്നങ്ങളിൽ ഉള്ള കൃത്രിമ ഫുഡ് കളറിംഗ് റെഡ് നമ്പർ 3 യുഎസ് ആരോഗ്യ ഉദ്യോഗസ്ഥർ നിരോധിച്ചതായി റിപ്പോർട്ട്. ഓൺലൈനിൽ പോസ്റ്റ് ചെയ്ത ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ രേഖ പ്രകാരം 2027 ജനുവരി 15 മുതൽ യുഎസിലെ ഭക്ഷണത്തിൽ ഈ ചായം അനുവദിക്കില്ല.

അതേസമയം കൃത്രിമ കളറിംഗ് ഉപയോഗിക്കുന്ന മയക്കുമരുന്ന് നിർമ്മാതാക്കൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പരിഷ്കരിക്കുന്നതിന് 2028 ജനുവരി 18 വരെ സമയമുണ്ടാകുമെന്ന് ഏജൻസി അറിയിച്ചു. ലാബ് എലികളിൽ ഡൈയുമായി ബന്ധപ്പെട്ട മുഴകൾ കണ്ടെത്തിയതിനെ തുടർന്ന് സൗന്ദര്യവർദ്ധക വസ്തുക്കളിൽ റെഡ് നമ്പർ 3 ഉപയോഗിക്കുന്നത് ഫുഡ് ആൻഡ് ഡ്രഗ് അഡ്മിനിസ്ട്രേഷൻ നിരോധിച്ചിരുന്നു. അമേരിക്കൻ ഡയറ്റുകളിൽ ഫുഡ് കളറിംഗിന്റെ ഉപയോഗം പിൻവലിക്കാൻ 2022ൽ കൺസ്യൂമർ, പേഷ്യന്റ് അഡ്വക്കസി ഗ്രൂപ്പുകൾ ഏജൻസിക്ക് അപേക്ഷ നൽകുകയും ചെയ്തിരുന്നു.

അതേസമയം എലികളിൽ ഉണ്ടാക്കുന്നതുപോലെ ഈ ചായം മനുഷ്യരിൽ ക്യാൻസറിന് കാരണമാകില്ലെന്ന് എഫ്ഡിഎ പറഞ്ഞു, എന്നാൽ ഡിലാനി ക്ലോസ് എന്നറിയപ്പെടുന്ന ഒരു വ്യവസ്ഥ പ്രകാരം, മനുഷ്യരിലോ മൃഗങ്ങളിലോ ക്യാൻസറിന് കാരണമാകുന്ന ഒന്നും യുഎസിൽ ഭക്ഷണത്തിൽ അനുവദനീയമല്ല.

## റീ...പോളിംഗ്




*പി.വി. അൻവർ ഒടുവിൽ തൃണമൂൽ കോൺഗ്രസിൽ ചേർന്നിരിക്കുന്നു...!*

# മാർക്ക് കുടുംബ സംഗമത്തിൽ ഡോ. സിമി ജെസ്റ്റോ മുഖ്യാതിഥി

ഷിക്കാഗോ: ജനുവരി 25 ശനിയാഴ്ച മോർട്ടൺഗ്രോവിലെ സെന്റ് മേരീസ് ക്നാനായ കാത്തലിക് പാരിഷ് ഹാളിൽ നടത്തപ്പെടുന്ന മലയാളി അസോസിയേഷൻ ഓഫ് റെസ്പിരേറ്ററി കെയറിന്റെ വാർഷിക കുടുംബ സംഗമത്തിൽ ഡോ. സിമി ജെസ്റ്റോ ജോസഫ് മുഖ്യാതിഥിയായി പങ്കെടുക്കും.



ഷിക്കാഗോയിലെ പ്രസിദ്ധമായ കുക്ക് കൗണ്ടി ഹെൽത്ത് സിസ്റ്റം നേഴ്സിംഗ് ഇന്നവേഷൻ & റിസേർച്ച് സെന്റർ സീനിയർ ഡയറക്ടറാണ് ഡോ. സിമി ജെസ്റ്റോ ജോസഫ്. ഡോക്ടർ ഓഫ് നേഴ്സിംഗ് പ്രാക്ടീസ്, അഡ്വാൻസ്ഡ് പ്രാക്ടീസ് നേഴ്സ്, ഫെലോ ഓഫ് നാഷണൽ അക്കാഡമിക്സ് ഓഫ് പ്രാക്ടീസ്, എ.എൻ.പി-സി, എൻ.ഇ.എ-ബി സി എന്നിങ്ങനെ നേഴ്സിംഗ് പ്രൊഫഷനിൽ ലഭ്യമായ ഒട്ടുമിക്ക ഉന്നത ബിരുദങ്ങളും ഡിസ്റ്റിംഗ്ഷനോടെ കരസ്ഥമാക്കിയിട്ടുള്ള സിമി ജെസ്റ്റോ ഔദ്യോഗിക രംഗത്തെന്നതു പോലെ നേഴ്സിംഗ് പ്രൊഫഷണൽ സംഘടനാ രംഗത്തും നേതൃത്വ പദവികൾ അലങ്കരിച്ചിട്ടുള്ളതാണ്.

നിലവിൽ പ്രസിഡന്റ് ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയി, നൈനാ എ.പി.ആ.എൻ അദ്ധ്യക്ഷ, ഷിക്കാഗോ ഗ്യാസ്ട്രോ എൻട്രോളജി നേഴ്സസ് & അസോസിയേറ്റ്സ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിയ്ക്കുന്നുണ്ട് ഡോ. സിമി ജെസ്റ്റോ. ഡിസ്ട്രിംഗ്ഷ്യൂഡ് ഫെലോ ഓഫ് നാഷണൽ അക്കാഡമിക്സ് ഓഫ് പ്രാക്ടീസ്, അമേരിക്കൻ അസോസിയേഷൻ ഓഫ് നേഴ്സ് പ്രാക്ടീഷണേഴ്സ് ക്ലിനിക്കൽ എക്സലൻസ് അവാർഡ്, അമേരിക്കൻ നേഴ്സസ് അസോസിയേഷൻ നേഴ്സ് ലീഡർ അവാർഡ് എന്നിങ്ങനെ ഒട്ടനവധി അംഗീകാരങ്ങളും ബഹുമതികളും കരസ്ഥമാക്കിയിട്ടുമുണ്ട് ഡോ. സിമി ജെസ്റ്റോ.

നേഴ്സിംഗ് പ്രൊഫഷനിലും സംഘടനാ രംഗത്തും എന്നതുപോലെ ഷിക്കാഗോ മലയാളി സമൂഹത്തിലെയും സജീവ സാന്നിധ്യമാണ് ഡോ. സിമി ജെസ്റ്റോ. ഒരു പതിറ്റാണ്ടായി ഏഷ്യാനെറ്റ് യു.എസ്.എയുടെ മുഖ്യ അവതാരകയായി സേവനം ചെയ്യുവാൻ കൂടി സമയം കണ്ടെത്തുന്ന സിമി, ഷിക്കാഗോ മലയാളി സമ്മേളനങ്ങളിലെ സജീവ സാന്നിധ്യം കൂടിയാണ്. മാർക്ക് തുടർ വിദ്യാഭ്യാസ സെമിനാറുകളിൽ നിരവധി തവണ സംസാരിച്ചിട്ടുള്ള സിമി ജെസ്റ്റോ മാർക്ക് അംഗങ്ങൾക്ക് സുപരിചിതയുമാണ്. അവരുടെ സാന്നിധ്യവും സന്ദേശവും മാർക്ക് കുടുംബസംഗമത്തിന് അലങ്കാരവും വിലമതിച്ചതുമാകുമെന്ന് സംഘാടകർ ഉറച്ച് വിശ്വസിയ്ക്കുന്നു.

*ടോം ജോസ്*

# ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് 2024 അവാർഡിനർഹനായ ജോയിച്ചൻ പുതുകുളം

ഡാളസ്: അമേരിക്കയിലെ മികച്ച മാധ്യമ പ്രവർത്തകനെ കണ്ടെത്തുന്നതിന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസിനു ലഭിച്ച നിരവധി നാമനിർദേശങ്ങളിൽ നിന്നും ഡോ. ഹരി നമ്പൂതിരി, ഡോ.സ്റ്റീവൻ പോട്ടൂർ, എബ്രഹാം മാത്യൂസ് (കൊച്ചുമോൻ), ലാലി ജോസഫ് എന്നിവർ ഉൾപ്പെടുന്ന നാലംഗ അവാർഡ് കമ്മിറ്റി തിരഞ്ഞെടുത്തത് ജോയിച്ചൻ പുതുകുളത്തെയാണ്.



അമേരിക്കയിൽ മലയാള മാധ്യമ രംഗത്തെ മുതിർന്ന മാധ്യമ പ്രവർത്തകൻ ജോയിച്ചൻ പുതുകുളം മൂന്നു ദശാബ്ദത്തോളം അമേരിക്കയിലെ മലയാള പത്രങ്ങളുടെ ജീവനാഡിയായി പ്രവർത്തിച്ച അദ്ദേഹം സമീപ കാലത്ത് സജീവ പ്രവർത്തനങ്ങളിൽ നിന്നും അല്പം പുറകോട്ടുപോയെങ്കിലും ആദ്യകാലത്തുണ്ടായിരുന്ന വീറും വാശിയും ഇന്നും അദ്ദേഹത്തിൽ പ്രകടമാണ്. ചങ്ങനാശേരിക്കടുത്ത് പുതുക്കുളത്ത് കുട്ടപ്പൻ മറിയാമ്മ ദമ്പതികളുടെ ഒമ്പതു മക്കളിൽ ആറാമനായാണ് ജോയിച്ചൻ ജനിച്ചത്. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം സിവിൽ എൻജിനീയറിംഗ് ഡിപ്ലോമ നേടിയ ശേഷം മൂത്ത ജ്യേഷ്ഠനും അറിയപ്പെടുന്ന മതസാമൂഹികസംഘടനാ പ്രവർത്തകനായ വക്കച്ചൻ പുതുക്കുളത്തിനോടും ഭാര്യ കത്രിക്കുട്ടിയോടുമൊപ്പം ഡൽഹിയിൽ എത്തി. ഒരു വ്യാഴവട്ടത്തോളം അവിടെ സ്വകാര്യ മേഖലയിൽ ജോലി ചെയ്തശേഷം നാട്ടിൽ മടങ്ങിവന്നു.

1980 മുതൽ 1993 വരെ പായിപ്പാട് പ്രീമിയർ വുഡ് ഇൻഡസ്ട്രീസ് പാർട്ണർ ആയിരുന്നു. ബിസിനസിനൊപ്പം പായിപ്പാട്ടേയും, ചങ്ങനാശേരിയിലേയും മിക്ക സാമൂഹികജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവമായി. പായിപ്പാട്ട് (നാലുകോടി) പള്ളി പാരീഷ് കൗൺസിൽ അംഗം, ട്രസ്റ്റി, വിവിധ അസോസിയേഷനുകളേയും, ക്ലബുകളേയും ഭാരവാഹി, പാടശേഖര കമ്മിറ്റി കൺവീനർ എന്നിവയ്ക്കു പുറമെ മതസൗഹാർദ്ദ വേദി, മദ്യവർജ്ജന പ്രസ്ഥാനം എന്നിവയിലും പ്രവർത്തിച്ചു. ഇന്ന് അവിടെ പ്രശസ്തമായി പ്രവർത്തിക്കുന്ന നാലുകോടി ക്ഷീരോത്പാദക സഹകരണ സംഘം സംഘാടക ഡയറക്ടർ, റബർ ഉത്പാദക സഹകരണസംഘം ഫൗണ്ടർ വൈസ് പ്രസിഡന്റ് തുടങ്ങിയ നിലകളിലും മഹത്തായ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

ഷിക്കാഗോയിൽ സീറോ മലബാർ ഇടവകയുമായി ബന്ധപ്പെട്ടായിരുന്നു ആദ്യകാല പ്രവർത്തനം. ഷിക്കാഗോ രൂപത നിലവിൽവന്നപ്പോൾ പാസ്റ്ററൽ കൗൺസിൽ അംഗമായി. രൂപതയുടെ പബ്ലിസിറ്റി ചുമതല ജോയിച്ചനാണ്. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി വഴിയും ഇല്ലിനോയിയിലെ മലയാളി അസോസിയേഷൻ മുഖേനയും ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

അതോടൊപ്പം തന്നെ വിദൂര സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന മലയാളികളുടെ ആഘോഷങ്ങളെപ്പറ്റിയും നേട്ടങ്ങളെപ്പറ്റിയുമൊക്കെ പത്രമാധ്യമങ്ങളിൽ എഴുതാനും ആരംഭിച്ചു. അമേരിക്കയിലെ പത്രങ്ങൾക്ക് പുറമെ കേരളത്തിലെ പ്രമുഖ വാർത്താ മാധ്യമങ്ങൾക്കുവേണ്ടി എഴുതിത്തുടങ്ങി. ടി.വി ചാനലുകൾക്കുവേണ്ടിയും വാർത്തകൾ ശേഖരിച്ചു നൽകി.

ജോയിച്ചന് വാർത്തയും ഫോട്ടോയും കൊടുത്താൽ അത് എല്ലാ മാധ്യമങ്ങളിലും വരുമെന്നത് ഉറപ്പാണെന്നും എതിരഭിപ്രായമുള്ളവരുമുണ്ട്. എന്നാൽ എല്ലാ മാധ്യമങ്ങൾക്കും ഒരുമിച്ച് ഒരേസമയത്താണ് വാർത്തകൾ അയയ്ക്കുന്നതെന്നും അത് വേണ്ടരീതിയിൽ ഉപയോഗപ്പെടുത്തുകയാണ് വേണ്ടെതെന്നും ജോയിച്ചൻ ചൂണ്ടിക്കാട്ടുന്നു. എന്തായാലും തന്റെ പ്രവർത്തനങ്ങൾ ആർക്കും എതിരല്ലെന്ന് ജോയിച്ചൻ വ്യക്തമാക്കുന്നു.

ഭാര്യ: ഓമന. നാലു മക്കളും, മരുമക്കളും, കൊച്ചുമക്കളും അടങ്ങുന്നതാണ് ജോയിച്ചന്റെ കുടുംബം. ജോയിച്ചനും ഭാര്യയും ഇപ്പോൾ ജോലി ചെയ്യുന്നില്ല. മകൻ ബെന്നിച്ചനും, ഭാര്യ സോഫിമോളും, ചെറുമകൻ ആൽവിനും കൂടെ താമസിക്കുന്നു. മറ്റു മൂന്നുമക്കൾ അടുത്തുതന്നെ കുടുംബമായി കഴിയുന്നു. മൂത്ത സഹോദരൻ വക്കച്ചനും ഭാര്യ കത്രിക്കുട്ടിയും പൊതുപ്രവർത്തകരാണ്. രണ്ടു സഹോദരിമാർ ഒഴിച്ച് ബാക്കിയെല്ലാ സഹോദരരും അമേരിക്കയിലാണ്.

കേരളത്തിൽ നിന്നും ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന പ്രമുഖ മലയാളപത്രങ്ങളിൽ പ്രവാസി പേജ് തുടങ്ങുന്നതിന് ജോയിച്ചനാണ് പ്രചോദനം നൽകിയത്. അമേരിക്കയിൽ നിരവധിപേരെ മാധ്യമരംഗത്തേക്ക് കൈപിടിച്ചുയരുന്നതിന് ജോയിച്ചന്റെ പങ്ക് വിസ്മരിക്കാവുന്നതല്ല.

മലയാള മാധ്യമരംഗത്തിന് ജോയിച്ചന് ചെയ്ത സംഭാവനകൾക്ക് ഇന്ത്യാ പ്രസ് ക്ലബിന്റെ ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. ഇങ്ങനെയൊരു അവാർഡ് ലഭിച്ചതിന് ഈശോമിശിഹായ്ക്ക് നന്ദി കരേറ്റുന്നതായി ജോയിച്ചൻ പറഞ്ഞു. ഇതുവരെ തന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിയ എല്ലാവരോടും നന്ദി അറിയിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഗുരുതുല്യനായി ആദരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന ജോയിച്ചന് ഇന്ത്യാ പ്രസ് ക്ലബ് ഓഫ് നോർത്ത് ടെക്സസ് അവാർഡ് നൽകി ആദരിക്കാൻ തീരുമാനിച്ചത് അദ്ദേഹത്തിന് നൽകിയ അർഹമായ അംഗീകാരമാണ്.





# കർദ്ദിനാൾ കൂവക്കാടിനും ആർച്ച് ബിഷപ്പ് തറയിലിനും അഭിനന്ദനം

ഷിക്കാഗോ: എസ്ബി കോളേജിന്റെ പൂർവ വിദ്യാർഥികളായ കർദ്ദിനാൾ മാർ ജോർജ്ജ് കൂവക്കാട്ടിൽ പിതാവിനും ചങ്ങനാശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി സ്ഥാനമേറ്റ അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനും എസ്ബി ആൻഡ് അസംപ്ഷൻ കോളേജ് അലുമ്നി അസോസിയേഷൻ ഷിക്കാഗോ ചാപ്റ്റർ പൊതുയോഗം ഊഷ്മളമായ അഭിനന്ദനങ്ങൾ അർപ്പിച്ചു.

2024 ഡിസംബർ 28 ശനിയാഴ്ച ഉച്ചക്ക് ഡിസ്പ്ലെൻസിലുള്ള കോർട്ട്ലാൻഡ് സ്ക്വയറിൽ വച്ച് നടന്ന സമ്മേളനത്തിൽ ഡോ. മനോജ് നേര്യംപറമ്പിൽ അധ്യക്ഷത വഹിച്ചു. എസ്ബി കോളേജിലെ കലാലയ വിദ്യാഭ്യാസകാലം മുതൽ അഭിവന്ദ്യ പിതാക്കന്മാർ തെളിയിച്ച മികവാർന്ന പ്രവർത്തനശൈലിക്ക് ലഭിച്ച അംഗീകാരമാണ് ഈ ഉന്നത പദവികൾ.

അസോസിയോഷൻ മുൻ പ്രസിഡന്റ് ഷിബു അഗസ്റ്റിൻ അവതരിപ്പിച്ച ആശംസാ പ്രമേയം സദസ്സ് കരഘോഷത്തോടെ സ്വീകരിച്ചു. കോളേജ് പഠനകാലത്തു കാത്തലിക് സ്റ്റുഡന്റസ് മൂവ്മെന്റിൽ സജീവമായി പ്രവർത്തിച്ചുകൊണ്ട് ഇരുവരും പുലർത്തിയിരുന്ന വിനയവും സാമർഥ്യവും സഭാസ്നേഹവും ശ്രദ്ധേയമായിരുന്നതായി സമ്മേളനത്തിൽ പങ്കെടുത്ത ഷിക്കാഗോയിലെ പൂർവ വിദ്യാർഥികൾ അനുസ്മരിച്ചു.

പൂർവ്വ വിദ്യാർഥികളായ അഭിവന്ദ്യ കർദ്ദിനാൾ ഐസക് മാർ ക്ലിമീസ് ബാവക്കും കർദ്ദിനാൾ മാർ ആലഞ്ചേരി പിതാവിനുമൊപ്പം മാർ കൂവക്കാട്ടിനു കർദ്ദിനാൾ പദവി ലഭിക്കുക വഴി മൂന്ന് കർദ്ദിനാൾമാർക്ക് വൈജ്ഞാനിക ജൻമം നൽകി. എസ്ബി കോളേജ് മാതൃകാ വിദ്യാലയമായിരിക്കുകയാണ്. ഇത് അപൂർവ്വവും എല്ലാ വിദ്യാർഥികൾക്കും അഭിമാനകാരവും ആഹ്ലാദകരമായ നിമിഷങ്ങളാണ് നൽകുന്നതെന്നും അസോസിയേഷന്റെ പ്രമേയത്തിൽ പറഞ്ഞു.

എക്സിക്യൂട്ടിവ് അംഗങ്ങളായ പ്രൊഫ. ജെയിംസ് ഓലിക്കര, കാർമൽ തോമസ്, ബോബൻ കളത്തിൽ, ജിജി മാടപ്പാട്, ഷിജി ചിറയിൽ, ബിജി കൊല്ലാപുരം, സെബാസ്റ്റ്യൻ വാഴേപറമ്പിൽ, അമ്പിളി ജോർജ്ജ്, ഷാജി കൈലാത്ത്, ജോൺ നടക്കപ്പാടം, ജോസഫ് കാളാശ്ശേരി, മനീഷ് തോപ്പിൽ, സണ്ണി വള്ളിക്കളം എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി. സെക്രട്ടറി തോമസ് ഡിക്രൂസ് നന്ദി പറഞ്ഞു



അമേരിക്ക വാചകം

# ഷിക്കാഗോ മലയാളി സമൂഹം പ്രസിഡന്റ് ട്രംപിന്റെ സത്യപ്രതിജ്ഞയോടനുബന്ധിച്ച് പൊതുസമ്മേളനം നടത്തുന്നു



ഷിക്കാഗോ: ജനുവരി 20ന് അമേരിക്കയുടെ 47-ാമത്തെ പ്രസിഡന്റ് സത്യപ്രതിജ്ഞ ചെയ്ത് രണ്ടാമത്തെ പ്രാവശ്യം അധികാരമേറ്റെടുക്കുന്ന ട്രംപിനോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ഇദംപ്രദമമായി ഷിക്കാഗോ മലയാളികൾ അന്നേദിവസം വൈകുന്നേരം 6.30ന് മോർട്ടൻ ഗ്രോവിലുള്ള സെന്റ് മേരീസ് ക്നാനായ ഹാളിൽ വച്ച് ഡിന്നറോടു കൂടി യോഗം ചേരുന്നതാണ്.

ഇന്നുവരെ അമേരിക്ക കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സുശക്തമായ രീതിയിൽ ഭരണസ്ഥിരത ഉറപ്പുവരുത്തുന്ന രീതിയിലുള്ള ഭരണസംവിധാനം കാഴ്ചവയ്ക്കുന്നതിന് ട്രംപ് മുന്നോട്ടു വന്നിരിക്കുന്നത്. അതിന് ഏറ്റവും കഴിവുറ്റ വിവേക് രാമസ്വാമിയും പ്രമുഖ ബിസിനസുകാരനായ ഇലോൺ മസ്കും അതിനു തെളിവാണ്. നമ്മുടെ രാജ്യം ബിസിനസ് മേഖലയിൽ ബഹുമുഖം മുന്നോട്ടു നീങ്ങുന്നതോടൊപ്പം രാജ്യത്തിന്റെ അതിർവരുമ്പുകൾ കാത്തുസൂക്ഷിക്കുന്ന കാര്യത്തിലും മറ്റാരേക്കാളും ശക്തമായി മുന്നോട്ടു നയിക്കുംഎന്ന കാര്യത്തിലും ആർക്കും യാതൊരു സംശയവുമില്ല. ട്രംപിന്റെ കരങ്ങൾക്ക് ശക്തിപകരുന്നതിന്റെ ഭാഗമായിട്ടാണ് ഷിക്കാഗോ മലയാളികൾ സജീവമായി മുന്നോട്ടുവരികയും ഇങ്ങനെ ഒരുപൊതു സമ്മേളനം നടത്തുന്നതിനായിട്ട് ആഗ്രഹം പ്രകടിപ്പിക്കുന്നതും.

ജനുവരി 20ന് വൈകുന്നേരം 6.30ന് സെന്റ് മേരീസ് ക്നാനായ ഹാൾ, 7800 Lyons, St. Morton Grove വച്ച് നടക്കുന്ന പൊതുസമ്മേളനം ഷിക്കാഗോയിലെ പ്രമുഖ റേഡിയോളജിസ്റ്റായ ഡോ. ബിനു ഫിലിപ്പ് ഉദ്ഘാടനം ചെയ്യുന്നതും അമേരിക്കയിലെ ഡിഫൻസ് ബിസിനസ് കോൺട്രാക്ടർ ഷിക്കാഗോ ലൂയി, അൽകോഫണ്ടിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഗ്ലോബൽ ബിസിനസ് ലീഡറുമായ ജോർജ് മോളക്കൽ, അമേരിക്കൻ ഡിഫൻസിൽ റിസേർച്ച് & ഡവലപ്പുമെന്റ് വിഭാഗത്തിലെ സീനിയർ പ്രോജക്ട് മാനേജരായ സോളി കുര്യൻ എന്നിവർ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിക്കുന്നതാണ്. പ്രസ്തുത പരിപാടിയുടെ കോർഡിനേറ്റർമാരായി മോനു വർഗീസ് (847-946-4749), ജോൺ പാട്ടപതി (847-312-7151), പീറ്റർ കുളങ്ങര, ടോമി ഇടത്തിൽ, ലെജി പട്ടരുമഠത്തിൽ, മനോജ് അച്ചേട്ട്, ഡോ. സിബിൾ ഫിലിപ്പ്, ശ്രീജയ നഷാന്ദ്, മോനി വർഗീസ്, കാൽവിൻ കവലയ്ക്കൽ, ജോഷി വള്ളിക്കളം (312-685-6749) എന്നിവരാണ്. എല്ലാവരെയും പരിപാടിയിലേക്ക് സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

*ജോഷി വള്ളിക്കളം*



# ചെറുപുഷ്പ മിഷൻ ലീഗ് ബൈബിൾ റീഡിങ് ചലഞ്ച് ലക്കി ഡ്രോ നടത്തപ്പെട്ടു

ഷിക്കാഗോ: ചെറുപുഷ്പ മിഷൻ ലീഗ് സംഘടനയുടെ ആഭിമുഖ്യത്തിൽ രൂപത അടിസ്ഥാനത്തിൽ കഴിഞ്ഞ നവംബറിൽ തുടക്കം കുറിച്ച ബൈബിൾ റീഡിങ് ചലഞ്ചിന്റെ ഭാഗമായി ഷിക്കാഗോ സെൻമേരിസ് ക്നാനായ ദേവാലയത്തിൽ ഹൗരസ്യ റൂമം നടത്തപ്പെട്ടു. ഈ സംരംഭത്തിൽ പങ്കുചേർന്നുകൊണ്ടിരിക്കുന്ന കുട്ടികളെ കൂടുതൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് ജനുവരി 12ന് 11:40 നുള്ള കുട്ടികളുടെ വിശുദ്ധ കുർബാനയ്ക്ക് ശേഷം നറുക്കെടുപ്പ് നടത്തപ്പെട്ടത്.

സെൻമേരിസ്മതബോധനസ്കൂളിൽനിന്നും69 ഓളം കുട്ടികളാണ് ഈ പ്രോഗ്രാമിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. കഴിഞ്ഞ നവംബർ മാസത്തിലും ഡിസംബർ മാസത്തിലും വളരെ കൃത്യതയോടുകൂടി ബൈബിൾ പാരായണം പൂർത്തീകരിച്ച കുട്ടികളിൽ നിന്നുമാണ് നറുക്കെടുപ്പ് നടത്തിയത്. ജാഷ് തോട്ടുങ്കൽ, അലക്സാ കരികുളം, ജന എടക്കര എന്നിവരാണ് നറുക്കെടുപ്പിലൂടെ വിജയികളായത്.

മാതാപിതാക്കളുടെയും മത അധ്യാപകരുടെയും മേൽനോട്ടത്തിൽ ഓരോ ദിവസവും പുതിയ നിയമത്തിലെഓരോഅധ്യായങ്ങൾവായിച്ച്മാസാവസാനം കുട്ടികൾ അവരവരുടെ മത അധ്യാപകരെ ഏൽപ്പിക്കുന്ന രീതിയിൽ ഒരു റീഡിങ് ലോഗ് ഇതിനായി പ്രത്യേകം സജ്ജമാക്കിയിട്ടുണ്ട്.

റീഡിങ് ലോഗിൽ രേഖപ്പെടുത്തിയിരിക്കുന്നത് പോലെ ഓരോ ദിവസവും അതാത് ബൈബിൾ ഭാഗങ്ങൾ വായിച്ച് ആറുമാസം കൊണ്ട് ബൈബിൾ പാരായണം പൂർത്തീകരിക്കുന്ന എല്ലാ കുട്ടികൾക്കും ഇടവക തലത്തിലും രൂപതാ തലത്തിലും അനുമോദന സർട്ടിഫിക്കറ്റുകളും വളരെ ആകർഷികമായ സമ്മാനങ്ങളും ഇതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്.

ദൈവത്തെക്കുറിച്ചുള്ള ആഴത്തിലുള്ള അറിവും, ദൈവം ആഗ്രഹിക്കുന്ന ഒരു ജീവിതം എങ്ങനെ ജീവിക്കണം എന്നതിനെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശവും ബൈബിൾ പാരായണത്തിലൂടെ കുട്ടികളിൽ ജനിപ്പിച്ചെടുക്കുക എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബൈബിൾ റീഡിങ് ചലഞ്ച് മതബോധന സ്കൂളിൽ ആരംഭിച്ചിരിക്കുന്നത്. നാലു മുതൽ 10 വരെയുള്ള ക്ലാസുകളിലെ കുട്ടികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

സെൻമേരിസ് മിഷൻ ലീഗ് യൂണിറ്റ് പ്രസിഡന്റ് അശ്രിയൽ വാളത്താട്ട് ജോയിൻ ട്രഷറർ ഡാനി വാളത്താട്ട് എന്നിവർ നറുക്കെടുപ്പ് കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഇടവക വികാരി ഫാദർ സിജു മുടക്കോടിയിൽ അസിസ്റ്റന്റ് വികാരി ഫാദർ വിപിൻ കണ്ടോത്ത് എന്നിവർ വിജയികളെ പ്രത്യേകം അനുമോദിക്കുകയും അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

മതബോധന സ്കൂൾ അസിസ്റ്റന്റ് ഡയറക്ടർ മനീഷ് കൈമൂലയിൽ, മിഷൻ ലീഗ് യൂണിറ്റ് ഡയറക്ടർ ജോജോ ആനാലിൽ എന്നിവർ പരിപാടികൾക്ക് വേണ്ടുന്ന ക്രമീകരണങ്ങൾ നടത്തി.

# ഫോമ വൈസ് പ്രസിഡന്റ് ഷാലു പുന്നൂസ് ഇനി മുതൽ സിനിമാനടൻ




ശുക്രൻ എന്ന സിനിമയിലാണ് തമിഴ്നാട് കമ്പനി മുതലാളിയായി ഷാലുവിന് വേഷം ഇടാൻ അവസരം ലഭിച്ചത്. തന്റെ വളരെക്കാലമായുള്ള ഒരാഗ്രഹമായിരുന്നു സിനിമയിൽ അഭിനയിക്കുക എന്നുള്ളത്, ഈ ആഗ്രഹം സാധിച്ചതിൽ താൻ വളരെയധികം സന്തോഷവാനാണ് എന്ന് ശാലു പുന്നൂസ് പറഞ്ഞു.

നേരത്തെ ഫോമായുടെ ഏറ്റവും പ്രായം കുറഞ്ഞ വൈസ് പ്രസിഡന്റായി ഷാലു വിജയിച്ചിരുന്നു. എല്ലാം ദൈവാനുഗ്രഹം മാത്രം എന്നാണ് അദ്ദേഹം പറയുന്നത്. അമേരിക്കൻ മലയാളിയായ ജിമോൻ ജോർജ് ആണ് ഷാലു പുന്നൂസിന് ഈ അവസരം ഒരുക്കി കൊടുത്തത്.

ഷാലുസ് വളരെ ഭംഗിയായി അഭിനയിക്കുകയും ഇനിയും നിരവധി അവസരങ്ങൾ ശാലുവിനെ വരട്ടെ എന്നും ജീമോൻ പറയുകയുണ്ടായി. തനിക്ക് അവസരം ഒരുക്കി കൊടുത്ത ജീമോൻ ജോർജിനും രാഹുൽ കല്യാണിനും ശുക്രൻ സിനിമയിലെ എല്ലാ അണിയറ പ്രവർത്തകർക്കും ശാലു നന്ദി അറിയിച്ചു.




കഥയില്ലായ്മകൾ

# വെട്ടൊന്ന് തുണ്ടം രണ്ട്

**ഇന്നിപ്പോൾ കൊലയില്ലാതെ ഒരു കച്ചവടവും നടക്കില്ലെന്നായി..!. എല്ലാ പാർട്ടികൾക്കും കൊല വേണം. ഒരു പുതിയ പാർട്ടി രജിസ്റ്റർ ചെയ്യുക എന്നാൽ കൊലകൾ കൊണ്ടുവേണം തുടങ്ങാൻ. അല്ലെങ്കിൽ അതിനെ ആരും ഗൗരവത്തിൽ എടുക്കാൻ പോകുന്നില്ല.**



സി. രാധാകൃഷ്ണൻ

ഇപ്പോൾ ജനനവും മരണവും ഒക്കെ ആശുപത്രിയിൽ ആണല്ലോ. എനിക്കൊരു പത്തു നാല്പതു വയസ്സാവോളം അങ്ങനെ ആയിരുന്നില്ല. രണ്ടും വീടുകളിൽ ആയിരുന്നു.

പഴയ തറവാടുകളിൽ ഒരുപാട് മുറികൾ കാണും. അതിൽ ഒരു മുറി പ്രസവമുറി ആയിരിക്കും. ഒരു മുറി മരണമുറിയും. ആദ്യത്തേതിൽ ആരെങ്കിലും എപ്പോഴും പെറ്റു കിടക്കുന്നുണ്ടാവും. 41 ദിവസമാണ് പ്രസവശുശ്രൂഷ. ആ മുറിയിൽ പേറ്റു മരുന്നുകളുടെയും ഉള്ളിച്ചോറിന്റെയും മണമാണ്. മരണമുറിയിൽ ഒരു മുത്തശ്ശനോ മുത്തശ്ശിയോ കിടപ്പുണ്ടാവും. കഷായത്തിന്റെയും കുഴമ്പിന്റെയും മണമായിരിക്കും ആ മുറിയിൽ.

പ്രസവിപ്പിക്കാൻ വരുന്നത് വയറ്റാട്ടി. കുഞ്ഞ് എത്ര വലുതായാലും അമ്മയെക്കാൾ അവകാശം പറഞ്ഞ് അവർ വരും. മരണമുറയിൽ മിക്കവാറും ഇരുട്ടായിരിക്കും. വല്ലപ്പോഴും ആരെങ്കിലും കയറി ചെല്ലും. പുറമേക്കാര് ആണെങ്കിൽ കൂടെ വീട്ടുകാരും ചെല്ലും. കിടക്കുന്ന ആൾക്ക് ആവശ്യമുണ്ടെങ്കിൽ ഉറക്കെ വിളിക്കും. ആദ്യം വിളി കേൾക്കുന്ന ആൾ ചെല്ലും.

പക്ഷേ ആൾ മരിക്കാറാവുമ്പോഴാണ് വലിയ ബഹളം. വയറ്റാട്ടി പ്രസവിപ്പിക്കാൻ വരുന്നതുപോലെ മരിപ്പിക്കാൻ മറ്റൊരാൾ വരും. ഒരു മരണ വിദഗ്ധൻ. ശ്വാസഗതി നോക്കി കണ്ണിന്റെ ഭാവം നോക്കി അദ്ദേഹം വിധിക്കും എത്ര മണിക്കൂറിനകം മരിക്കും എന്ന്. അതിനകം മരിച്ചില്ലെങ്കിൽ മരിപ്പിക്കും. അല്പസ്വല്പം 'കൈക്രിയ' വരെ നടത്തും.

അതുവരെ രാമായണം വായിക്കണം. വെള്ളം തൊട്ടു കൊടുക്കണം. അടക്കിപ്പിടിച്ച് ആരെങ്കിലും കരയണം.

മരിച്ചാൽ സമാധാനമായി! മരിക്കുവോളം മരിപ്പിക്കൽ വിദഗ്ധൻ പരേതന്റെ അരികിലിരുന്ന് താൻ മറ്റു പലരെയും മരിപ്പിച്ച വീരകഥകൾ പറയും.

വയറ്റാട്ടിക്ക് പ്രതിഫലം ഉണ്ട്. മരിപ്പിക്കൽവിദഗ്ധന് ഇല്ല. ഒരാളെ കൂടി കാലപുരിക്ക് അയച്ചു എന്ന സന്തോഷമാണ് അദ്ദേഹത്തിന്റെ പ്രതിഫലം!




കാലന്മാർ എന്നാണ് ഇവരെ വിളിക്കാറ്. അവരുടെ മുഖത്ത് കാലഭാവം കാണാം. വലിയ നേതാക്കന്മാർ മരിക്കുമ്പോൾ ചുറ്റും നിൽക്കുന്നവരുടെ മുഖങ്ങൾ നോക്കിയിട്ടുണ്ടോ? പഴയ കാലന്മാരെ കണ്ട ഓർമ്മയുണ്ട് നിങ്ങൾക്കെങ്കിൽ അവരെ ഇവരിൽ കാണാം!

ഒരു വലിയ ഒഴിവ്. അതിനു വേണ്ടിയല്ലേ ഇത്രയും കാത്തിരുന്നത്. അതു വന്നു എന്ന സന്തോഷം എങ്ങിനെ അടക്കും! ഈ കട്ടിലു കണ്ടു പനിക്കേണ്ട എന്നൊരു ചൊല്ലുണ്ടായത് അങ്ങനെയാണ്. ഞാനിപ്പോൾ ഒന്നും പോവില്ല എന്ന് മരണാർത്ഥി പ്രഖ്യാപിക്കുന്നു!

ഇപ്പോൾ പുതിയ ഒരു കൂട്ടർ ഉണ്ടായിരിക്കുന്നു എന്ന് പറയാനാണ് ഇത്രയൊക്കെ എഴുതിയത്. അവർ മരിപ്പിക്കുന്നവരാണ്. പണം വാങ്ങി കൊല നടത്തുന്നവർ. ആയിരങ്ങൾ മുതൽ കോടികൾ വരെ റേറ്റ് ഉണ്ട്.

ഇതൊരു വൻ വ്യവസായമാണ്. കൊല്ലുന്നവർ, അവരുടെ ഏജന്റുമാർ, കൊല്ലുന്നവരുടെ കഴിവുകൾ രഹസ്യമായി പരസ്യപ്പെടുത്തുന്നവർ, കൊല്ലുന്നവർക്കായി കത്തി വാൾ തുടങ്ങിയവ പണിയുന്നവർ, കൊലയാളികൾക്ക് പോകാൻ മാത്രമായി വാഹനങ്ങൾ ഓടിക്കുന്ന ട്രാവൽ ഏജൻസികൾ, അവർക്കുവേണ്ടി കേസു വാദിക്കുന്ന വക്കീൽമാർ, അവർക്ക് പരിക്കുപറ്റിയാൽ രഹസ്യമായി ചികിത്സിക്കുന്ന ആസ്പത്രികൾ, ഡോക്ടർമാർ, അവർക്ക് കിട്ടുന്ന പണംകൊണ്ട് പ്രൈവറ്റ് ബാങ്ക് നടത്തുന്നവർ, അഥവാ ജയിലിൽ പോയാൽ അവർക്കുവേണ്ടി രഹസ്യമായി എല്ലാം കടത്തിക്കൊണ്ട് ചെല്ലുന്നവർ....

ഏറ്റവും വരുമാനം ഉള്ള വ്യവസായം ഇതാണ് എന്ന് പറഞ്ഞു കേൾക്കുന്നു. മുതൽമുടക്ക് ഒന്നുമില്ല. ട്രെയിനിങ് വേണ്ട. യൂണിഫോം ആവശ്യമില്ല. ആദ്യത്തെ ഒരു കൊലയിൽ പങ്കാളിയാകും വരെയേ പ്രയാസമുള്ളൂ.

സർവീസ് പരീക്ഷകൾ, പൊല്ലാപ്പുപിടിച്ച എൻട്രൻസുകൾ, എന്തിനേറെ, ഒരു അധോധലഗുമസ്തന്റെ ജോലി കിട്ടാൻ കൊടുക്കേണ്ട കൈക്കൂലിയുടെയും എഴുതേണ്ട പരീക്ഷകളുടെയും പട്ടിക ഒന്നും ഇവിടെ ഇല്ല. ചത്തും കൊന്നും അടക്കി എന്നാണ് ആപ്തവാക്യം. ഇത് പണ്ട് ചേരമാൻ പെരുമാൾ ആദ്യത്തെ സാമൂതിരിപ്പാടിന് കൊടുത്ത ഉപദേശമാണ് എന്ന് കേൾക്കുന്നു. ജീവിച്ചും ജീവനെ സംരക്ഷിച്ചും പുലർന്നു കൊള്ളുക എന്ന് പറഞ്ഞവരൊക്കെ ചൊറിയും കുത്തി ഇരിപ്പുണ്ട്. ഗാന്ധിജി മുതൽ ബുദ്ധദേവൻ വരെ. പക്ഷേ അവരൊന്നും ഒരു തൊഴലും വാഗ്ദാനം നൽകുന്നില്ല!

ഇപ്പോൾ കൊലയില്ലാതെ ഒരു കച്ചവടവും ഇല്ലല്ലോ. എല്ലാ പാർട്ടികൾക്കും കൊല വേണം. ഒരു പുതിയ പാർട്ടി രജിസ്റ്റർ ചെയ്യുക എന്നാൽ കൊലകൾ കൊണ്ടുവേണം തുടങ്ങാൻ. അല്ലെങ്കിൽ അതിനെ ആരും ഗൗരവത്തിൽ എടുക്കില്ല.

സ്കൂളിൽ പോകുന്ന കാലത്ത് തന്നെ കൊല പഠിക്കാൻ നമുക്കിപ്പോൾ സംവിധാനം ഉണ്ട്. ആദ്യപാഠം ഇങ്ങനെയാണ്: ഒന്നു ചെരിഞ്ഞാലേ മറ്റൊന്നിന് വളമാകൂ. മായമോ മറിമായമോ ഒന്നും പാടില്ല. വെട്ടൊന്ന് തുണ്ടം രണ്ട്.

## നോർത്ത് അമേരിക്ക മാർത്തോമ ഭദ്രാസന സീനിയർ സിറ്റിസൺ ഫെല്ലോഷിപ് സമ്മേളനം സംഘടിപ്പിച്ചു



ന്യൂയോർക്ക് : മാർത്തോമ ചർച്ച് ഡയോസിസ് ഓഫ് നോർത്ത് അമേരിക്ക സീനിയർ സിറ്റിസൺ ഫെല്ലോഷിപ് കൂട്ടായ്മയോഗം ഡിസംബർ 13 തിങ്കളാഴ്ച വൈകീട്ട് 8 മണിക് (EST) സൂം വഴി സംഘടിപ്പിച്ചു.

സീനിയർ സിറ്റിസൺ ഫെലോഷിപ് വൈസ് പ്രസിഡന്റ് റവ. മാത്യു വർഗീസ് ആമുഖപ്രസംഗം നടത്തി. ഓസ്റ്റിൻ മാർത്തോമ ചർച്ച് വികാരി ഡെന്നിസ് അച്ചൻ പ്രാരംഭ പ്രാർത്ഥന നടത്തി. ഗ്രേറ്റ് സിയാറ്റിൽ മാർത്തോമാ ചർച്ചിൽ നിന്നുള്ള ജൂഡി സണ്ണി ഗാനമാലപിച്ചു. സീനിയർ സിറ്റിസൺ ഫെലോഷിപ് സെക്രട്ടറി ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമാ ചർച്ചിൽ നിന്നുള്ള സെക്രട്ടറി ഈശോ മാളിയേക്കൽ സ്വാഗതമാശംസിച്ചു. ഫീനിക്സിൽ നിന്നുള്ള സൈമൺ തോമസ് യോഹന്നാൻ നിശ്ചയിക്കപ്പെട്ട പാഠഭാഗം യോഹന്നാൻ രണ്ടിന്റെ ഒന്നു മുതൽ 15 വരെയുള്ള വാക്യങ്ങൾ വായിച്ചു.

തുടർന്ന് റിട്ടയേർഡ് വികാരി ജനറൽ റവ. ഷാം പി. തോമസ് ബാംഗ്ലൂരിൽ നിന്നും വചനശുശ്രൂഷ നിർവ്വഹിച്ചു. കാനാവിലെ കല്യാണ വീട്ടിൽ വീഞ്ഞ് പോരാതെ വന്നപ്പോൾ ആ ഭവനത്തിൽ ഉണ്ടായ വ്യത്യസ്ത അനുഭവങ്ങളെ കുറിച്ച് അച്ചൻ സവിസ്തരം പ്രതിപാദിച്ചു. രുചിയും ഗുണവും മണവും ഇല്ലാത്ത വെള്ളത്തെ നിറമുള്ള, രുചിയുള്ള, ഗുണമുള്ള വീഞ്ഞാക്കിമാറ്റാൻ കഴിവുള്ള കർത്താവിന്റെ സാന്നിധ്യം അനുഭവിച്ചറിയുവാൻ അവിടെ കൂടിയിരുന്നവർക്ക് കഴിഞ്ഞതായി അച്ചൻ ചൂണ്ടിക്കാട്ടി. പ്രതീക്ഷിക്കാത്ത സന്ദർഭങ്ങളിൽ പ്രതിസന്ധികൾ അഭിമുഖികരിക്കേണ്ടി വരുമ്പോൾ എന്തുചെയ്യണമെന്നറിയാതെ വഴി മറന്നുപോകുന്നവർ, വഴിമാറി നിന്നയാളുകൾ, വഴിഒരുക്കിനിന്നയാളുകൾ, വഴിവെട്ടുന്നയാളുകൾ, വിസ്മയമായി വഴി ഒരുക്കുന്നവർ എന്നീ അഞ്ചു വിഭാഗമാളുകളെ കാണാൻ കഴിയുമെന്നും അച്ചൻ ചൂണ്ടിക്കാട്ടി.

തുടർന്ന് എല്ലാവർക്കും പുതുവത്സരാശംസകൾ നേർന്നുകൊണ്ട് അച്ചൻ തന്റെ പ്രസംഗം ഉപസംഹരിച്ചു. തുടർന്ന് മധ്യസ്ഥപ്രാർത്ഥനക്ക് സിയാറ്റിൽ നിന്നുള്ള ഗീത ചെറിയാൻ, ഫാർമേഴ്സ് ബ്രാഞ്ച് മാർത്തോമാ ചർച്ചിൽ നിന്നുള്ള ബാബു സി. മാത്യു, ലോസ് ആഞ്ജലസിൽ നിന്നുള്ള ഉമ്മൻ ഈശോ സാം എന്നിവർ നേതൃത്വം നൽകി.

നോർത്ത് അമേരിക്ക മാർത്തോമ ഭദ്രാസനത്തിന് കീഴിലുള്ള എല്ലാ ഇടവകകളിൽ നിന്നുള്ള സീനിയർ സിറ്റിസൺ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തതായി ട്രസ്റ്റി സിബി സൈമൺ അറിയിച്ചു. തുടർന്ന് പങ്കെടുത്ത എല്ലാവർക്കും നന്ദി അറിയിച്ചു. ഭദ്രാസന വെസ്റ്റ് റീജിയൻ സീനിയർ സിറ്റിസൺ ഫെല്ലോഷിപ്പാണ് മീറ്റിംഗിന് ആതിഥേയത്വം വഹിച്ചു. സിബി സൈമൺ അച്ചന്റെ പ്രാർത്ഥനക്കും, ടി.കെ. ജോൺ അച്ചന്റെ ആശീർവാദത്തിനും ശേഷം യോഗം സമാപിച്ചു.




# ചരിത്ര നേട്ടം കുറിച്ചു ലീഗ് സിറ്റി മലയാളി സമാജം



ലീഗ് സിറ്റി (ടെക്സസ്): മലയാളി സമാജം ഓഫ് ലീഗ് സിറ്റിയുടെ ഈ വർഷത്തെ ക്രിസ്തുമസ് ന്യൂ ഇയർ ആഘോഷം വിന്റർ ബെൽസ് 2024നോട് അനുബന്ധിച്ചു നടത്തിയ കേരള ഭക്ഷ്യ മേള കേരളത്തിന് വെളിയിൽ നടത്തപ്പെട്ട ഏറ്റവും വലിയ കേരള ഭക്ഷ്യ മേളയായി കണക്കാക്കപ്പെടുന്നു. ഏകദേശം നൂറോളം വിഭവങ്ങളാണ് തത്സമയം പാചകം ചെയ്ത് നൽകി വിളമ്പിയത്. ഇരുന്നൂറോളം ലീഗ് സിറ്റി മലയാളി സമാജത്തിന്റെ സന്നദ്ധ പ്രവർത്തകരാണ് ഭക്ഷ്യ മേളക്കു പിന്നിൽ പ്രവർത്തിച്ചത്. കേരള തനിമയിൽ കുറെയേറെ തട്ടുകടകൾ നിർമ്മിച്ചു തട്ടുകട തെരുവൊരുക്കിയാണ് ഭക്ഷണങ്ങൾ തയ്യാറാക്കി വിതരണം ചെയ്തത്.

ഡിസംബർ 27 ന് വെബ്സ്റ്റർ ഹെറിറ്റേജ് പാർക്ക് ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട വിന്റർ ബെൽസ് 2024ൽ ഡോ.മനു ചക്കോ സംവിധാനം ചെയ്തു നൂറിലധികം കലാകാരൻമാരെ കോർത്തിണക്കി നടത്തിയ നാടകം കാണികളെ അമ്പരിപ്പിക്കുന്ന പ്രകടനമായിരുന്നു കാഴ്ച്ചവെച്ചത്. അതോടൊപ്പം രശ്മി നായരുടേയും റീവാ വർഗ്ഗീസിന്റെയും നേതൃത്വത്തിൽ വിവിധ പ്രമുഖ സംഗീതജ്ഞരെ അണിയിച്ചൊരുക്കി നടത്തിയ ഗാനമേളയും ഏറെ കയ്യടി നേടി.

അതുകൂടാതെ ലീഗ് സിറ്റിയിലെ കൊച്ചുകലാകാരന്മാരും കലാകാരികളും അണിനിരന്ന മറ്റു കലാ പരിപാടികളും വിന്റർബെൽസിനു മാറ്റുകൂട്ടി. പതിവുപോലെ സ്ളേയിൽ എത്തിയ സാന്തക്ളോസ് കൗതുകവും ക്രിസ്മസ് പ്രതീതിയും ഉണർത്തി.

ഇതിനെല്ലാം പുറമെ അമേരിക്കൻ സ്വദേശികൾക്കടക്കം കൗതുകമുണർത്തിക്കൊണ്ടു ഒരുക്കിയ ആയിരത്തിൽപരം ചെറു നക്ഷത്രങ്ങൾ, പുൽക്കൂട്, വിവിധ വലുപ്പത്തിലുള്ള ക്രിസ്തുമസ് ട്രീകൾ, വൈവിധ്യമാർന്ന തരത്തിലുള്ള ലൈറ്റുകൾ, അലങ്കാരങ്ങൾ എന്നിവയെല്ലാം ശ്രദ്ധേയമായിരുന്നു.

മലയാള മണ്ണിന്റെ ഓർമയും ഗൃഹാത്വവും ഉണർത്തുന്നതായിരുന്നു ഈ ആഘോഷമെന്ന് പങ്കെടുത്തവർ ഒരേ സ്വരത്തിൽ അഭിപ്രായപ്പെട്ടു. കുടുംബങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെയും ഐക്കത്തിന്റെയും ഉത്തമ മാതൃകയാണ് ലീഗ് സിറ്റി മലയാളി സമാജം എന്ന് ആശംസകളർപ്പിച്ച റെവ. ഫാദർ ഡായ് കുന്നത്ത് പറഞ്ഞു.

പ്രോഗ്രാം ഇത്രയേറെ വിജയകരമാക്കാൻ സഹകരിച്ച എല്ലാവർക്കും സംഘാടകർ നന്ദി അറിയിച്ചു. പ്രസിഡന്റ് ബിനീഷ് ജോസഫ്, വൈസ് പ്രസിഡന്റ് ലിഷ ടെൽസൺ, വൈസ് പ്രസിഡന്റ് സോജൻ ജോർജ്, സെക്രട്ടറി ഡോ.രാജ്കുമാർ മേനോൻ, ജോയിന്റ് സെക്രട്ടറി സിഞ്ചു ജേക്കബ്, ജോയിന്റ് സെക്രട്ടറി ബിജോ സെബാസ്റ്റ്യൻ, ട്രഷറർ രാജൻകുഞ്ഞ് ഗീവർഗ്ഗീസ്, ജോയിന്റ് ട്രഷറർ മാത്യു പോൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം കൊടുത്തു.

*ജീമോൻ റാന്നി*

# ബൈഡൻ ട്രംപിന് കൈമാറുക മിഡിൽ ഈസ്റ്റിനായുള്ള പൂർത്തിയാകാത്ത അജണ്ടകൾ



വാഷിംഗ്ടൺ: 2023 സെപ്തംബർ അവസാനം മിഡിൽ ഈസ്റ്റിനെ രണ്ട് പതിറ്റാണ്ടുകൾക്കിടയിലുള്ളതിനേക്കാൾ 'നിശബ്ദം' എന്ന് യുഎസ് പ്രസിഡന്റ് ജോ ബൈഡന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവൻ വിശേഷിപ്പിച്ചിരുന്നു. അത്തരമൊരു വിലയിരുത്തൽ നടത്തി വെറും എട്ട് ദിവസത്തിന് ശേഷം, ഹമാസ് ഗാസയിൽ നിന്ന് ഇസ്രായേലിലേക്ക് അപ്രതീക്ഷിതവുമായ ഒരു ആക്രമണം നടത്തി. അത് പലസ്തീൻ എൻക്ലേവിനെ തകർത്ത ഒരു യുദ്ധത്തിന് കാരണമായി. മേഖലയിലുടനീളം പ്രക്ഷുബ്ധത വ്യാപിച്ചു. ജനുവരി 20ന് അദ്ദേഹം ഓഫീസ് വിടാൻ തയ്യാറെടുക്കുമ്പോൾ ബൈഡന്റെ വിദേശനയ പാരമ്പര്യത്തിന് മുകളിൽ പ്രതിസന്ധികളുടെ ഒരു പരമ്പര തന്നെയുണ്ട്.

ബന്ദികളെ മോചിപ്പിക്കുന്നതിനായി ഹമാസ് ബുധനാഴ്ച പ്രഖ്യാപിച്ച ഗാസയിലെ വെടിനിർത്തൽ കരാർ ഉറപ്പാക്കുന്നതിൽ ബൈഡൻ സഹായികൾ പ്രധാന പങ്ക് വഹിച്ചിട്ടുണ്ടെങ്കിലും, ബൈഡന്റെ മിഡിൽ ഈസ്റ്റ് റെക്കോർഡ് അദ്ദേഹത്തിന്റെ നിരീക്ഷണത്തിൽ സംഘർഷങ്ങൾ എങ്ങനെ അവസാനിച്ചു എന്നതിന്റെ പേരില്ല, മറിച്ച് അവ എങ്ങനെ വികസിച്ചു എന്നതിന്റെ പേരിലാണ് എന്നതാണ് ശ്രദ്ധേയം. ഇക്കാര്യമായിരിക്കും പ്രധാനമായും അവയെ നിയന്ത്രിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവിനപ്പുറം ഓർമ്മിക്കപ്പെടുക എന്ന് വിശകലന വിദഗ്ധർ പറയുന്നു.

ഇതിനർത്ഥം ഡൊണാൾഡ് ട്രംപിനും അദ്ദേഹത്തിന്റെ വരാനിരിക്കുന്ന ഭരണകൂടത്തിനും കൈമാറാൻ പൂർത്തിയാകാത്ത ധാരാളം കാര്യങ്ങൾ ഉണ്ടാകുമെന്നാണ്. ഡെമോക്രാറ്റിക് പ്രസിഡന്റിന്റെ ഭരണകാലത്ത് ട്രംപും സഹ റിപ്പബ്ലിക്കൻമാരും കത്തിയ ലോകം എന്ന് കരുതിയതിന്റെ ഭാഗമായ ഗാസയിലെ 15 മാസത്തെ യുദ്ധം അദ്ദേഹം കൈകാര്യം ചെയ്തതിലൂടെയാണ് ലോക വേദിയിലെ ബൈഡന്റെ റെക്കോർഡ് പ്രധാനമായും നിർവചിക്കപ്പെടുന്നത്. മേഖലയിലുടനീളം പ്രശ്നങ്ങൾ സൃഷ്ടിക്കാൻ ശത്രുക്കളെ പ്രോത്സാഹിപ്പിക്കുന്ന ദുർബലമായ ദൃഢനിശ്ചയമാണ് ബൈഡന്റേതെന്നായിരുന്നു അവർ ആരോപിച്ചിരുന്നത്.

ബൈഡൻ സൃഷ്ടിക്കാത്ത നിരവധി മിഡിൽ ഈസ്റ്റ് വെല്ലുവിളികളെ നേരിടേണ്ടി വന്നിട്ടുണ്ടെന്നും അവ സമർത്ഥമായി കൈകാര്യം ചെയ്തിട്ടുണ്ടെന്നും ഗാസയിലും ലെബനനിലും സിവിലിയൻ മരണങ്ങൾ പരിമിതപ്പെടുത്താൻ പ്രവർത്തിക്കുമ്പോൾ ഇറാനെയും അതിന്റെ പ്രാദേശിക പ്രതിനിധികളെയും ദുർബലപ്പെടുത്തി എന്നും അദ്ദേഹത്തിന്റെ സഖ്യകക്ഷികൾ വാദിക്കുന്നു.

എന്നാൽ ഹമാസിനെ മാത്രമല്ല, ഗാസയിൽ പതിനായിരക്കണക്കിന് സിവിലിയന്മാരെയും കൊന്നൊടുക്കിയ പ്രതികരണത്തിൽ ഇസ്രായേലിനുള്ള ബൈഡന്റെ ഉറച്ച പിന്തുണ യു.എസ് അന്താരാഷ്ട്ര വിശ്വാസ്യതയെ വളരെയധികം ബാധിച്ചുവെന്നും അവർ വ്യക്തമാക്കുന്നു.

# പത്രം സംരക്ഷിക്കണം: ജെഫ് ബെസോസിനോട് വാഷിംഗ്ടൺ പോസ്റ്റ് ജീവനക്കാർ



വാഷിംഗ്ടൺ പോസ്റ്റ് ജീവനക്കാർ ബുധനാഴ്ച അവരുടെ പത്രത്തിന്റെ ഉടമയായ ജെഫ് ബെസോസിന് തങ്ങളുടെ ആശങ്കകൾ ഉന്നയിച്ചുകൊണ്ട് ഒരു കത്ത് നൽകി. പത്രത്തിന്റെ ഉടമ എന്ന നിലയിൽ തങ്ങൾക്കൊപ്പം നിൽക്കാനും വാഷിംഗ്ടൺ പോസ്റ്റിന്റെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാട് വ്യക്തമാക്കാനും കത്തിൽ ആവശ്യപ്പെടുന്നു. 400 ലധികം റിപ്പോർട്ടർമാരും എഡിറ്റർമാരും ഒപ്പിട്ട കത്തിൽ, ബെസോസിനോട് പോസ്റ്റിന്റെ ഡി.സി ഓഫീസിൽ വന്ന് ന്യൂസ് റൂം നേതാക്കളുമായി കൂടിക്കാഴ്ച നടത്തണമെന്നും വ്യക്തമാക്കുന്നു. കത്ത് സംബന്ധിച്ച് ആദ്യം റിപ്പോർട്ട് ചെയ്തത് എൻപിആറും ദി ന്യൂയോർക്ക് ടൈംസും ആണ്.

ഒരു വർഷത്തെ പ്രതിസന്ധികൾക്ക് ശേഷമാണ് തങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടണമെന്ന ആവശ്യവുമായി ജീവനക്കാർ രംഗത്തെത്തിയിരിക്കുന്നത്. പ്രസിഡൻഷ്യൽ എൻഡോഴ്സ്മെന്റുകളുമായി ബന്ധപ്പെട്ട ബെസോസിന്റെ തീരുമാനം, പ്രസാധകനായ വിൽ ലൂയിസിന്റെ ജീവനക്കാരുമായി ഇടപഴകാൻ വിസമ്മതം, 2024ൽ 100 മില്യൺ ഡോളറിലധികം നഷ്ടം, ദീർഘകാല പോസ്റ്റ് നിരൂപകനായ ഡൊണാൾഡ് ട്രംപുമായുള്ള ബെസോസിന്റെ ബന്ധം എന്നീ കാരണങ്ങളാൽ സ്റ്റാഫർമാരും വായനക്കാരും പോസ്റ്റ് ഉപേക്ഷിച്ചതിനെ തുടർന്നാണ് ഇത്തരമൊരു കത്ത് ജീവനക്കാർ ബെസോസിന് നൽകിയത്.

സുതാര്യതയുടെ പാരമ്പര്യം ലംഘിച്ച് വായനക്കാരെ ഈ സ്ഥാപനത്തിന്റെ സമഗ്രതയെ ചോദ്യം ചെയ്യാൻ പ്രേരിപ്പിച്ചതും, തങ്ങളുടെ ഏറ്റവും മികച്ച ചില സഹപ്രവർത്തകരെ വാഷിംഗ്ടൺ പോസ്റ്റ്വിടാൻ പ്രേരിപ്പിച്ചതുമായ സമീപകാല നേതൃത്വ തീരുമാനങ്ങളിൽ ഞങ്ങൾ വളരെയധികം ആശങ്കാകുലരാണ്, കൂടുതൽ വിടവാങ്ങലുകൾ ആസന്നമാണെന്നും കത്തിൽ പറയുന്നു. ഉടമയുടെ പ്രത്യേകാവകാശമായി ഞങ്ങൾ അംഗീകരിക്കുന്ന പ്രസിഡൻഷ്യൽ അംഗീകാരത്തിന്റെ പ്രശ്നത്തിനപ്പുറത്തേക്ക് ഇത് പോകുന്നു. ഇത് നമ്മുടെ മത്സരശേഷി നിലനിർത്തുന്നതിനെക്കുറിച്ചും നഷ്ടപ്പെട്ട വിശ്വാസം പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ചും തുറന്ന ആശയവിനിമയം നടത്തി ബന്ധം പുനഃസ്ഥാപിക്കുന്നതിനെക്കുറിച്ചുമാണ് വ്യക്തമാക്കുന്നതെന്ന് ജീവനക്കാർ പറയുന്നു.



# എന്താണ് നടക്കുന്നത്? കാനഡ ഭീകര സംഘടനയ്ക്ക് വളക്കൂറുള്ള മണ്ണോ?




ആഗോളതലത്തിൽ ഇസ്ലാമിക ഖിലാഫത്ത് നടപ്പാക്കണമെന്ന് വാദിക്കുന്ന ഭീകര സംഘടനയായ ഹിസ്ബ് ഉത് തഹ്രീറിന്റെ നേതൃത്വത്തിൽ കാനഡയിലെ ഒന്റാറിയോയിലെ മിസിസാഗയിൽ വാർഷിക സമ്മേളനം നടത്തുമെന്നുള്ള റിപ്പോർട്ടുകളാണ് ഇപ്പോൾ പുറത്തുവരുന്നത്. ജനുവരി 18നാണ് സമ്മേളനം നിശ്ചയിച്ചിരിക്കുന്നത്. ഇസ്ലാമിക ഖിലാഫത്തിന്റെ പുനസ്ഥാപനവും ശരിയത്ത് നിയമം നടപ്പിലാക്കണമെന്നതുമാണ് സമ്മേളനത്തിന്റെ മുഖ്യ അജണ്ട.

രാജ്യത്ത് ഭീകരസംഘടനകൾക്ക് പ്രോത്സാഹനം നൽകിയെന്ന വിമർശനങ്ങൾ ഉയരുന്നതിനിടെയാണ് കാനഡയുടെ പ്രധാനമന്ത്രി സ്ഥാനത്തുനിന്നും ജസ്റ്റിൻ ട്രൂഡോ കഴിഞ്ഞ ദിവസം രാജിവെച്ചത്. ഭീകര സംഘടന കാനഡയിൽ സമ്മേളനം നടത്തുകയാണെന്ന റിപ്പോർട്ടുകൾ പുറത്തുവന്നതിനെ തുടർന്ന് ആഗോളതലത്തിൽ കടുത്ത വിമർശനം ഉയരുന്നുണ്ട്. നിരവധി രാജ്യങ്ങൾ ഭീകരസംഘടനയായി പ്രഖ്യാപിച്ചിട്ടും അവരുടെ പ്രവർത്തനങ്ങളോട് കാനഡ അനുകൂല നിലപാട് പുലർത്തുന്നത് വലിയ ആശങ്കയാണ് ഉയർത്തുന്നത്.

അമേരിക്ക, യൂറോപ്പ്, റഷ്യ, ചൈന എന്നിവയുൾപ്പെടുന്ന കൊളോണിയലിസ്റ്റ് സൂപ്പർ പവറുകളെ മറികടക്കാനുള്ള വഴികൾ പര്യവേഷണം ചെയ്യാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള സമ്മേളനത്തിന്റെ പ്രൊമോഷണൽ വീഡിയോ സാമൂഹിക മാധ്യമങ്ങളിൽ പങ്കുവെച്ചിട്ടുണ്ട്. ഹിസ്ബ് ഉത്തഹ്രീറിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലാണ് വീഡിയോ പങ്കുവെച്ചിരിക്കുന്നത്.

വീഡിയോയിൽ പ്രകോപനപമരമായ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഇന്ത്യ ടുഡെ റിപ്പോർട്ട് ചെയ്തു. അമേരിക്ക നമ്മുടെ സമൂഹത്തിന്റെ അത്ര ശക്തമാണോയെന്നും നമുക്ക് അമേരിക്കയെ തോൽപ്പിക്കാൻ കഴിയില്ലേയെന്നും വീഡിയോയിൽ ചോദിക്കുന്നുണ്ട്. റോം, പേർഷ്യ ഉൾപ്പെടെയുള്ള പുരാതന സാമ്രാജ്യങ്ങളുടെ വിജയങ്ങളെക്കുറിച്ചും വീഡിയോയിൽ പരാമർശനം ഉണ്ട്. കോൺസ്റ്റാന്റിനോപ്പിൾ ഉൾപ്പെടെയുള്ള നഗരങ്ങളെ മുസ്ലീം നഗരങ്ങൾ എന്നാണ് വീഡിയോയിൽ അവകാശപ്പെടുന്നത്.

'ദേശീയതയും ഭരണകൂടങ്ങളും; ഇസ്ലാമിന്റെ മുഖ്യ ശത്രുക്കൾ', 'ഖിലാഫത്ത് മാത്രമെ പലസ്തീനെ സ്വതന്ത്രമാക്കൂ, മറ്റെല്ലാം ശ്രദ്ധ തിരിക്കുന്നവയാണ്' തുടങ്ങിയ വിഷയങ്ങളിൽ സമ്മേളനം ചർച്ച നടത്തുമെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം, സമ്മേളനം നടക്കുന്ന കൃത്യമായ വേദി എവിടെയെന്ന് വെളിപ്പെടുത്തിയിട്ടില്ല. സമ്മേളനത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യണമെന്നാണ് നിർദേശം.

### ലോകമെമ്പാടും നിരോധിച്ചു, കാനഡയിൽ നിരോധനമില്ല

1953ലാണ് ഹിസ്ബ് ഉത് തഹ്രരീർ സ്ഥാപിതമായത്. ജോർദാൻ നിയന്ത്രിത ജറുസലേമിൽ പലസ്തീൻ ഇസ്ലാമിക പണ്ഡിതനായ തഖി അൽ ദിൻ അൽ നഭാനിയാണ് ഈ സംഘടന രൂപീകരിച്ചത്. കർശനമായ ശരിയത്ത് നിയമപ്രകാരം പ്രവർത്തിക്കുന്ന ഈ സംഘടന തീവ്രവാദത്തെയും ജൂതവിരുദ്ധതയും പ്രോത്സാഹിപ്പിക്കുന്നു. യുകെ, ജർമനി, ഈജിപ്ത്, ഇന്ത്യ, ചൈന, ഇന്തോനേഷ്യ, റഷ്യ, തുർക്കി, ബംഗ്ലാദേശ് ഉൾപ്പെടെയുള്ള നിരവധി രാജ്യങ്ങൾ ഈ സംഘടന നിരോധിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം ഈ സംഘടനയുടെ സമ്മേളനം യുകെയിൽ നിശ്ചയിച്ചിരുന്നു. എന്നാൽ തീവ്രവാദ സംഘടനയായി പ്രഖ്യാപിച്ചതിന് പിന്നാലെ റദ്ദാക്കി.

അന്താരാഷ്ട്രതലത്തിൽ സംഘടനയ്ക്കെതിരെ ഇത്രയധികം നടപടികൾ സ്വീകരിച്ചിട്ടും കാനഡ നിയന്ത്രണങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. അതേസമയം, മിസിസാഗ മേയർ ബോണി ക്രോംബി സമ്മേളനത്തെ അപലപിച്ച് രംഗത്തെത്തിയിട്ടുണ്ട്. ഇത് സാമൂഹിക ഐക്യത്തിന് ഭീഷണിയാണെന്നും സാധ്യമായ നിയമനടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. ജസ്റ്റിൻ ട്രൂഡോ സർക്കാരിന്റെ കീഴിൽ കാനഡ തീവ്രവാദത്തെ പിന്തുണയ്ക്കുന്നവരുടെ സുരക്ഷിത താവളമായി മാറിയിരിക്കുന്നുവെന്ന് കനേഡിയൻ പാർലമെന്റ് അംഗം കെവിൻ വൂങ് വിമർശിച്ചു.

ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കാനഡയുടെ പുറത്തേക്കും ആശങ്ക ഉയർത്തുന്നുണ്ട്. തമിഴ്നാട്ടിലും മറ്റ് പ്രദേശങ്ങളിലും തീവ്രവാദ പ്രവർത്തനങ്ങൾ നടത്തിയതിന് ഹിസ്ബു ഉത്തഹ്രീർ അംഗങ്ങളെന്ന് ആരോപിക്കപ്പെടുന്ന അബ്ദുൾ റഹ്മാനും മുജിബുർ റഹ്മാനുമെതിരെ ഇന്ത്യയുടെ ദേശീയ അന്വേഷണ ഏജൻസി (എൻഐഎ) അടുത്തിടെ കുറ്റം ചുമത്തിയിരുന്നു.

ബംഗ്ലാദേശിൽ, ഷെയ്ഖ് ഹസീനയുടെ സർക്കാർ പുറത്താക്കപ്പെട്ടതിനുശേഷം സംഘടനയുടെ സ്വാധീനം വർദ്ധിച്ചതായി റിപ്പോർട്ടുണ്ട്. മുഖ്യ ഉപദേഷ്ടാവ് മുഹമ്മദ് യൂനുസിന്റെ കീഴിലുള്ള ഇടക്കാല ഭരണകൂടം, ഹിസ്ബുത്തഹ്രീർ ബംഗ്ലാദേശിന്റെ സ്ഥാപകനായ നസിമുൾ ഗാനിയെ ആഭ്യന്തര സെക്രട്ടറിയായി നിയമിക്കുകയും സംഘടനയെ പിന്തുണയ്ക്കുകയും ചെയ്തതിന് വിമർശനങ്ങൾ നേരിട്ടിരുന്നു.



# ഹഷ് മണി കേസിൽ ശിക്ഷ ഒഴിവാക്കാനുള്ള കാരണം അറിയാം

ഹഷ് മണി കേസിൽ നിയുക്ത യു.എസ് പ്രസിഡന്റ് ഡൊണാൾ ട്രംപ് കുറ്റക്കാരനാണെന്ന ന്യൂയോർക്ക് ജ്യൂറിയുടെ വിധി ശരിവെച്ച് ന്യൂയോർക്ക് കോടതി. ഔപചാരികമായി വിധി പ്രസ്താവം നടത്തിയെങ്കിലും ജഡ്ജി ജുവാൻ മെർച്ചൻ ട്രംപിനെതിരെയുള്ള ശിക്ഷ വിധിക്കുന്നത് ഒഴിവാക്കുകയായിരുന്നു. പോൺ താരം സ്റ്റോമി ഡാനിയേൽസുമായുള്ള വിവാഹേതര ബന്ധം മറച്ച്വെയ്ക്കാൻ പണം നൽകിയെന്നതായിരുന്നു കേസ്. കുറ്റക്കാരനാണ് എന്ന് കോടതി വിധിച്ചെങ്കിലും ജയിൽ ശിക്ഷയോ പിഴയോ നേരിടേണ്ടിവരില്ല. നിയുക്ത പ്രസിഡന്റ് ആയിതിനാൽ നിയമം അനുവദിക്കുന്ന പ്രത്യേക പരിരക്ഷ ലഭിക്കുന്നത് കൊണ്ടാണ് ശിക്ഷ ഒഴിവായത്. ട്രംപിനെതിരെ 34 കുറ്റങ്ങളാണ് ചുമത്തിയിരിക്കുന്നത്. രണ്ട് മാസത്തോളം വിചാരണ നടന്നിരുന്നു. എല്ലാ കുറ്റങ്ങളിലും കുറ്റക്കാരനാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.

നാല് വർഷം വരെ ജയിൽ ശിക്ഷ ലഭിക്കാവുന്ന കുറ്റത്തിൽ ആണ് ട്രംപിനെ വെറുതെ വിട്ടത്. ഹഷ് മണി കേസിൽ വിധി പറയുന്നത് നിർത്തി വെയ്ക്കണം എന്ന് ആവശ്യപ്പെട്ട് ട്രംപ് നൽകിയ അപേക്ഷ യു.എസ് കോടതി തള്ളിയിരുന്നു. പിന്നാലെയാണ് ന്യൂയോർക്ക് കോടതി ട്രംപിന്റെ ശിക്ഷാ വിധി പ്രഖ്യാപിച്ചത്. ഫ്ളോറിഡയിലെ തന്റെ സ്വകാര്യ വസതിയിൽ നിന്ന് വെർച്വലിയാണ് ട്രംപ് ഹാജരായത്. മുൻ പ്രസിഡന്റും ഭാവി പ്രസിഡന്റുമായ ട്രംപിന് ശിക്ഷ വിധിക്കാൻ താല്പര്യമില്ലെന്ന് ന്യൂയോർക്ക് കോടതി പറഞ്ഞിരുന്നു.

### ഹഷ് മണി കേസ്:

ഡൊണാൾഡ് ട്രംപുമായി ഉണ്ടായ ബന്ധത്തെക്കുറിച്ച് സ്റ്റോമി കോടതിയിൽ വെളിപ്പെടുത്തിയിരുന്നു. ഈ ബന്ധം മറച്ച് വെയ്ക്കാൻ ട്രംപ് 1.30ലക്ഷം ഡോളർ നൽകിയെന്നും ബിസിനസ് രേഖകളിൽ കൃത്രിമം വരുത്തി എന്നുമാണ് കേസ്. 2016 ൽ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കേമ്പോഴാണ് പണം നൽകിയത്. 2006 ൽ ഗോൾഫ് മത്സരവേദിയിൽ വെച്ചാണ് ട്രംപിന് കണ്ടതെന്ന് സ്റ്റോമി പറഞ്ഞിരുന്നു. റിയൽ എസ്റ്റേറ്റ് ബിസിനസിലായിരുന്നു ട്രംപ് അന്ന്. ഓർമ്മക്കുറിപ്പുകൾ പുസ്തകമാക്കി ഇറക്കാകിരിക്കാനാണ് 1. 30 ലക്ഷം ഡോളർ നൽകിയതെന്ന് സ്റ്റോമി കോടതിയിൽ പറഞ്ഞു. അതേ സമയം ഈ കേസും കാര്യങ്ങളും തിരഞ്ഞെടുപ്പിൽ ട്രംപിനെ ബാധിച്ചില്ല. വൻ വിജയമാണ് സ്വന്തമാക്കിയത്. ജനുവരി 20 ന് ആയിരിക്കും ട്രംപ് യു എസ് പ്രസിഡന്റായി സത്യപ്രതിഞ്ജ ചെയ്യുക.


RELIABLE TAX & ACCOUNTING INC.

REGISTRATION

ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS

INCOME TAX & SALES TAX

PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS

NOTARY PUBLIC INVESTMENT CONSULTING

THOMAS V OUSEPH CPA, EA

2644 E. Dempster st. Suite 110, Park Ridge, IL 60068

Ph: 224 622 9978 | Fax: 847 376 8260



tomvo99@comcast.net | www.CPATaxFiling.com

# ടിക്ടോക്ക് നിരോധനത്തിന് ദിവസങ്ങൾ മാത്രം

(ഒന്നാം പേജ് തുടർച്ച)

നിമിഷം വരെ ശ്രമിക്കുമെന്നും തങ്ങളുടെ ഫോളോവേഴ്സിനെയും കരിയറിനെയും സംരക്ഷിക്കാനാവുമെന്നും പല ഉപയോക്താക്കളും പ്രതീക്ഷിച്ചിരുന്നു. എന്നാൽ, കാര്യമായ പുരോഗതിയില്ലാത്തതിനാൽ ഉപയോക്താക്കൾക്കിടയിൽ നിരാശയും രോഷവും പ്രകടമാണ്. ന്യൂയോർക്ക് ആസ്ഥാനമായുള്ള റിസർച്ച് മാനേജരും കണ്ടന്റ് ക്രിയേറ്ററുമായ ജോൺ സുക് ഷിൻ ഈ തീരുമാനം വളരെ സങ്കടകരമാണെന്ന് അഭിപ്രായപ്പെട്ടു.

നിരോധനത്തിന് പിന്നാലെ മെറ്റാ പ്ലാറ്റ്ഫോമുകളായ ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ ആപ്പുകൾ ബഹിഷ്കരിക്കാൻ ചില ഉപയോക്താക്കൾ ആഹ്വാനം ചെയ്യുന്നുണ്ട്. ടിക് ടോക്കിന്റെ യുഎസ് ആസ്തികൾ വിൽക്കുന്നതിനോ അല്ലെങ്കിൽ യുഎസ് നിരോധനം നേരിടുന്നതിനോ ജനുവരി 19 വരെയാണ് ബൈറ്റ്ഡാൻസിന് സമയം അനുവദിച്ചിരിക്കുന്നത്. ആപ്പ് ദേശീയ സുരക്ഷാ ഭീഷണിയുയർത്തുന്നുവെന്നും ചൈന തങ്ങളുടെ ഉപയോക്താക്കളുടെ ഡാറ്റ പങ്കിടാൻ കമ്പനിയെ നിർബന്ധിച്ചേക്കാമെന്നുമുള്ള നിയമനിർമ്മാതാക്കളുടെ ആശങ്കയാണ് നിരോധനത്തിന് പിന്നിലെ പ്രധാന കാരണം. എന്നാൽ, യുഎസിലെ ഉപയോക്തൃ ഡാറ്റ തങ്ങൾ പങ്കിടുന്നില്ലെന്ന് ടിക് ടോക് ആവർത്തിച്ച് നിഷേധിച്ചിട്ടുണ്ട്.

ടിക് ടോക്കും മാതൃ കമ്പനിയായ ബൈറ്റ്ഡാൻസും നിയമം നടപ്പാക്കുന്നത് വൈകിപ്പിക്കാൻ പല ശ്രമങ്ങളും നടത്തിയിരുന്നു. ഇത് അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ലംഘനമാണെന്നും യുഎസ് ഭരണഘടനയുടെ ആദ്യ ഭേദഗതിയുടെ സംരക്ഷണത്തിന് എതിരാണെന്നും അവർ വാദിച്ചു. സുപ്രീം കോടതി നിരോധനം സ്റ്റേ ചെയ്യാൻ തീരുമാനിച്ചില്ലെങ്കിൽ, ഞായറാഴ്ച ആപ്പ് തുറക്കാൻ ശ്രമിക്കുന്ന ഉപയോക്താക്കൾക്ക് ഷട്ട്ഡൗൺ വിവരങ്ങളുള്ള ഒരു വെബ്സൈറ്റിലേക്ക് നയിക്കുന്ന പോപ്പ്അപ്പ് സന്ദേശമായിരിക്കും ലഭിക്കുക.അതേസമയം, ടിക് ടോക്കിന്റെ യുഎസ് ഓപ്പറേഷൻസ് ടെസ്ല സിഇഒ ഇലോൺ മസ്കിന് വിൽക്കുന്നതിനുള്ള ചർച്ചകൾ നടക്കുന്നുണ്ടെന്ന റിപ്പോർട്ടുകളും പുറത്തുവരുന്നുണ്ട്. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് ഔദ്യോഗിക സ്ഥിരീകരണങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

ടിക് ടോക് നിരോധനത്തെക്കുറിച്ചുള്ള അന്തിമ തീരുമാനം സുപ്രീം കോടതിയുടെ പരിഗണനയിലാണ്. അതേസമയം, നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ടിക് ടോക്കിനെ രക്ഷിക്കാൻ ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നത് പരിഗണിക്കുന്നതായി വാഷിംഗ്ടൺ പോസ്റ്റ് റിപ്പോർട്ട് ചെയ്തു. എന്നാൽ, അത്തരമൊരു ഉത്തരവ് നിരോധനത്തെ മറികടക്കുമോ എന്ന് വ്യക്തമല്ല.മറ്റ് ഉപയോക്താക്കൾ ആപ്പിൽ നിന്ന് വിടപറയാൻ തുടങ്ങിയിട്ടുണ്ട്. തങ്ങളെ മറ്റ് പ്ലാറ്റ്ഫോമുകളിൽ എവിടെ കണ്ടെത്താനാകുമെന്ന വിവരങ്ങൾ അവർ ഫോളോവേഴ്സുമായി പങ്കുവെക്കുന്നു. പലരും റെഡ്നോട്ട് പോലുള്ള ചൈനീസ് ആപ്പുകളിലേക്ക് ഇതിനകം മാറിയിട്ടുണ്ട്. ടിക് ടോക്കിന്റെ ഭാവിക്കായി കാത്തിരിക്കുകയാണ് ലോകമെമ്പാടുമുള്ള ഉപയോക്താക്കൾ.

# നടപ്പിലാക്കുക മൂന്ന് ഘട്ടമായി അംഗീകരിച്ചത് ഒരു ഘട്ടം മാത്രം

(ഒന്നാം പേജ് തുടർച്ച)

ണ്ടെന്നാണ് കണക്ക്. ഇതിൽ 33 പേരെ മോചിപ്പിക്കും. സ്ത്രീകൾ പ്രായമായവർ, രോഗികൾ എന്നിവർക്കായിരിക്കും മുൻഗണന. രണ്ട് ദിവസത്തിനുള്ളിൽ ഇവരെ മോചിപ്പിക്കും. ജയിലുകളിൽ കഴിയുന്ന നൂറുക്കണക്കിന് തടവുകാരെ ഇസ്രായേലും മോചിപ്പിക്കും. ഘട്ടംഘട്ടമായി ഗാസയിൽ നിന്ന് ഇസ്രായേലിന്റെ സൈനിക പിന്മാറ്റം ഉണ്ടാകും.ആദ്യഘട്ടത്തിൽ ജനവാസ മേഖലയിൽ നിന്ന് കരസേനയെ പിൻവലിക്കും. വടക്ക് നിന്ന് തെക്കോട്ടേക്ക് ഒഴിഞ്ഞു പോകാൻ നിർബന്ധിതരായ പാലസ്തീനികൾക്ക് സ്വദേശത്തേക്ക് മടങ്ങാനും അവസരമുണ്ടാകും. വെടിനിർത്തൽ നിലവിൽ വന്ന് ഏഴ് ദിവസത്തിന് ശേഷം ഈജിപ്തിലേക്കുള്ള റാഫാ കവാടം തുറക്കും. ഒന്നാം ഘട്ടം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്ക് രണ്ടാം ഘട്ടം നടപ്പിലാക്കും.

### രണ്ടാം ഘട്ടം

ഈ ഘട്ടത്തിൽ ഗാസയിൽ നിന്ന് പൂർണമായും ഇസ്രായേലിന്റെ പിന്മാറ്റം ആരംഭിക്കും. എല്ലാ ബന്ദികളെയും ഹമാസ് മോചിപ്പിക്കും. പാലസ്തീൻ തടവുകാരെയും ഇസ്രായേൽ മോചിപ്പിക്കും.

### മൂന്നാം ഘട്ടം

ഗാസയുടെ പുനർനിർമാണവും തുടർഭരണവും. അന്താരാഷ്ട്ര സഹകരണത്തോടെയാകും ഗാസയെ പുനർനിർമിക്കുക. ഒന്നാം ഘട്ടം മാത്രമാണ് ഇരുപക്ഷവും അംഗീകരിച്ചിട്ടുള്ളതെന്നാണ് വിവരം. അതേസമയം സമാധാനം വീണ്ടെടുക്കാൻ ഇരുപക്ഷവും തയ്യാറായതിന് പിന്നാലെ ഗാസയിലെ ജനങ്ങൾ സന്തോഷത്തിലാണ്. സ്ത്രീകൾ ഉൾപ്പടെയുള്ളവർ പൊതു ഇടങ്ങളിൽ പ്രത്യക്ഷപ്പെട്ടു. ഏറെ വൈകാരികമായാണ് ജനങ്ങളെ ദൃശ്യങ്ങളിൽ കാണാൻ സാധിക്കുന്നത്.

2023 ഒക്ടോബർ ഏഴിനാണ് പശ്ചിമേഷ്യയെ സംഘർഷത്തിലേക്ക് തള്ളിവിട്ട ആദ്യ ആക്രമണം ഉണ്ടാകുന്നത്. ഹമാസ് നൂറുക്കണക്കിന് മിസൈലുകളാണ് തൊടുത്തുവിട്ടത്. ഹമാസ് 1,139 പേരെ വധിക്കുകയും 251 പേരെ ബന്ദികളാക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ഇസ്രായേൽ തിരിച്ചടിക്കുകയായിരുന്നു. ബന്ദികളിൽ 105 പേരെ 2023 നവംബറിൽ നിലവിൽ വന്ന വെടിനിർത്തൽ കരാറിൽ മോചിപ്പിച്ചിരുന്നു. പകരമായി ഇസ്രായേൽ തടവിലുണ്ടായിരുന്ന 240 പാലസ്തീനികളെയും മോചിപ്പിച്ചു.അതേസമയം ഹമാസിന്റെ നേതൃത്വത്തിലുള്ള ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച്, ഇസ്രായേൽ ആക്രമണങ്ങളിൽ സൈനികരും സാധാരണക്കാരും ഉൾപ്പെടെ 50,000 ത്തോളം പേർ കൊല്ലപ്പെട്ടു. പരസ്പരം പഴിചാരലുകൾ നിനിൽക്കുന്ന സാഹചര്യത്തിൽ വെടിനിർത്തൽ കരാർ നിലനിൽക്കുന്നുവെന്ന് ഉറപ്പാക്കുക എന്നത് തന്നെയാണ് ആദ്യത്തെ വലിയ വെല്ലുവിളി. 42 ദിവസത്തെ ആദ്യ ഘട്ടത്തിന് ശേഷം യുദ്ധം പുനരാരംഭിക്കുമെന്ന് മുതിർന്ന പാശ്ചാത്യ നയതന്ത്രജ്ഞർമാർ ഭയപ്പെടുന്നുണ്ട്.മാത്രമല്ല ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവിനും മുൻ പ്രതിരോധ മന്ത്രിക്കുമെതിരെ അന്താരാഷ്ട്ര ക്രിമിനൽ കോടതി യുദ്ധക്കുറ്റം ചുമത്തിയിരുന്നു. ഇസ്രായേലിനെതിരെ വംശഹത്യ ആരോപിച്ച് ദക്ഷിണാഫ്രിക്ക നൽകിയ കേസ് അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ അന്വേഷണ പരിധിയിലുമാണ്.യുദ്ധം തുടങ്ങി ഒരു വർഷവും മൂന്ന് മാസവും പിന്നിടുമ്പോഴാണ് വെടിനിർത്തൽ കരാർ പ്രഖ്യാപിക്കുന്നത്. ഇസ്രായേൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്ന് ഔദ്യോഗിക പ്രഖ്യാപനത്തിനുള്ള കാത്തിരിപ്പിലാണ് ലോകം.

# ആരാണ് കാനഡയിൽ പ്രധാനമന്ത്രി സ്ഥാനാർത്ഥിയാകാൻ ഒരുങ്ങുന്ന ചന്ദ്ര ആര്യ



കാനഡയുടെ പ്രധാനമന്ത്രി സ്ഥാനത്തേക്ക് മത്സരിക്കാനൊരുങ്ങുകയാണ് കനേഡിയൻ പാർലമെന്റ് അംഗവും ഇന്ത്യൻ വംശജനുമായ ചന്ദ്ര ആര്യ. ജസ്റ്റിൻ ട്രൂഡോയുടെ രാജിയ്ക്ക് പിന്നാലെയായിരുന്നു വെളിപ്പെടുത്തൽ. പ്രധാനമന്ത്രി സ്ഥാനത്തേക്ക് മത്സരിക്കാൻ താൻ തീരുമാനിച്ചുവെന്ന് അദ്ദേഹം പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു. ശക്തമായ തീരുമാനങ്ങളെടുക്കാൻ ഭയപ്പെടാത്ത ഒരു നേതൃത്വത്തെയാണ് കാനഡയ്ക്ക് ആവശ്യമെന്നും അദ്ദേഹം പറഞ്ഞു.

മുമ്പെങ്ങും കണ്ടിട്ടില്ലാത്ത ഘടനാപരമായ പ്രശ്നങ്ങളാണ് കാനഡ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. അവ പരിഹരിക്കാൻ കടുത്ത തീരുമാനങ്ങൾ വേണ്ടിവരും. കാനഡയിലെ ജനങ്ങളുടെ നന്മയ്ക്കായി കഠിനാധ്വാനം ചെയ്തയാളാണ് താൻ. നമ്മുടെ മക്കൾക്കും പേരക്കുട്ടികൾക്കും വേണ്ടി അനിവാര്യമായ കടുത്ത തീരുമാനങ്ങൾ കൈക്കൊള്ളേണ്ടി വരും. ലിബറൽ പാർട്ടിയുടെ നേതാവായി തിരഞ്ഞെടുക്കപ്പെട്ടാൽ എന്റെ അറിവും കഴിവുമെല്ലാം അതിനായി സമർപ്പിക്കുമെന്നും ചന്ദ്ര ആര്യ എക്സിൽ കുറിച്ചു.

വരുമാനത്തിലെ അസമത്വം, വാടകയിലെ വർധന, അവശ്യവസ്തുക്കളുടെ വിലക്കയറ്റം തുടങ്ങി കാനഡയിലെ ജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളും അദ്ദേഹം ചൂണ്ടിക്കാട്ടി. അധികാരത്തിലെത്തിയാൽ ജീവനക്കാരുടെ വിരമിക്കൽ പ്രായം കൂട്ടുമെന്നും അദ്ദേഹം പറഞ്ഞു. ഈ പ്രശ്നങ്ങൾക്കുള്ള പരിഹാരവും അവ നടപ്പിലാക്കാനുള്ള നിശ്ചയദാർഢ്യവും തനിക്കുണ്ട്. നമ്മുടെ സമ്പദ് വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുന്നതിനായി കൈക്കൊള്ളേണ്ട കടുത്ത തീരുമാനങ്ങൾ താൻ കൈക്കൊള്ളും. ചെറുതും കാര്യക്ഷമവുമായ ഒരു സർക്കാരിനെ നയിക്കാനാണ് തനിക്കിഷ്ടം. കഴിവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയായിരിക്കും തനിക്ക് കീഴിൽ പ്രവർത്തിക്കുക എന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു.

### ആരാണ് ചന്ദ്ര ആര്യ?

2015 മുതൽ കാനഡ ജനപ്രതിനിധി സഭയിൽ അംഗമാണ് ചന്ദ്ര ആര്യ. ലിബറൽ എംപിയായ അദ്ദേഹം നേപിയനിൽ നിന്നാണ് തിരഞ്ഞെടുക്കപ്പെട്ടത്. ഇന്ത്യൻ വംശജനായ അദ്ദേഹം കർണാടകയിലെ തുംകൂർ ജില്ലയിലാണ് ജനിച്ചത്. ധാർവാർഡിലെ കൗസാലി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നിന്ന് എംബിഎ ബിരുദവും ഇദ്ദേഹം നേടി. 20 വർഷം മുമ്പാണ് കുടുംബത്തോടൊപ്പം അദ്ദേഹം കാനഡയിലെത്തിയത്.

എൻജിനീയറായി ജോലി ചെയ്തുവരികയായിരുന്ന അദ്ദേഹം പിന്നീട് ഒരു ബാങ്കിലെ നിക്ഷേപ ഉപദേശകനായി മാറി. രാഷ്ട്രീയത്തിൽ സജീവമാകുന്നതിന് മുമ്പ് അദ്ദേഹം ടെക്ബിസിനസ് മേഖലകളിൽ പ്രവർത്തിച്ചിരുന്നു. ഇന്തോകാനഡ ഒട്ടാവ ബിസിനസ് ചേംബറിന്റെ ചെയർമാനായും ഫെഡറേഷൻ ഓഫ് കനേഡിയൻ ബ്രസീലിയൻ ബിസിനസിന്റെ സ്ഥാപക ഡയറക്ടറായും അദ്ദേഹം സേവനമനുഷ്ടിച്ചു.

2015 മുതൽ നേപ്പിയനിൽ നിന്ന് മൂന്ന് തവണയാണ് അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടത്. കാനഡയിലെ ഹിന്ദുക്കളുടെ ക്ഷേമത്തിനായി എന്നും ശബ്ദമുയർത്തിയ അദ്ദേഹം ഇന്ത്യകാനഡ ബന്ധം, ഖലിസ്ഥാൻ തീവ്രവാദം എന്നീ വിഷയങ്ങളിൽ ലിബറൽ എംപിമാരുൾപ്പെടെയുള്ളവരുമായി വാക്കുതർക്കത്തിലേർപ്പെട്ടിട്ടുണ്ട്. രാജ്യത്തെ ഖലിസ്ഥാൻ തീവ്രവാദ പ്രവർത്തനങ്ങളിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ ട്രൂഡോയുടെ അനുയായി ആയിരുന്ന ജഗ്മീത് സിംഗുമായി അദ്ദേഹം വാക്കുതർക്കത്തിലേർപ്പെടുകയും ചെയ്തിരുന്നു.

### പുതിയ നേതാവിനെ മാർച്ചിൽ പ്രഖ്യാപിക്കുമെന്ന് ലിബറൽ പാർട്ടി

പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ പാർട്ടിയുടെ പുതിയ നേതാവിനെ മാർച്ച് 9ന് പ്രഖ്യാപിക്കുമെന്ന് ലിബറൽ പാർട്ടി അറിയിച്ചു. അതേസമയം വരാനിരിക്കുന്ന പൊതുതിരഞ്ഞെടുപ്പിൽ ലിബറൽ പാർട്ടി പരാജയമേറ്റുവാങ്ങുമെന്ന റിപ്പോർട്ടുകൾ പുറത്തുവരികയാണ്. പ്രധാനമന്ത്രി പദത്തിനായുള്ള മത്സരത്തിൽ കൺസർവേറ്റീവ് പാർട്ടി നേതാവ് പിയറി പൊയിലിവ്രെയ്ക്കാണ് മുൻതൂക്കമെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.







## SEEKING BRIDEGROOM

**We are seeking a** suitable alliance for our niece, aged 25, from Idukki. She has completed her B.Tech in Computer Science from Amal Jyothi College of Engineering Kanjirappally. She worked with Infosys for almost 3 years and is currently pursuing a course in Data Analytics. We are looking for a Christian (RCSC) boy from a respected family background.

For more details, please contact:

**Chavara ID: CKTA500214**
**847-778-6907 (Chicago)**

#121124



## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#120424

## വരനെ ആവശ്യമുണ്ട്

ഫ്‌ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി(യുഎസ് സിറ്റിസൺ) അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#010825

## ബേബി സിറ്ററെ ആവശ്യമുണ്ട്

ഷിക്കാഗോയിലെ ഡെസ്‌പ്ലെയിൻസിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് വീട്ടിൽ താമസിച്ചോ വന്നുപോയോ ബേബി സിറ്റിംഗ് നടത്തുന്നതിന് ആളെ ആവശ്യമുണ്ട്.

**വിളിക്കുക: 773–744–0046**
**224–258–2393**

#010825

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.

For more information
**Contact: +1-630-723-1112 or**
**email: siby.joseph1@gmail.com**

#010825


## നൊവേന

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നൊവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**നിജോ തോമസ്**

#011525

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഗിറ്റോ തോമസ്**

#011525


Newspaper for Malayalees Worldwide ◆Estd.2020

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com

For E-Paper reading visit Vachakam.com

Vachakam.com


# യുഎസിലെ മൂന്ന് മുതിർന്ന കരിയർ നയതന്ത്രജ്ഞരോട് രാജിവയ്ക്കാൻ ആവശ്യപ്പെട്ട് ട്രംപ് ടീം

വാഷിംഗ്ടൺ: യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ വർക്ക് ഫോഴ്സിന്റെയും ആന്തരിക ഏകോപനത്തിന്റെയും മേൽനോട്ടം വഹിക്കുന്ന മൂന്ന് മുതിർന്ന കരിയർ നയതന്ത്രജ്ഞരോട് അവരുടെ റോളുകളിൽ നിന്ന് പിന്മാറാൻ നിയുക്ത പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സഹായികൾ ആവശ്യപ്പെട്ടതായി റിപ്പോർട്ട്. ഇത് നയതന്ത്ര സേനയെ സംബന്ധിച്ചിടത്തോളം ആഴത്തിലുള്ള മാറ്റങ്ങളുടെ സൂചന ആണ് നൽകുന്നത്.

പുതിയ ഭരണകൂടത്തിലേക്കുള്ള സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ പരിവർത്തനത്തിന് മേൽനോട്ടം വഹിക്കുന്ന ടീം, ഏജൻസി റിവ്യൂ ടീം, ഡെറെക്ക് ഹൊഗൻ, മാർസിയ ബെർണിക്കറ്റ്, അലീന ടെപ്ലിറ്റ്സ് എന്നിവരോട് അവരുടെ സ്ഥാനങ്ങൾ ഉപേക്ഷിക്കാൻ അഭ്യർത്ഥിച്ചതായി ആണ് അടുത്ത വൃത്തങ്ങൾ അറിയിച്ചത്.

ഒരു പുതിയ പ്രസിഡന്റ് അധികാരമേൽക്കുമ്പോൾ, മിക്ക കരിയർ ഫോറിൻ സർവീസ് ഓഫീസർമാരും ഒരു ഭരണകൂടത്തിൽ നിന്ന് അടുത്തതിലേക്ക് തുടരുന്നു. മൂന്ന് ഉദ്യോഗസ്ഥരും അംബാസഡർമാരായി ഉൾപ്പെടെ



വർഷങ്ങളിലുടനീളം ഡെമോക്രാറ്റിക്, റിപ്പബ്ലിക്കൻ ഭരണങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്.

അതേസമയം ട്രംപ്, തന്റെ പ്രസിഡൻഷ്യൽ പ്രചാരണ വേളയിൽ വിശ്വസ്തരല്ലെന്ന് താൻ കരുതുന്ന ബ്യൂറോക്രാറ്റുകളെ പുറത്താക്കുമെന്ന് വ്യക്തമാക്കിയിരുന്നു.

'ഇത് മോശമായ ഒന്നിന് കളമൊരുക്കുമെന്ന ആശങ്കയുണ്ട്,' എന്ന് ഈ വിഷയത്തിൽ പരിചയമുള്ള ഒരു യുഎസ് ഉദ്യോഗസ്ഥൻ പ്രതികരിച്ചു. 'നമ്മുടെ രാജ്യത്തെയും അമേരിക്കയിലെ ജോലി ചെയ്യുന്ന പുരുഷന്മാരെയും സ്ത്രീകളെയും ഒന്നാമതെത്തിക്കാനുള്ള പ്രസിഡന്റ് ട്രംപിന്റെ കാഴ്ചപ്പാട് പങ്കിടുന്ന ഉദ്യോഗസ്ഥരെ തേടുന്നത് പരിവർത്തനത്തിന് തികച്ചും ഉചിതമാണ്. ഞങ്ങൾക്ക് ഒരുപാട് കാര്യങ്ങൾ ഉണ്ട് പരിഹരിക്കാൻ, അതേ ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പ്രതിബദ്ധതയുള്ള ഒരു ടീം ആവശ്യമാണ് എന്നാണ് ഇതിന്റെ പ്രതികരണമായി ട്രംപിന്റെ ട്രാൻസിഷൻ ടീമിന്റെ വക്താവ് പറഞ്ഞത്.

അതേസമയം ഡിപ്പാർട്ട്മെന്റിന് വ്യക്തിഗത പ്രഖ്യാപനങ്ങളൊന്നുമില്ലെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വക്താവ് പറഞ്ഞു. എന്നാൽ ഇക്കാര്യത്തിൽ ഹൊഗാൻ, ബെർണിക്കറ്റ്, ടെപ്ലിറ്റ്സ് എന്നിവർ പ്രതികരിച്ചില്ല.

മൂന്ന് പേരും മാറിനിൽക്കാൻ ആവശ്യപ്പെടാനുള്ള തീരുമാനം, ആദ്യ ട്രംപ് ഭരണകൂടത്തിന്റെ കാലത്ത്, നേതൃസ്ഥാനങ്ങളിലുള്ള നിരവധി പ്രധാന ഉദ്യോഗസ്ഥരെ അവരുടെ ജോലിയിൽ നിന്ന് നീക്കം ചെയ്തപ്പോൾ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിൽ സ്റ്റാഫ് മാറ്റങ്ങളെ അനുസ്മരിപ്പിക്കുന്നു.

സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിനായുള്ള ട്രംപിന്റെ പദ്ധതികളെക്കുറിച്ച് പരിചിതമായ രണ്ട് വ്യത്യസ്ത ഉറവിടങ്ങൾ അനുസരിച്ച്, അസിസ്റ്റന്റ് സെക്രട്ടറി പോലുള്ള സ്ഥാനങ്ങളിലേക്ക് കൂടുതൽ രാഷ്ട്രീയ നിയമനക്കാരെ നിയമിക്കാൻ ഭരണകൂടം പദ്ധതിയിടുന്നു എന്നതാണ്.

2017 മുതൽ 2021 വരെയുള്ള തന്റെ അവസാന കാലയളവിൽ നയതന്ത്രജ്ഞർ തന്റെ അജണ്ട ഇല്ലാതാക്കിയെന്ന് അദ്ദേഹത്തിന്റെ സഹായികൾക്കിടയിൽ വ്യാപകമായ തോന്നൽ ഉള്ളതിനാൽ, കൂടുതൽ രാഷ്ട്രീയമായി നിയമിതരായ ഉദ്യോഗസ്ഥരെ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലേക്ക് എത്തിക്കാൻ ട്രംപിന്റെ ടീം ആഗ്രഹിക്കുന്നുവെന്ന് ഈ സ്രോതസ്സുകൾ പറഞ്ഞു. ഏജൻസി റിവ്യൂ ടീം ഇതിനകം തന്നെ അത്തരം തസ്തികകളിലേക്ക് ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തുന്നുണ്ടെന്നും രണ്ട് വൃത്തങ്ങളും പറഞ്ഞു.

സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് വെബ്സൈറ്റ് അനുസരിച്ച്, ഹൊഗാൻ സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിന്റെ എക്സിക്യൂട്ടീവ് സെക്രട്ടറിയാണ്, ഡിപ്പാർട്ട്മെന്റ് ബ്യൂറോകൾക്കും വൈറ്റ് ഹൗസിനുമിടയിലുള്ള വിവരങ്ങളുടെ ഒഴുക്ക് നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥനാണ് അദ്ദേഹം. യു.എസ്. ഫോറിൻ സർവീസിന്റെ ഡയറക്ടർ ജനറലും ഡിപ്പാർട്ട്മെന്റിന്റെ തൊഴിൽ സേനയുടെ റിക്രൂട്ട്മെന്റ്, അസൈൻമെന്റ്, കരിയർ വികസനം എന്നിവയ്ക്ക് നേതൃത്വം നൽകുന്ന ആഗോള പ്രതിഭകളുടെ ഡയറക്ടറുമാണ് ബെർനിക്കാറ്റ്. അസിസ്റ്റന്റ് സെക്രട്ടറി ടെപ്ലിറ്റ്സ് മൂന്ന് പതിറ്റാണ്ടിലേറെയായി ഡിപ്പാർട്ട്മെന്റിൽ ഉണ്ട്, ഇദ്ദേഹം വിദേശത്തും വാഷിംഗ്ടണിലും സേവനമനുഷ്ഠിക്കുന്നു. ഏറ്റവും സമീപകാലത്ത്, മാനേജ്മെന്റിനായുള്ള അണ്ടർ സെക്രട്ടറിയുടെ ചുമതലകൾ അവർ നടപ്പിലാക്കുന്നു, ഇത് ബജറ്റ് മുതൽ തൊഴിൽ ശക്തിയിലുടനീളം റിക്രൂട്ട്മെന്റ്, സംഭരണം, മനുഷ്യവിഭവശേഷി വരെയുള്ള പ്രശ്നങ്ങൾക്ക് ഉത്തരവാദികളായ ഒരു ഡസനിലധികം ബ്യൂറോകളുടെ മേൽനോട്ടം വഹിക്കുന്നു.

# ട്രംപ് അധികാരത്തിലെത്തുമ്പോൾ എന്ത് സംഭവിക്കും?

ഡൊണാൾഡ് ട്രംപ് വൈറ്റ് ഹൗസിലേക്ക് മടങ്ങിയെത്താൻ ഇനി ദിവസങ്ങൾ മാത്രം. എന്തൊക്കെയാണ് പുതിയ പ്രസിഡന്റ്നടപ്പിലാക്കുകഎന്നറിയാൻലോകം കാത്തിരിക്കുകയാണ്. യുഎസ് വിപുലീകരണമാണ് ട്രംപ് മുന്നോട്ട് വെയ്ക്കുന്ന പ്രധാന അജണ്ട. ട്രംപ് യുദ്ധ ദാഹിയല്ലെന്ന് അദ്ദേഹത്ത പിന്തുണയ്ക്കുന്നവർ ആവർത്തിച്ച് പറയുമ്പോഴും തന്റെ നയങ്ങൾക്കെതിരെ നിൽക്കുന്ന രാജ്യങ്ങൾക്കെതിരെ സാമ്പത്തിക യുദ്ധമാണ് അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നത്.

കാനഡ, മെക്സിക്കോ, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങൾക്ക് മേൽ അധിക തീരുവ ഏർപ്പെടുത്തുമെന്ന് ട്രംപ് ആവർത്തിച്ച് മുന്നറിയിപ്പ് നൽകിയിരുന്നു. ട്രംപ് ലക്ഷ്യം വെയ്ക്കുന്നത് യുഎസ് വിപുലീകരണമാണ്. ഇതിന്റെ ഉത്തമ ഉദാഹരണമാണ് കാനഡയെ അമേരിക്കയോട് ചേർത്തുനിർത്താനുള്ള ട്രംപിന്റെ ശ്രമം. കൂടാതെ പനാമ കനാലും ഗ്രീൻലാൻഡ് ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ട്രംപ് നടത്തിയ പരാമർശങ്ങളും ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. മെക്സിക്കോയ്ക്ക് മേലും ട്രംപിന്റെ നോട്ടമുണ്ടെന്ന് വ്യക്തമാണ്. രാഷ്ട്രത്തലവൻ എന്ന നിലയിലുള്ള പ്രസ്താവനകളും പ്രഖ്യാപനങ്ങളും പുറപ്പെടുവിക്കാൻ ട്രംപ് സത്യപ്രതിജ്ഞ വരെ കാത്തിരിക്കുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമായിരിക്കുകയാണ്.

പനാമ കനാലും ഗ്രീൻലാൻഡും ഏറ്റെടുക്കുന്നതിനുള്ള സൈനിക നടപടി തള്ളിക്കളയാനും ട്രംപ് തയ്യാറായിട്ടില്ല. ഗൾഫ് ഓഫ് മെക്സിക്കോയെ 'ഗൾഫ് ഓഫ് അമേരിക്ക' എന്ന് പുനർനാമകരണം ചെയ്യണമെന്ന് ട്രംപ് ആവർത്തിച്ച് പറയുന്നുണ്ട്. അധികാരമേൽക്കുമ്പോൾ ഇക്കാര്യങ്ങൾ നേടാൻ ട്രംപ് എന്ത് നിലപാട് സ്വീകരിക്കുമെന്നാണ് ലോകം കാത്തിരിക്കുന്നത്.



### എന്തുകൊണ്ട് പനാമ കനാൽ

അറ്റ്ലാന്റിക്-പസഫിക്ക് സമുദ്രങ്ങളെ കൂട്ടിയിണക്കുന്ന പാനമ കനാലിനെ ട്രംപ് ലക്ഷ്യം വെയ്ക്കുന്നതിന്റെ പിന്നിൽ സാമ്പത്തിക നേട്ടം തന്നെയാണ്. ലോക സമുദ്ര വാണിജ്യത്തിന്റെ അഞ്ച് ശതമാനവും ഈ കനാൽ വഴിയാണ് നടക്കുന്നത്. ഇതിൽ ഏറ്റവും ശ്രദ്ധിക്കേണ്ട കാര്യം ഇതിലൂടെ കടന്നുപോകുന്ന 74 ശതമാനം കപ്പലുകളും അമേരിക്കയുടേതാണ് എന്നതാണ്.

കപ്പലുകൾക്ക് കടന്നുപോകാൻ കനാലിലേക്ക് വെള്ളം നൽകുന്ന ഗെതുൻ തടാകം വരൾച്ചയെ നേരിടുകയാണ്. അതിനാൽജനുവരിഒന്നുമുതൽഷിപ്പിങ്ചാർജ് പാനമ വർധിപ്പിച്ചതാണ് ട്രംപിന്റെ പ്രകോപനത്തിന്റെ പ്രധാനകാരണം. കൂടാതെ ചൈനീസ് സൈനികരുടെ സ്വാധീനം വർധിക്കുന്നതും ട്രംപിന്റെ പ്രകോപനത്തിന്റെ പിന്നിലുള്ള കാരണമായി വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. നിലവിലെ കണക്കനുസരിച്ച് ഒരു വർഷം 14,000 കപ്പൽകടന്നുപോകുന്നപാനമകനാലിന്റെനിയന്ത്രണം തിരിച്ചുപിടിക്കുക എന്നത് അമേരിക്കയെ സംബന്ധിച്ച് വളരെ നിർണായകമാണ്.

### ഗ്രീൻലൻഡും അമേരിക്കയും

ഗ്രീൻലാൻഡ് പിടിച്ചെടുക്കുന്നതിൽ ട്രംപ് സ്വീകരിക്കുന്ന സമീപനവും ഏകദേശം ഇതുതന്നെയാണ്. ലോകത്തിലെ ഏറ്റവും വലിയ ദ്വീപായ ഗ്രീൻലാൻഡ് ഡെന്മാർക്കിന്റെ ഭാഗമാണ്. ഐസുമൂടി കിടക്കുന്ന ഈ പ്രദേശം ധാതുലവണങ്ങളുടെയും എണ്ണയുടെയും വൻ ശേഖരമാണെന്നാണ് കണ്ടെത്തിയിരുന്നു. ഒന്നര ലക്ഷം കോടി ഡോളർ ഡെന്മാർക്കിന് നൽകി ഗ്രീൻലാൻഡ് കൈവശപ്പെടുത്തിയാലും അമേരിക്കയ്ക്ക് ലാഭം നേടാൻ കഴിയുമെന്നാണ് ഫോക്സ് ന്യൂസ് റിപ്പോർട്ട് ചെയ്യുന്നത്.

### കാനഡയും അമേരിക്കയും

തിരഞ്ഞെടുപ്പ് വിജയിച്ചപ്പോൾ മുതൽ ട്രംപ് കാനഡയെ അമേരിക്കയോട് ചേർക്കുന്നതുമായി ബന്ധപ്പെട്ട് നിരന്തരം പോസ്റ്റുകൾ പങ്കുവെച്ചിരുന്നു. പ്രധാനമന്ത്രിയായിരുന്ന ജസ്റ്റിൻ ട്രൂഡോയെ കാനഡയുടെ ഗവർണർ എന്ന് വിശേഷിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ ട്രൂഡോയുടെ രാജിക്ക് പിന്നാലെ ഇതേ കാര്യം ട്രംപ് വീണ്ടും സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിരുന്നു. കാനഡയുടെ ഉയർന്ന വ്യാപാര കമ്മിയും സബ്സിഡികളും അമേരിക്കയ്ക്ക് തുടരാനാകില്ലെന്നും കാനഡ നേരിടുന്ന പ്രശ്നങ്ങൾ ജസ്റ്റിൻ ട്രൂഡോക്ക് അറിയാമെന്നും ട്രംപ് പറഞ്ഞിരുന്നു.

കാനഡ യുഎസിൽ ലയിച്ചാൽ അധികനികുതികൾഉണ്ടാകില്ല.മറ്റ്നികുതികൾ കുറയും. അതുപോലെ ഇപ്പോൾ റഷ്യൻ, ചൈനീസ് കപ്പലുകൾ മൂലം നേരിടുന്ന ഭീഷണികളിൽ നിന്ന് സുരക്ഷിതത്വവും ലഭിക്കുമെന്നും നിയുക്ത പ്രസിഡന്റ് ആവർത്തിച്ച് പറയുന്നു. പിന്നാലെ കാനഡയെ യുഎസിന്റെ ഭാഗമായി ചിത്രീകരിക്കുന്ന ഭൂപടവും ട്രംപ് പങ്കുവെച്ചിരുന്നു. ഇത്രയും നാൾ നിശബ്ദമായിരുന്ന കാനഡ ഇതിനെതിരെ രംഗത്തിയിട്ടുണ്ട്. അമേരിക്കയുടെ ഭാഗമായ സ്ഥലങ്ങളും, അല്ലാത്തതും എന്ന് വേർതിരിച്ചു കാണിക്കുന്ന ഒരുഭൂപടമാണ് ലിബറൽ പാർട്ടി പങ്കുവെച്ചിരിക്കുന്നത്.

### കാനഡ അമേരിക്കയുടെ 51–ാം സംസ്ഥാനമായാൽ ഭൂവിസ്തൃതി:

കാനഡ അമേരിക്കയുടെ ഭാഗമാകുന്നതോടെ ലോകത്തിലെ ഏറ്റവും വലിയ രാജ്യമായി അമേരിക്ക മാറും. വലിപ്പത്തിൽ റഷ്യയെ മറികടക്കാൻ അമേരിക്കയ്ക്ക് കഴിയും.

### സമ്പദ്‌വ്യവസ്ഥ:

വിസ്തീർണ്ണത്തിന്റെ കാര്യത്തിൽ അമേരിക്കയിലെ ഏറ്റവും വലിയ സംസ്ഥാനമായിരിക്കും കാനഡ. കൂടാതെ സാമ്പത്തികസ്ഥിതിയിൽ മൂന്നാമത്തെ വലിയ സംസ്ഥാനമായി കാനഡ മാറും. കാലിഫോർണിയയും ടെക്സാസുമായിരിക്കും ഈ പട്ടികയിൽ കാനഡയ്ക്ക് മുന്നിൽ.

കാനഡയുടെലയനംഅമേരിക്കൻസമ്പദ്‌വ്യവസ്ഥയെകൂടുതൽശക്തമാക്കും. തൽഫലമായി അമേരിക്കയുടെ സമ്പദ്‌വ്യവസ്ഥ ചൈനയെ മറികടന്ന് ഏകദേശം 30 ട്രില്യൺ യുഎസ് ഡോളറിലെത്തും.

### സൈന്യം:

കാനഡയുടെ വടക്കൻ അതിർത്തി പ്രദേശങ്ങളും സംസ്ഥാനങ്ങളും ഉപയോഗിച്ച് ആർട്ടിക് പ്രദേശത്ത് സ്വാധീനം ചെലുത്താൻ അമേരിക്കയ്ക്ക് സാധിക്കും. ഇതിലൂടെ തന്ത്രപ്രധാനമായ വടക്കുപടിഞ്ഞാറൻ പാതയുടെ നിയന്ത്രണത്തിലേക്ക് എത്താനും സാധിക്കും. കാനഡയുടെ ഒരുലക്ഷം വരുന്ന സൈന്യത്തെ യുഎസ് സൈന്യത്തിലേക്ക് സംയോജിപ്പിച്ച് നേട്ടങ്ങളുണ്ടാകാൻ സാധിക്കുമെന്നാണ് അമേരിക്ക കരുതുന്നത്. കൂടാതെ 65 കനേഡിയൻ എയർഫോഴ്സ് ഫൈറ്റർ ജെറ്റുകൾ, 143 ഹെലികോപ്ടറുകൾ, കനേഡിയൻ നാവികസേനയുടെ 14 യുദ്ധകപ്പലുകൾ, നാല് അന്തർവാഹിനികൾ തുടങ്ങിയവയും അമേരിക്കയുടെ നിയന്ത്രണത്തിന് കീഴിലാകും.

### വിഭവങ്ങൾ:

കാനഡ യുഎസിൽ ലയിക്കുന്നതോടെ വിശാലമായ വിഭവങ്ങൾ ഉപയോഗിക്കാൻ അമേരിക്കയ്ക്ക് സാധിക്കും. ആർട്ടിക് വിഭവങ്ങൾ ഉപയോഗിക്കാനും കാനഡയുടെ പ്രകൃതിദത്ത വിഭവങ്ങൾക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്താനും അമേരിക്കയ്ക്ക് കഴിയും. ലോകത്തിലെ ഏറ്റവും വലിയ ശുദ്ധജലശേഖരവും ആഗോള ഇന്ധനശേഖരത്തിന്റെ 13 ശതമാനവും കൈയടക്കാൻ അമേരിക്കയ്ക്ക് കഴിയും. ഇന്ധനശേഖരത്തിന്റെ കാര്യത്തിൽ റഷ്യ,ഇറാഖ്, ഇറാൻ എന്നിവയെ മറികടക്കാനും യുഎസിന് സാധിക്കും.

### ജനസംഖ്യ:

കാനഡ അമേരിക്കയിൽ ലയിക്കുന്നതോടെ അമേരിക്കയുടെ ആകെ ജനസംഖ്യ 40 ദശലക്ഷം വർധിച്ച് 380 ദശലക്ഷമായി മാറും.

### ലയനം സാധ്യമോ?

കാനഡ അമേരിക്കയുടെ 51ാം സംസ്ഥാനമായി മാറുമെന്നത് പ്രായോഗികമല്ലെന്നാണ് വിലയിരുത്തപ്പെടുന്നത് രാഷ്ട്രീയസാമൂഹികസാംസ്കാരിക പ്രശ്നങ്ങൾ ലയനത്തിന് വെല്ലുവിളി തീർക്കുന്നു. കൂടാതെ ദീർഘകാലമായി നിലനിൽക്കുന്ന ഉഭയകക്ഷി പങ്കാളിത്തവും അന്താരാഷ്ട്രബന്ധങ്ങളും ലയന സാധ്യത അപ്രായോഗികമാക്കുന്നു. എന്തുതന്നെയായാലും അധികാരത്തിൽ എത്തിയാൽ ഇക്കാര്യങ്ങളെല്ലാം ട്രംപ് നടപ്പിലാക്കുമോ എന്ന് അറിയാനാണ് ലോകം ഉറ്റുനോക്കുന്നത്.






# ജസ്റ്റിൻ ട്രൂഡോയുടെ രാജി ഇന്ത്യക്കാർക്ക് തിരിച്ചടിയാകുമോ?



കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുടെ രാജി അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും നിലനിൽപ്പിന് ഭീഷണിയാകുമെന്ന് റിപ്പോർട്ട്. ഇത്തരത്തിൽ ജസ്റ്റിൻ ട്രൂഡോയുടെ രാജി വലിയ ചർച്ചകൾക്ക് വഴിയൊരുക്കിയിരുന്ന അവസരത്തിൽ ഇന്ത്യക്കാർക്ക് ഇത് പ്രതികൂലമാകുമോ എന്ന് നോക്കാം.

കുടിയേറ്റ നിയന്ത്രണവുമായി ബന്ധപ്പെട്ട് ട്രൂഡോ കുറെ പദ്ധതികൾ തയാറാക്കിയെങ്കിലും വിദേശ വിദ്യാർത്ഥികൾക്ക് ഏറ്റവും മികച്ച കാലഘട്ടങ്ങളിൽ ഒന്നായിരുന്നു ട്രൂഡോയുടെ ഭരണകാലമെന്നാണ് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നത്. ലിബറൽ ഇമിഗ്രേഷൻ നയങ്ങളിൽ നിന്ന് കാര്യമായ പ്രയോജനം നേടിയ അന്തർദേശീയ വിദ്യാർത്ഥികൾക്ക്, പ്രത്യേകിച്ച് ഇന്ത്യക്കാർക്ക്, ട്രൂഡോയുടെ ഭരണകാലം ഒരു സുവർണ്ണ കാലഘട്ടമായാണ് വിലയിരുത്തപ്പെടുന്നത്. ഇമിഗ്രേഷൻ, റഫ്യൂജീസ്, സിറ്റിസൺഷിപ്പ് കാനഡയിൽ നിന്നുള്ള കണക്കുകൾ പ്രകാരം 2015 മുതൽ 2024 വരെ ഏകദേശം 1.3 ദശലക്ഷം ഇന്ത്യൻ വിദ്യാർത്ഥികളാണ് ഉപരിപഠനത്തിനായി കാനഡ തിരഞ്ഞെടുത്തത്.

2015 മുതൽ 2023 വരെയുള്ള ട്രൂഡോയുടെ ഭരണകാലത്ത് അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ച് ഇന്ത്യയിൽ നിന്നുള്ളവർക്ക് നിരവധി അവസരങ്ങളും ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. 2015ൽ 31,920 ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മാത്രമേ വിദ്യാഭ്യാസ അനുമതി ലഭിച്ചിരുന്നുള്ളു. ഇത് ആകെ അന്താരാഷ്ട്ര വിദ്യാർത്ഥി ജനസംഖ്യയുടെ 14.5 ശതമാനമാണ്. എന്നാൽ 2023 ആയപ്പോഴേക്കും വിദ്യാഭ്യാസ അനുമതി ലഭിച്ച ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം 278,250 ആയി ഉയർന്നു. എന്നാൽ ഈയടുത്ത് കനേഡിയൻ സർക്കാർ അന്താരാഷ്ട്ര വിദ്യാർത്ഥി പ്രവേശനത്തിന് കർശനമായ ഉപാധികൾ മുന്നോട്ടു കൊണ്ടുവന്നിരുന്നു. ഇതോടെ 2024ൽ സ്റ്റഡി പെർമിറ്റ് ലഭിച്ച ഇന്ത്യൻ വിദ്യാർത്ഥികളുടെ എണ്ണം നാല് ശതമാനം കുറഞ്ഞു.

കാനഡയിലെ കൺസർവേറ്റീവ് നേതാവും പ്രധാനമന്ത്രി പദത്തിനായുള്ള പോരാട്ടത്തിലെ മുൻനിരക്കാരനുമായ പിയറി പൊയിലിവ്രെ ട്രൂഡോയുടെ കുടിയേറ്റ നയങ്ങളുടെ കടുത്ത വിമർശകനാണ്. രാജ്യത്തെ താൽക്കാലിക വിദേശ തൊഴിലാളി (TFW) പദ്ധതിയിൽ മാറ്റം കൊണ്ടുവന്ന ട്രൂഡോ സർക്കാരിനെ പൊയിലിവ്രെ പരസ്യമായി ശകാരിച്ചിരുന്നു. ഈ പദ്ധതി കാർഷിക മേഖലയ്ക്കായി സംരക്ഷിക്കണമെന്നാണ് പൊയിലിവ്രെയുടെ വാദം. കനേഡിയൻ പൗരൻമാരുടെ തൊഴിലവസരങ്ങൾക്ക് വെല്ലുവിളിയാകുന്ന താൽകാലിക വിദേശ തൊഴിലാളികളെ കുറയ്ക്കാനും പൊയിലിവ്രെ പദ്ധതിയിടുന്നുണ്ട്.

വരാനിരിക്കുന്ന പാർലമെന്റ് തിരഞ്ഞെടുപ്പിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാനൊരുങ്ങുകയാണ് പൊയിലിവ്രെ. പ്രധാനമന്ത്രിയായി അധികാരത്തിലേറിയാൽ രാജ്യത്തിന്റെ കുടിയേറ്റ സംവിധാനത്തിൽ കാര്യമായ മാറ്റങ്ങൾ വരുത്തുമെന്നും അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നു. പൊയിലിവ്രെ അധികാരത്തിലെത്തിയാൽ അന്താരാഷ്ട്ര വിദ്യാർത്ഥികൾക്ക് പഠനാനുമതി ലഭിക്കുന്നതിലും വെല്ലുവിളികൾ നേരിടേണ്ടി വരും.

ഈ മാറ്റങ്ങൾ ഇന്ത്യൻ വിദ്യാർത്ഥികളെയും കുടിയേറ്റക്കാരെയും ബാധിക്കുമെന്നും എൻഡിടിവി റിപ്പോർട്ടിൽ പറയുന്നു. ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സ്റ്റഡി പെർമിറ്റ് ലഭിക്കുന്നതിലും കാനഡയിൽ സ്ഥിരതാമസത്തിനുള്ള അനുമതി ലഭിക്കുന്നതിലും വെല്ലുവിളികൾ നേരിടേണ്ടിവരുമെന്ന് വിദഗ്ധർ സൂചന നൽകുന്നു.

ജോലിയ്ക്കായുള്ള യോഗ്യതാ മാനദണ്ഡങ്ങളും പരിഷ്കരിക്കപ്പെടാം. അതെല്ലാം കാനഡയിൽ സ്ഥിരതാമസത്തിനുള്ള അനുമതി ലഭിക്കാനുള്ള സാധ്യത കുറയ്ക്കും. കൂടാതെ കനേഡിയൻ സർവകലാശാലകളിലും കോളേജുകളിലും പ്രവേശനത്തിനായുള്ള മത്സരം വർധിക്കുന്നതും ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വെല്ലുവിളി തീർക്കും. പ്രത്യേകിച്ച് അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണം കുറയ്ക്കാൻ സർക്കാർ തീരുമാനമെടുക്കുന്ന സാഹചര്യത്തിൽ പരിമിതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് പ്രവേശനം ലഭിക്കാൻ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് കടുത്ത മത്സരം നേരിടേണ്ടി വരും.

അതോടൊപ്പം സ്റ്റഡി പെർമിറ്റിനായുള്ള അപേക്ഷ പ്രക്രിയ ദൈർഘ്യമേറിയതാകും. കൂടാതെ കർശനമായ യോഗ്യതാ മാനദണ്ഡങ്ങളും പ്രാബല്യത്തിൽ വരുന്നതോടെ കാനഡയിൽ വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ ബുദ്ധിമുട്ടിലാകും. അധികാരത്തിലെത്തിയാൽ താൽക്കാലിക വിദേശതൊഴിലാളികളെ നിയന്ത്രിക്കുന്ന നയം നടപ്പിലാക്കുമെന്ന പൊയിലിവ്രെയുടെ മുന്നറിയിപ്പ് കാനഡയിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാരെയും ബാധിക്കും. ഇതോടെ ഇന്ത്യയിൽ നിന്നുള്ള കുടിയേറ്റക്കാർക്ക് തൊഴിലവസരങ്ങൾ കുറയുമെന്നും സൂചനയുണ്ട്.

### കാനഡയുടെ പുതിയ തൊഴിൽ പെർമിറ്റ് നിയമം;

# ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികൾക്ക് പ്രയോജനം



കാനഡയിൽ പഠിക്കുന്ന വിദേശ വിദ്യാർത്ഥികളുടെയും, അവിടെ ജോലി ചെയ്യുന്ന വിദേശ തൊഴിലാളികളുടെയും പങ്കാളികൾക്കുള്ള ഓപ്പൺ വർക്ക് പെർമിറ്റ് (OWP) നിയമങ്ങളിൽ കാനഡ സർക്കാർ സുപ്രധാന മാറ്റങ്ങൾ വരുത്തി. 2025 ജനുവരി 21 മുതൽ പ്രാബല്യത്തിൽ വരുന്ന പുതിയ നിയമം ആയിരക്കണക്കിന് ഇന്ത്യക്കാർക്ക് പ്രയോജനകരമാകും. പ്രത്യേകിച്ച് കാനഡയിലെ അന്താരാഷ്ട്ര വിദ്യാർത്ഥികളിൽ വലിയൊരു ശതമാനവും ഇന്ത്യയിൽ നിന്നുള്ളവരായതിനാൽ ഈ മാറ്റം അവർക്ക് ഏറെ ഗുണകരമാകും.

പുതിയ നിയമപ്രകാരം, ചില പ്രത്യേക മാനദണ്ഡങ്ങൾ പാലിക്കുന്ന വിദ്യാർത്ഥികളുടെയും തൊഴിലാളികളുടെയും പങ്കാളികൾക്ക് മാത്രമേ ഛണജക്ക് അപേക്ഷിക്കാൻ സാധിക്കൂ. പഠന കോഴ്സിന്റെ ദൈർഘ്യം, ഉയർന്ന തൊഴിൽ സാധ്യതയുള്ള മേഖലകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് അപേക്ഷകരെ തിരഞ്ഞെടുക്കുന്നത്.

മാസ്റ്റേഴ്സ് പ്രോഗ്രാമിൽ 16 മാസത്തിൽ കൂടുതൽ പഠിക്കുന്നവരുടെയും, ഡോക്ടറൽ പ്രോഗ്രാമുകളിൽ പഠിക്കുന്നവരുടെയും, തിരഞ്ഞെടുത്ത പ്രൊഫഷണൽ പ്രോഗ്രാമുകളിൽ പഠിക്കുന്നവരുടെയും പങ്കാളികൾക്ക് പുതിയ നിയമം അനുസരിച്ച് ഛണജക്ക് അപേക്ഷിക്കാം.

അതുപോലെ, TEER1 വിഭാഗത്തിൽ ജോലി ചെയ്യുന്ന വിദേശ തൊഴിലാളികളുടെയും, തൊഴിൽ ക്ഷാമം അനുഭവപ്പെടുന്ന TEER 2, TEER 3 വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവരുടെയും, സർക്കാർ മുൻഗണന നൽകുന്ന മേഖലകളിൽ ജോലി ചെയ്യുന്നവരുടെയും പങ്കാളികൾക്കും OWP ലഭിക്കും. പ്രകൃതി ശാസ്ത്രം, അപ്ലൈഡ് സയൻസസ്, നിർമ്മാണം, ആരോഗ്യ സംരക്ഷണം, പ്രകൃതി വിഭവങ്ങൾ, വിദ്യാഭ്യാസം, കായികം, സൈന്യം തുടങ്ങിയ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ പങ്കാളികൾക്കാണ് പ്രധാനമായും ഇതിന്റെ പ്രയോജനം ലഭിക്കുക എന്ന് ഇമിഗ്രേഷൻ, റെഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ (IRCC) അറിയിച്ചു.

വിദേശ തൊഴിലാളിയുടെ വർക്ക് പെർമിറ്റിന് കുറഞ്ഞത് 16 മാസത്തെ കാലാവധി ബാക്കിയുണ്ടായിരിക്കണം എന്നതാണ് മറ്റൊരു നിബന്ധന. കൂടാതെ, ആശ്രിതരായ കുട്ടികൾക്കുള്ള ഫാമിലി OWPയുടെ അർഹതാ മാനദണ്ഡങ്ങളിലും കാനഡ സർക്കാർ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പഴയ നിയമപ്രകാരം അംഗീകാരം ലഭിച്ചവരുടെ കുടുംബാംഗങ്ങൾക്ക് നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് പുതുക്കുന്നതിന് അപേക്ഷിക്കാം. ഫാമിലി OWPക്ക് അർഹതയില്ലാത്തവർക്ക് കാനഡയുടെ മറ്റ് വർക്ക് പെർമിറ്റ് പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാവുന്നതാണ് എന്നും കഞഇഇ അറിയിച്ചു.

2023ൽ കാനഡ നൽകിയ പഠന പെർമിറ്റുകളിൽ ഏകദേശം 37% ഇന്ത്യക്കാർക്കായിരുന്നു. ഈ പുതിയ നിയമം ഇന്ത്യൻ വിദ്യാർത്ഥികളുടെ പങ്കാളികളെയും കുടുംബങ്ങളെയും കാനഡയുടെ തൊഴിൽ ശക്തിയിലേക്ക് കൂടുതൽ അടുപ്പിക്കാൻ സഹായിക്കും.

കാനഡയുടെ താൽക്കാലിക റെസിഡന്റ് പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുന്നതിന്റെയും രാജ്യത്തിന്റെ സാമ്പത്തിക, തൊഴിൽ വിപണി ആവശ്യകതകൾ നിറവേറ്റുന്നതിന്റെയും ഭാഗമാണ് ഈ പുതിയ നീക്കം. താൽക്കാലിക റെസിഡന്റുമാരുടെ എണ്ണം 2026 ഓടെ കാനഡയുടെ മൊത്തം ജനസംഖ്യയുടെ 6.5% ൽ നിന്ന് 5% ആയി കുറയ്ക്കുവാനും കാനഡ സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 2025ൽ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ പഠന പെർമിറ്റുകളുടെ എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്. 2024ൽ 4,85,000 പെർമിറ്റുകൾ നൽകാൻ ലക്ഷ്യമിട്ടിരുന്നത് 2025ൽ 4,37,000 ആയി കുറച്ചു. 2026ൽ ഈ എണ്ണത്തിൽ മാറ്റമുണ്ടാകില്ല എന്നും IRCC അറിയിച്ചു.



# ജാമ്യംവച്ച് ബോബി നാടകം മാപ്പുപറഞ്ഞ് തലയൂരി

## കളി കാര്യമായി, ബോബി ചെമ്മണൂരിനെ വിരട്ടി ഹൈക്കോടതി

കൊച്ചി: ജയിലിലും കോടതിയിലുമായി ഒരു രാപ്പകൽ നീണ്ട നാടകീയ സംഭവങ്ങൾക്കൊടുവിൽ വ്യവസായി ബോബി ചെമ്മണൂർ ജാമ്യമെടുത്ത് തലയൂരി. നടി ഹണി റോസിനെ ലൈംഗികമായി അധിക്ഷേപിച്ചെന്ന കേസിൽ ജാമ്യം ലഭിച്ചിട്ടും ജയിലിൽ തുടർന്ന ബോബി, ഹൈക്കോടതിയുടെ രോഷത്തിൽ നിന്ന് കഷ്ടിച്ചാണ് രക്ഷപ്പെട്ടത്.

ചൊവ്വാഴ്ച വൈകിട്ട് ജാമ്യഉത്തരവും പിന്നാലെ വിടുതൽ ഉത്തരവും ഇറങ്ങിയെങ്കിലും ബോണ്ട് ഒപ്പിടാതെ അദ്ദേഹം ജയിലിൽ തുടരുകയായിരുന്നു. ഇന്നലെ മൂന്നു തവണ കേസ് പരിഗണിച്ച കോടതി രൂക്ഷവിമർശനവുമായി ബോബിയെ കുടഞ്ഞു. ജാമ്യത്തുക കെട്ടിവയ്ക്കാനില്ലാത്ത റിമാൻഡ് തടവുകാർക്ക് സഹായമെത്തിക്കാനാണ് ജയിലിൽ തുടർന്നതെന്ന ബോബിയുടെ വാക്കുകളാണ് കോടതിയെ ചൊടിപ്പിച്ചത്.

ജുഡിഷ്യറിയോടുള്ള യുദ്ധപ്രഖ്യാപനമാണ് ബോബിയുടേതെന്ന് വിമർശിച്ച ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ, ജാമ്യം റദ്ദാക്കാനുള്ള നടപടികൾക്കും മുതിർന്നു. നിരുപാധികം മാപ്പപേക്ഷിക്കാൻ ബോബി തയാറാണെന്ന് അഭിഭാഷകൻ ഉറപ്പുനൽകിയ സാഹചര്യത്തിലാണ് കോടതി അയഞ്ഞത്.



ഹൈക്കോടതി അസാധാരണ നടപടിയിലേക്ക് കടക്കുമെന്ന് ഇന്നലെ രാവിലെ തന്നെ സൂചനയുണ്ടായിരുന്നു. 10.15ന് അഭിഭാഷകരെ വിളിച്ചു വരുത്തുമെന്നും അറിയിപ്പുണ്ടായി. ഇതിന് തൊട്ടു മുൻപ് 9.50ന് ബോബി ജയിലിൽ നിന്ന് പുറത്തിറങ്ങി. സഹതടവുകാരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചാണ് രാത്രി മുഴുവൻ തുടർന്നതെന്നും മാദ്ധ്യമങ്ങളോട് പ്രതികരിച്ചു. രാവിലെ മോചിതനായപ്പോൾ സ്വീകരിക്കാൻ ഒട്ടേറെപ്പേർ എത്തി. പൊട്ടിക്കാൻ കൊണ്ടുവന്ന മാലപ്പടക്കം പൊലീസ് പിടിച്ചെടുത്തു.

10.15ന് വിഷയം പരിഗണിച്ച സിംഗിൾബെഞ്ച്, നിയമത്തിന് മുകളിലാണെന്ന് ഹർജിക്കാരന് തോന്നുന്നുണ്ടോയെന്നും കോടതിയോട് നാടകം കളിക്കുകയാണോയെന്നും ചോദിച്ചു. ജാമ്യ ഉത്തരവ് കൈമാറിയത് ഇന്നലെ രാവിലെയാണെന്നും ഉടൻ തന്നെ തന്റെ കക്ഷി പുറത്തിറങ്ങിയെന്നും അഭിഭാഷകൻ അറിയിച്ചു. എവിടെയാണ് വീഴ്ചയുണ്ടായെന്ന് ഉച്ചയ്ക്ക് 12 മണിക്കകം അറിയിക്കാനായിരുന്നു നിർദ്ദേശം. 12.30ന് ബോബി തൃശൂർ പ്രസ് ക്ലബിൽ വാർത്താ സമ്മേളനത്തിന് പദ്ധതിയിട്ടെങ്കിലും മാറ്റിവച്ചു.

ഉത്തരവ് കൈമാറുന്നതിൽ കാലതാമസമുണ്ടായിട്ടില്ലെന്ന് 12ന് കേസെടുത്തപ്പോൾ കോടതി വ്യക്തമാക്കി. മാദ്ധ്യമശ്രദ്ധ നേടാണ് ബോബി ശ്രമിച്ചത്. എന്തും വിലയ്ക്ക് വാങ്ങാമെന്നാണോ കരുതുന്നതെന്നും കോടതി ചോദിച്ചു. ബോബി മാദ്ധ്യമങ്ങളോട് പ്രതികരിച്ചിട്ടുണ്ടെങ്കിൽ അത് അറിയിക്കണമെന്നും വേണ്ടിവന്നാൽ ജാമ്യം റദ്ദാക്കുമെന്നും മുന്നറിയിപ്പുനൽകി. കേസ് വീണ്ടും 1.45ന് പരിഗണിക്കാൻ മാറ്റി.

ഇതിന് 5 മിനിറ്റ് മുമ്പ് ബോബി തൃശൂരിൽ മാദ്ധ്യമങ്ങളെ കണ്ടു. കോടതിയോട് ബഹുമാനമാണെന്നും മാപ്പു പറയാൻ തയാറാണെന്നും വ്യക്തമാക്കി. ഇക്കാര്യം അഭിഭാഷകൻ അഡ്വ. ധിനിൽ ഹൈക്കോടതിയിലും അറിയിച്ചു. റിമാൻഡ് തടവുകാരെ പരാമർശിച്ച് നേരത്തേ പറഞ്ഞ അഭിപ്രായം ബോബിയുടെ നാവുപിഴയാണെന്നും ഇനി ഇക്കാര്യത്തിൽ വായ് തുറക്കരുതെന്ന് മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചു.

നിരുപാധിക മാപ്പപേക്ഷയ്ക്ക് തന്റെ കക്ഷി തയാറാണെന്നു കൂടി അറിയിച്ചതോടെയാണ് ജാമ്യം റദ്ദാക്കൽ നീക്കത്തിൽ നിന്ന് കോടതി പിൻവാങ്ങിയത്.

### ബോബിക്കെതിരായ നടപടി: സ്ഥാനം നോക്കിയല്ലെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: ബോബി ചെമ്മണ്ണൂരിനെതിരേയുള്ള പൊലീസ് നടപടി സ്ത്രീകൾക്കെതിരായ അതിക്രമത്തിന് നേതൃത്വം കൊടുത്തയാളിന്റെ സമൂഹത്തിലെ സ്ഥാനമോ പണത്തിന്റെ വലിപ്പമോ സ്വാധീനമോ നോക്കിയല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിലെ നിലപാട് നേരത്തേ പ്രഖ്യാപിച്ചിരുന്നതാണ്. സർക്കാർ നിലപാടു സംബന്ധിച്ചു നേരത്തെ തന്നെ സന്ദേശം നൽകിയതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

നെയ്യാറ്റിൻകരയിലെ ഗോപൻ സ്വാമിയുടെ സമാധിയുമായി ബന്ധപ്പെട്ടു കോടതിയുടെ പരിഗണനയിലുള്ള കാര്യത്തിൽ കോടതി തീരുമാനമെടുത്തു കാണുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും നിയമം അതിന്റെ വഴിക്ക് നീങ്ങട്ടെയെന്നും മുഖ്യമന്ത്രി പറഞ്ഞു. കോടതിയുടെ നിർദേശത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടി ഇക്കാര്യത്തിൽ സ്വീകരിക്കും. സമൂഹത്തിന്റെ മനസിൽ നിരവധി ചോദ്യങ്ങളുയർത്തുന്ന സംഭവമാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.









# ഗോപൻ സ്വാമിയുടെ മൃതദേഹം കല്ലറയിൽ നിന്നും പുറത്തെടുത്തു



നെയ്യാറ്റിൻകര: പിതാവിനെ മക്കൾ സമാധി ഇരുത്തിയെന്ന ദുരൂഹ സംഭവത്തിൽ ഗോപൻ സ്വാമിയുടെ വിവാദ കല്ലറ പോലീസ് തുറന്നു. മൃതദേഹത്തിനു ചുറ്റും ഭസ്മവും സുഗന്ധദ്രവ്യങ്ങളുമുണ്ട്.

മൊഴിയിൽ പറഞ്ഞതുപ്രകാരമാണു മൃതദേഹം ഇരിക്കുന്നതെന്നു പോലീസ് പറഞ്ഞു. സംഘർഷസാധ്യത കണക്കിലെടുത്ത് 2 ഡിവൈ.എസ്.പിമാരുടെ നേതൃത്വത്തിൽ വൻ പോലീസ് സന്നാഹം പുലർച്ചെതന്നെ സ്ഥലത്ത് എത്തിയിരുന്നു.

ജില്ലാ ഭരണകൂടമാണു കാര്യങ്ങൾ ഏകോപിപ്പിക്കുന്നത്. കല്ലറയിലേക്കുള്ള വഴി രാവിലെത്തന്നെ അടച്ചു. ഇവിടെ പൊതുജനങ്ങൾക്കും മാധ്യമപ്രവർത്തകർക്കും പ്രവേശനമുണ്ടായില്ല. ടാർപോളിൻ ഉപയോഗിച്ച് കല്ലറ മറച്ചതിനു ശേഷമാണ് മേൽമൂടി തുറന്നത്. ഫോറൻസിക് വിദഗ്ദ്ധർ ഉൾപ്പെടെയുള്ളവർ സ്ഥലത്തുണ്ട്.

ഹൃദയഭാഗം വരെ കർപ്പൂരവും ഭസ്മവും അടക്കമുള്ള സുഗന്ധദ്രവ്യങ്ങൾക്കൊണ്ടു മൂടിയിരിക്കുകയാണെന്നും മുഖത്തും ശിരസ്സിലും വിഗ്രഹത്തിൽ ചാർത്തുന്നതുപോലെ കളഭം ചാർത്തി. പിന്നീട് പിതാവ് വാങ്ങിവച്ചിരുന്ന ശിലയെടുത്ത് സമാധി മണ്ഡപം മൂടി എന്നാണ് മക്കൾ പറഞ്ഞതു ശരിവയ്ക്കുന്ന തരത്തിലാണ് മൃതദേഹം ഇരിക്കുന്നത്.

കല്ലറയിലെ മൃതദേഹത്തിന് കാണാതായതായി കേസ് റജിസ്റ്റർ ചെയ്തിരിക്കുന്ന ഗോപാൻ സ്വാമിയുമായി സാദൃശ്യമുണ്ടെന്ന് പോലീസ് വ്യക്തമാക്കുന്നു. ഇത് സ്ഥിരീകരിക്കാൻ ഡി.എൻ.എ പരിശോധന ഉൾപ്പെടെത്തി, മരണകാരണം കണ്ടെത്തും. ഇൻക്വസ്റ്റ് നടപടികൾ പൂർത്തിയാക്കിയ ശേഷം പോസ്റ്റ്മോർട്ടത്തിനായി മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയി.

ഹൈക്കോടതിയുടെ ഇടപെടലും കനത്ത പോലീസ് സംവിധാനവും കാരണം പ്രദേശത്ത് പ്രതിഷേധങ്ങളൊന്നും ഉണ്ടായിട്ടില്ല. കഴിഞ്ഞ വ്യാഴാഴ്ചയാണ് മക്കൾ സമാധിയിരുത്തിയത്.

**കല്ലറ പൊളിക്കാനുള്ള ആദ്യശ്രമത്തിൽ നിന്ന് പിൻമാറേണ്ടിവന്നിരുന്നു**

ഇൻക്വസ്റ്റ് സ്ഥലം ടാർപൊളിൻ കെട്ടി പൊലീസ് തിരിച്ചിട്ടുണ്ട്. സബ് കളക്ടർ ആൽഫ്രഡ്, നെയ്യാറ്റിൻകര തഹസീൽദാർ നന്ദകുമാരൻ എന്നിവരുടെ നേതൃത്വത്തിൽ ഇൻക്വിസ്റ്റ് പൂർത്തിയാക്കി മൃതദേഹം പോസ്റ്റുമോർട്ടത്തിനായി മാറ്റും. ഉച്ചയ്ക്ക് മുമ്പ് നടപടികൾ പൂർത്തിയാക്കാനാണ് തീരുമാനം.

**മരണകാരണം അറിയണം: ഹൈക്കോടതി**

കല്ലറ തുറന്നു പരിശോധിക്കാനുള്ള ആർ.ഡി.ഒയുടെ ഉത്തരവ് സ്റ്റേ ചെയ്യണമെന്ന് ആവശ്യപ്പെട്ട് വീട്ടുകാരാണ് ഹൈക്കോടതിയെ സമീപിച്ചത്. മരണ സർട്ടിഫിക്കറ്റ് എവിടെയെന്നും ആരാണ് മരണം സ്ഥിരീകരിച്ചതെന്നും കോടതി വീട്ടുകാരോട് ചോദിച്ചു.

സ്വാഭാവിക മരണമാണോ, അസ്വാഭാവിക മരണമാണോ എന്നറിയാൻ കോടതി തിരുവനന്തപുരം ജില്ലാ കളക്ടറോടും ആർ.ഡി.ഒയോടും വിശദീകരണം തേടി. ഇതോടെയാണ് ഗോപൻ സ്വാമിയെ പുറത്തെടുക്കേണ്ടതും പോസ്റ്റുമോർട്ടം നടത്തേണ്ടതും അനിവാര്യമായത്.

മരണസർട്ടിഫിക്കറ്റില്ലെങ്കിൽ അസ്വാഭാവിക മരണമായി കണക്കാക്കേണ്ടിവരുമെന്ന് കോടതി വ്യക്തമാക്കി. കല്ലറ തുറക്കുന്നത് അന്വേഷണത്തിന്റെ ഭാഗമായാണ്. എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാനും കല്ലറ തുറക്കാനും പൊലീസിന് അധികാരമുണ്ട്. എങ്ങനെയാണു മരിച്ചതെന്ന് അറിയിക്കാൻ കുടുംബത്തോടും ആവശ്യപ്പെട്ടു. ഹർജി അടുത്തയാഴ്ച പരിഗണിക്കാൻ മാറ്റി.

കല്ലറ തുറക്കാനുള്ള തീരുമാനം തങ്ങളെ കേൾക്കാതെയാണെന്ന് ആരോപിച്ച് ഗോപൻസ്വാമിയുടെ ഭാര്യ സുലോചന, മക്കളായ സനന്ദൻ, രാജസേനൻ എന്നിവർ നൽകിയ ഹർജിയാണ് ജസ്റ്റിസ് സി.എസ്. ഡയസ് പരിഗണിച്ചത്.










# വനം നിയമഭേദഗതി: സർക്കാർ പിന്മാറി, പിന്മാറ്റം ജനരോഷം ഭയന്ന്

തിരുവനന്തപുരം: കുറ്റവാളികളെന്ന് സംശയിക്കുന്നവരെ മജിസ്ട്രേറ്റിന്റെ ഉത്തരവോ വാറണ്ടോ ഇല്ലാതെ അറസ്റ്റ് ചെയ്ത് തടങ്കലിലാക്കാൻ വനം ഉദ്യോഗസ്ഥർക്ക് അമിതാധികാരം നൽകുന്ന വനം നിയമഭേദഗതിയിൽ നിന്ന് സർക്കാർ പിന്മാറി. നിയമസഭയുടെ വെബ്സൈറ്റിൽ ബില്ലിന്റെ കരട് പ്രസിദ്ധീകരിച്ചെങ്കിലും നിയമസഭയിൽ അവതരിപ്പിക്കില്ല. മന്ത്രിസഭായോഗത്തിൽ മുഖ്യമന്ത്രി പിണറായിവിജയനാണ് തീരുമാനമറിയിച്ചത്.



ജനാഭിപ്രായം എതിരായ സാഹചര്യത്തിൽ നിയമഭേദഗതിക്കായി വാശിപിടിക്കുന്നില്ലെന്നും മലയോര ജനതയ്ക്കെതിരായ ഒരുനീക്കവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാവില്ലെന്നും മുഖ്യമന്ത്രി പിണറായിവിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകളിൽ തിരിച്ചടി ഭയന്നാണ് സർക്കാരിന്റെ പിന്മാറ്റമെന്ന് അറിയുന്നു.

നിയമഭേദഗതിയിൽ സർക്കാർ ജനാഭിപ്രായം തേടിയിരുന്നു. ഭരണമുന്നണിയിലെ കേരളാ കോൺഗ്രസ് എമ്മും ക്രൈസ്തവസഭകളും പ്രതിപക്ഷവും ശക്തമായി എതിർത്തു. പ്രതിപക്ഷനേതാവ് വി.ഡി.സതീശന്റെ നേതൃത്വത്തിൽ ഈ മാസം 27 മുതൽ യു.ഡി.എഫ് മലയോരജാഥ പ്രഖ്യാപിച്ചു. നിയമസഭാംഗത്വം രാജിവച്ച പി.വി.അൻവറും ഭേദഗതി പ്രധാന വിഷയമാക്കി.

ജനവിരുദ്ധമായി അമിതാധികാരം നൽകുന്ന കാര്യങ്ങളിൽ മാറ്റംവേണമെന്ന് സി.പി.എം സംസ്ഥാനകമ്മിറ്റിയും ആവശ്യപ്പെട്ടിരുന്നു. 1961ലെ നിയമത്തിലാണ് ഭേദഗതിക്കൊരുങ്ങിയത്. 2019ൽ സമാനമായ ഭേദഗതിബിൽ കൊണ്ടുവന്നെങ്കിലും കാലഹരണപ്പെട്ടു. വന്യജീവി ആക്രമണത്തിലെ നഷ്ടപരിഹാരം കാലോചിതമായി പരിഷ്കരിക്കാനുള്ള നടപടികളും പുരോഗമിക്കുകയാണ്.

### ജനവിരുദ്ധമായ അമിതാധികാരം

1. വന്യജീവി ആക്രമണങ്ങളുണ്ടാവുമ്പോൾ പ്രതിഷേധിക്കുന്നവരെയടക്കം ബീറ്റ്ഓഫീസർക്കോ അതിനുമുകളിലുള്ള വനംഉദ്യോഗസ്ഥർക്കോ അറസ്റ്റ്ചെയ്ത് തടങ്കലിലാക്കാൻ കഴിയും. നിലവിൽ പൊലീസിനാണ് അധികാരം.

2. റെയ്ഡിനും രേഖകൾ പിടിച്ചെടുക്കാനും വാഹനം തടയാനുമടക്കം പൊലീസിന്റെ അധികാരങ്ങൾ വനംഉദ്യോഗസ്ഥർക്കും കൈവരും. അറസ്റ്റിലാവുന്നവരെ എത്രയുംവേഗം അടുത്ത ഫോറസ്റ്റ് സ്റ്റേഷന്റെ ചുമതലക്കാരന് മുന്നിൽ ഹാജരാക്കണം.

3. കുറ്റവാളികളെന്ന് സംശയിക്കുന്നവരെ പേരും വിലാസവും വെളിപ്പെടുത്തിയില്ലെങ്കിലും വനം ഉദ്യോഗസ്ഥർക്ക് അറസ്റ്റ് ചെയ്യാം. പ്രതിഷേധിക്കുന്നവരെ 'കൈകാര്യം' ചെയ്യാൻ വനം ഉദ്യോഗസ്ഥർ പുതിയ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യുമെന്ന ആശങ്ക ശക്തമായിരുന്നു.

### നിയമം മനുഷ്യർക്ക് വേണ്ടി: മുഖ്യമന്ത്രി

അധികാരം ദുർവിനിയോഗം ചെയ്യാനിടയുണ്ടെന്ന ആശങ്ക ഗൗരവത്തോടെ കാണുന്നു. സർക്കാർ മലയോരജനതയ്ക്കൊപ്പമാണ്. അതിനാലാണ് നിയമംതന്നെ വേണ്ടെന്നുവച്ചത്.

യു.ഡി.എഫ് കാലത്തെ ഭേദഗതി വനംവകുപ്പ് അതേപടി കൊണ്ടുവന്നതാണ് ആശങ്കയുണ്ടാക്കിയത്. ഏതു നിയമവും മനുഷ്യർക്ക് വേണ്ടിയാവണം. മനുഷ്യരുടെ നിലനിൽപ്പിനും പുരോഗതിക്കും പ്രകൃതിസംരക്ഷണത്തിനും പര്യാപ്തമായ നിലപാടുകളായിരിക്കണം.









# പിറവികൾ കുറഞ്ഞതിന്റെ വ്യഥയിൽ കേരളം



ബാബു കദളിക്കാട്



'ഒരിടത്തു ജനനം ഒരിടത്തു മരണം, ചുമലിൽ ജീവിത ഭാരം' എന്ന പല്ലവിയുമായി 1970കളിൽ മലയാളികൾക്കിടയിൽ ഹിറ്റായ സിനിമാ ഗാനമെഴുതുമ്പോൾ വയലാർ സ്വപ്നം കാണാതിരുന്ന വൈപരീത്യങ്ങളിലേക്കാണിപ്പോൾ ജനനനിരക്ക് താഴ്ന്നുവരുന്നതിന്റെ സ്ഥിതിവിവരക്കണക്കുകളുടെ ഓരംപറ്റി കേരളം കടന്നുകയറുന്നത്. അനിയന്ത്രിതമായ ജനസംഖ്യാ വർദ്ധനവായിരുന്നു അക്കാലത്ത് നാടിന്റെ വലിയ ഭീഷണികളിലൊന്ന്.

ദേശീയ കുടുംബാസൂത്രണ പദ്ധതിയോട് അകമഴിഞ്ഞു സഹകരിച്ച് ആ വിപത്തിനെതിരെ കേരളം രചിച്ച വിജയഗാഥയ്ക്ക് അന്താരാഷ്ട്രതലത്തിൽ തന്നെ കൈയടിയും ലഭിച്ചു. പക്ഷേ, എതിർ ദിശയിൽ ആകണം തുടർപ്രയാണമെന്നതായിരിക്കുന്നു ആനുകാലിക അവസ്ഥ. കാരണം, കേരളത്തിൽ ജനനനിരക്കും പ്രത്യുൽപാദന നിരക്കും കുറവാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

കഴിഞ്ഞ പത്തുവർഷത്തിനിടെ സംസ്ഥാനത്ത് ജനന നിരക്ക് 35 ശതമാനമാണ് താഴ്ന്നത്. ചൈനയും റഷ്യയും സഹിതം വിവിധ രാജ്യങ്ങളിൽ പ്രസവനിരക്ക് കുറയുന്നതിന്റെ ആശങ്ക ഉയരുന്നതിനിടെയാണ് കേരളത്തിലും സമാന സാഹചര്യം. 2014ൽ സംസ്ഥാനത്ത് ജനിച്ചത് 5.34 ലക്ഷം കുഞ്ഞുങ്ങൾ. 2024ൽ 3.45 ലക്ഷം. 2019ൽ 4.80 ലക്ഷമായ ശേഷം ഘട്ടം ഘട്ടമായി കുറഞ്ഞുവരികയാണ്.

എല്ലാ ജില്ലകളിലും പ്രസവനിരക്ക് കുറഞ്ഞെന്നാണ് സർക്കാർ കണക്ക്. ആലപ്പുഴയിലാണ് ഏറ്റവും കുറവ്. 45 ശതമാനം. എറണാകുളമാണ് തൊട്ടുപിന്നിലായുള്ളത്. കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ പലരും ഇവിടെ പ്രസവിക്കുന്നത് സംസ്ഥാനത്തിന്റെ കണക്കിലായിട്ടും മൊത്തം നിരക്ക് താഴെ തന്നെ. കേരളത്തിലെ കഴിഞ്ഞ വർഷത്തെ ജനനനിരക്ക് സംബന്ധിച്ച കണക്കു പ്രകാരം 2.28 ലക്ഷം പ്രസവം നടന്നത് നഗരങ്ങളിലായിരുന്നു. 1.17 ലക്ഷം ഗ്രാമങ്ങളിലും.

ജനനനിരക്ക് കൂടുതലായിരുന്ന മലപ്പുറം ഉൾപ്പെടെയുള്ള ജില്ലകളിലും ജനനനിരക്കിൽ ഇടിവ് രേഖപ്പെടുത്തുന്നുണ്ട്. കേരളത്തിലെ മധ്യ, തെക്കൻ മേഖലകളിലെ ഒൻപത് ജില്ലകളിൽ സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ് ജനനനിരക്ക്. വടക്കൻ ജില്ലകളെ അപേക്ഷിച്ച് കേരളത്തിന്റെ തെക്ക്, മധ്യ ഭാഗങ്ങൾ കൂടുതൽ വികസിതമാണ്.

അതായത് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളുള്ള സ്ഥലങ്ങളിൽ ജനനനിരക്ക് കുറയുന്ന പ്രവണത ദൃശ്യം. അതിനാൽ സംസ്ഥാനത്തിന്റെ ജനനിരക്ക് ഇപ്പോൾ താഴോട്ടാണ്. അത് അങ്ങനെ തന്നെ തുടരാനാണ് സാധ്യത. ഇത് വരാനിക്കുന്നവർഷങ്ങളിൽകേരളത്തിന്റെ വളർച്ചയേയും സമ്പദ്വ്യവസ്ഥയെയും സാരമായി ബാധിക്കുമെന്ന് ഡെമോഗ്രഫി വിദഗ്ധർ പറയുന്നുണ്ട്.

കുഞ്ഞുങ്ങളോടുള്ള പുതിയ തലമുറയുടെ വിമുഖതയും വിദേശത്തേക്കുള്ള കുടിയേറ്റവുമാണ് കുറവിന് പ്രധാന കാരണമായി വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. 30 വയസിന് താഴെയുള്ളവരിൽ വന്ധ്യതയ്ക്ക് ചികിത്സ തേടുന്നവരുടെ എണ്ണത്തിൽ കുറവുള്ളതായാണ് നിരീക്ഷണം. അതേസമയം, ഗർഭഛിദ്രം നടത്തുന്നവർ വർദ്ധിച്ചതായും ഡോക്ടർമാർ പറയുന്നു. യുവതലമുറയിലെ പലരും പ്രാരാബ്ധങ്ങൾ ചൂണ്ടിക്കാട്ടി കുട്ടികൾ ഉടൻ വേണ്ടെന്ന നിലപാടെടുക്കുന്നതും കാരണമാകുന്നതായി വിദഗ്ദ്ധർ പറയുന്നു. പല ദമ്പതികൾക്കും ഒരു കുട്ടി മതി. കുട്ടികൾ വേണ്ടെന്ന നിലപാടും വ്യാപകം.18നും 45നും ഇടയിലുള്ളവർ വ്യാപകമായി ജോലിക്കായി വിദേശത്തേക്ക് കുടിയേറുന്നു. അവിടങ്ങളിൽ ഇൻഷ്വറൻസ് പരിരക്ഷ കൂടുതലായതിനാൽ പലരും പ്രസവത്തിനായി നാട്ടിലെത്താറില്ല.

ദേശീയ ശരാശരിയേക്കാൾ വേഗത്തിലാണ് കേരളത്തിലെ ജനന നിരക്കിൽ കുറവ് സംഭവിക്കുന്നത്. ഇത്തരത്തിൽ ജനനനിരക്കിലെയും പ്രത്യുൽപാദന നിരക്കിലെയും കുറവ് കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ തുടക്കത്തിൽ ബാധിക്കില്ലെങ്കിലും കുറച്ച് വർഷങ്ങൾ കഴിയുമ്പോഴേക്കും പ്രശ്നം ഗുരുതരമാവുമെന്നാണ് കരുതുന്നത്.

അധ്വാനിക്കാൻശേഷിയുള്ളഒരുവിഭാഗത്തിൽ ഗണ്യമായി കുറവ് സംഭവിക്കുമ്പോൾ സ്വഭാവികമായും ഇതര സംസ്ഥാന തൊഴിലാളികളെ കൂടുതലായി ആശ്രയിക്കേണ്ടിവരും. കേരളത്തിൽ പ്രായമായവരുടെ ജനസംഖ്യ വർധിക്കുന്നത് മറ്റൊരു ആശങ്കയാണ്. ഇത് ആരോഗ്യരംഗത്തെ അടിസ്ഥാന സൗകര്യങ്ങൾക്ക് തിരിച്ചടിയുണ്ടാക്കുക സ്വാഭാവികം. വിവാഹപ്രായമായ പുരുഷന്മാർക്ക് ആനുപാതികമായ രീതിയിൽ സ്ത്രീകളുടെ എണ്ണമില്ലാത്തതും വലിയ പ്രശ്നം തന്നെ.

ഇന്ത്യയിൽ ജനസംഖ്യയെ പ്രധാനമായും മൂന്നായാണ് തരംതിരിച്ചിരിക്കുന്നത്. 3 മുതൽ 14 വയസ്സുവരെ, 15 മുതൽ 59 വയസ്സുവരെ, 60 വയസ്സിന് ശേഷം എന്നിങ്ങനെ. 15 മുതൽ 59 വയസ്സുവരെയുള്ളവരെ ആശ്രയിച്ചാണ് ബാക്കി രണ്ട് വിഭാഗങ്ങൾ ജീവിക്കുന്നത്. അതായത് ജനനനിരക്ക് കുറയുമ്പോൾ 3-14 വയസ്സുള്ള വിഭാഗത്തിന്റെ എണ്ണം കുറയും. എന്നാൽ ക്രമേണ ഈ കുറവ് 15-59 വയസ്സുള്ള വിഭാഗത്തേയും ബാധിക്കും. അങ്ങനെ ഈ വിഭാഗത്തെ ആശ്രയിച്ച് കഴിയുന്നവരുടെ അവസ്ഥയെ ഇത് ബാധിക്കുന്നു.

15-59 വയസ്സുവരെയുള്ള ആളുകളുടെ എണ്ണം കേരളത്തിൽ കൂടുതലുണ്ടായിരുന്ന സമയം 2021 വരെയാണ്. സ്വഭാവികമായും ജനനനിരക്ക് കുറയുമ്പോൾ 15 -59 വിഭാഗത്തിന്റെ എണ്ണത്തിലും കുറവ് വരും, അധ്വാനിക്കുന്നവരുടെ എണ്ണത്തിൽ കുറവ് സംഭവിക്കും.

ഒരു സമ്പദ്വ്യവസ്ഥ വളരുമ്പോൾ അവിടെ സ്വഭാവികമായും ജനനനിരക്ക് കുറയാറുണ്ട്. ജനനനിരക്ക് കുറയുന്നതിനോടൊപ്പം തന്നെ ശിശുമരണനിരക്കും കുറയും. പണ്ടത്തെ സമ്പദ് വ്യവസ്ഥ കൂടുതലും കൃഷിയെ ആശ്രയിച്ചായിരുന്നു മുന്നോട്ടുപോയിരുന്നത്. അതിനാൽ തന്നെ കൃഷിയിടങ്ങളിൽ സഹായിക്കുന്നതിനായി കൂടുതൽ കുട്ടികൾ വേണമെന്ന് കുടുംബങ്ങൾ താൽപര്യപ്പെട്ടു.

അതുപോലെ തന്നെ അന്ന് ശിശുക്കളുടെ മരണനിരക്കും കൂടുതലായിരുന്നു. എന്നാൽ വ്യാവസായികവത്കരണം സംഭവിച്ചതോടെ ഈ സങ്കൽപ്പങ്ങൾക്ക് വ്യത്യാസം വന്നു. മാത്രമല്ല ജീവിതച്ചെലവ് വർധിക്കുക കൂടി ചെയ്തതോടെ കുട്ടികളുടെ എണ്ണം കുറയ്ക്കാനായി താൽപര്യം. കുടുംബാസൂത്രണ മാർഗ്ഗങ്ങൾക്ക് പ്രചാരവുമേറി. പ്രത്യുൽപാദന നിരക്കിലെയും ജനനനിരക്കിലെയും മാറ്റങ്ങളെ ഈ ഘടങ്ങളെല്ലാം സ്വാധീനിച്ചു. മുതിർന്ന പൗരന്മാർക്ക് ശുശ്രൂഷ ലഭിക്കാത്ത ദുരവസ്ഥ തീവ്രമാകുകയാണ് ഇതുമൂലം കേരളത്തിൽ. അടച്ചിടേണ്ടിവരുന്ന വീടുകളുടെ എണ്ണവും കുതിച്ചുയരുന്നു.

## ക്രൈസ്തവ ശങ്ക

കഴിഞ്ഞ 15 വർഷങ്ങളായി കേരളത്തിൽ ക്രൈസ്തവ ജനസംഖ്യ താഴേക്ക് പോകുന്നതിന്റെ ആശങ്ക സഭാ നേതൃത്വങ്ങളിൽ ഏറിവരുന്നതിനിടെയാണ് പൊതുവേ ജനനനിരക്കും പ്രത്യുൽപാദന നിരക്കും കുറയുന്നതിന്റെ കണക്കുകൾ പുറത്തുവന്നിരിക്കുന്നത്. സ്വാതന്ത്ര്യം കിട്ടുമ്പോൾ കേരളത്തിലെ ജനസംഖ്യയുടെ ഇരുപത്തൊന്നര ശതമാനം ക്രിസ്ത്യാനികളായിരുന്നു. പക്ഷെ 75 വർഷം കഴിഞ്ഞതോടെ ക്രൈസ്തവരുടെ ജനസംഖ്യ പതിനെട്ടര ശതമാനമായി ചുരുങ്ങി. 2050 ആകുമ്പോഴേക്കും ക്രിസ്ത്യാനികൾ കേരള ജനസംഖ്യയുടെ 7 ശതമാനം മാത്രമേ ഉണ്ടാവുകയുള്ളൂ എന്നു ജനസംഖ്യാശാസ്ത്രജ്ഞർ പ്രവചിച്ചു കഴിഞ്ഞു.

ക്രൈസ്തവർ ജനസംഖ്യാ വളർച്ചയിൽ പിന്നോട്ട് പോകുന്നതിന് നിരവധി കാരണങ്ങളുണ്ടെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. ഇപ്പോൾ ജനസംഖ്യ വർദ്ധന കുറഞ്ഞ കോട്ടയം, എറണാകുളം, തൃശൂർ, പത്തനംതിട്ട ജില്ലകളിൽ കാര്യമായ സ്വാധീനമുള്ള മതവിഭാഗമാണ് ക്രൈസ്തവർ. എന്നാൽ ജനന നിരക്ക് കുറഞ്ഞ് തങ്ങളുടെ കാലിനടിയിലെ മണ്ണ് ഒലിച്ചുപോകുന്നു എന്ന ചിന്ത ക്രൈസ്തവർക്കിടയിൽ ഉണ്ടാകുന്നില്ലെന്ന പരിഭവം കെ.സി.ബി.സി.യിൽ നിന്നു തന്നെ ഉയരുന്നുണ്ട്. സാമൂഹികമായി മാത്രമല്ല, ആത്മീയമായും വലിയ ദുരന്തത്തിന്റെ വക്കിലാണ് തങ്ങളെന്നു തിരിച്ചറിയാൻ ക്രൈസ്തവർക്ക് ഇനിയെങ്കിലും കഴിയണമെന്ന ആഹ്വാനവുമുണ്ടാകുന്നു സഭാ മേലധ്യക്ഷന്മാരിൽ നിന്ന്.

ഗോവയിൽ മുസ്ലിംകളുടെ എണ്ണം കൂടിയതും ക്രൈസ്തവരുടെ എണ്ണം കുറഞ്ഞതും അന്വേഷിക്കണമെന്ന ഗവർണർ പി.എസ്.ശ്രീധരൻപിള്ളയുടെ അഭിപ്രായം വിവാദത്തോളമെത്തിയ ചർച്ചയ്ക്കിടയായത് കേരളത്തിലെ ക്രൈസ്തവ നേതൃത്വത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റി. മുസ്ലിം ജനസംഖ്യ 3ൽ നിന്ന് 12 ശതമാനമായി ഗോവയിൽ കൂടുകയും ക്രൈസ്തവ ജനസംഖ്യ 36ൽ നിന്ന് 25 ശതമായി കുറയുകയും ചെയ്തതായി ശ്രീധരൻപിള്ള പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിലാണ് ജനസംഖ്യയിലെ മാറ്റം അന്വേഷിക്കാൻ ഗോവ ആർച്ച് ബിഷപ്പിനോട് അദ്ദേഹം ആവശ്യപ്പെട്ടത്.

ക്രിസ്ത്യൻ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണെന്നും യുവതലമുറ വീടുകളും ഭൂമിയും ഉപേക്ഷിച്ച് വിദേശത്തേക്കു പോയാൽ വർഷങ്ങൾക്കുള്ളിൽ ഇവിടെ അധിനിവേശങ്ങളുണ്ടാവുമെന്നും കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ് കുര്യൻ ചൂണ്ടിക്കാട്ടിയിരുന്നു.

പാലായിൽഅൽഫോൻസിയൻപാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സെന്റ്. തോമസ് കോളേജും ചേർന്ന് സംഘടിപ്പിച്ച പരിപാടിയിൽ സമുദായ ശാക്തീകരണം എന്ന വിഷയവുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോഴായിരുന്നു ബി.ജെ.പി നേതാവായ ജോർജ് കുര്യന്റെ പരാമർശം.

'ക്രിസ്ത്യൻ ജനസംഖ്യ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ജനസംഖ്യ കുറയുന്ന ഈയവസരത്തിൽ ബുദ്ധിപരമായ ഇടപെടലാണ് ആവശ്യം. ഈ സമുദായം സമൂഹത്തിന് മുഴുവൻ ആവശ്യമാണെന്ന് മറ്റുള്ളവർക്ക് മുഴുവൻ തോന്നുന്ന വിധത്തിലുള്ള ഇടപെടൽ വേണം. അതിന്റെയടിസ്ഥാനത്തിൽ മാത്രമേ അധികാരത്തിന്റെ ശക്തികേന്ദ്രങ്ങളെ നമുക്ക് സ്വാധീനിക്കാനാവൂ. അതിന്റേതായ രീതിയിൽ നമ്മുടെ പ്രവർത്തനങ്ങളെ ക്രോഡീകരിക്കണം. ജനസംഖ്യ വലിയ കാര്യം തന്നെയാണ്' ജോർജ് കുര്യൻ അഭിപ്രായപ്പെട്ടതിങ്ങനെ.

'നമ്മുടെ യുവതലമുറ വിദേശത്തേക്കു പോവുന്നു എന്നതാണ് മറ്റൊന്ന്. നമ്മുടെ വീടുകളും ഭൂമിയും അന്യാധീനപ്പെടുന്നതാണ് അതിന്റെ അനന്തരഫലം. അത് സംരക്ഷിക്കാനുള്ള ചിന്ത സഭകളുടെ നേതൃത്വത്തിനുണ്ടാവണം. അല്ലെങ്കിൽ അനഭിമതമായ അധിനിവേശം ഉണ്ടാവും'. അതേക്കുറിച്ച് താൻ വിശദീകരിക്കേണ്ട കാര്യമില്ലെന്നും അതുകൊണ്ട് വിജനമാവാൻ പോവുന്ന നമ്മുടെ ഭൂമികളും വീടുകളും കുടുംബങ്ങളും സംരക്ഷിക്കാനുള്ള ഒരു പദ്ധതി വേണമെന്നും ജോർജ് കുര്യൻ പറഞ്ഞു.

'അവരെ ഉപദേശിക്കണം. ഒന്നുകിൽ അവരുടെ സഹോദരങ്ങൾക്കോ ബന്ധുക്കൾക്കോ കൊടുക്കുക. അല്ലെങ്കിൽ പാവപ്പെട്ടവർക്ക് കൊടുക്കുക. അതുമല്ലെങ്കിൽ അതേറ്റെടുക്കാനുള്ള സംവിധാനം സഭയുണ്ടാക്കിയില്ലെങ്കിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ അവിടെ അധിനിവേശങ്ങളുണ്ടാവും. അതിലൂടെ സഭയുടെ അടിത്തറ തകരും. പിടിച്ചുനിൽക്കാനാവാത്ത അവസ്ഥയുണ്ടാവും.

ഞാനത് നേരിട്ടുകാണുന്നതുകൊണ്ടാണ് പറയുന്നത്. നേരത്തെ ചിന്തിക്കേണ്ട കാര്യമാണ്. ഏക്കർ കണക്കിന് ഭൂമി ആരുമില്ലാതെ കിടക്കുന്ന അവസ്ഥ ഏതാനും വർഷങ്ങൾക്കുള്ളിലുണ്ടാവും. ആ ഭൂമിയെങ്ങനെ ഫലപ്രദമായി ഉപയോഗപ്പെടുത്താം എന്ന് ചിന്തിക്കണം. അധിനിവേശങ്ങൾ തുടങ്ങിക്കഴിഞ്ഞു. അതായത്, ആൾപെരുമാറ്റം ഇല്ലാതെവന്നാൽ അവിടെ കുരങ്ങന്മാർ വരും. അത് വലിയ ശല്യമായി മാറും. വലിയ വന്യജീവികളൊക്കെ നാട്ടിലേക്ക് വരുന്നതിന്റെ കാരണം അതുതന്നെയാണ്. അതിനാൽ തീർച്ചയായും അതേക്കുറിച്ച് ചിന്തിക്കണം' അദ്ദേഹത്തിന്റെ വാക്കുകൾ.




# വില പേശുമ്പോഴും അൻപോടെ അൻവർ



നിലമ്പൂർ എം.എൽ.എ. പി.വി. അൻവർ രാഷ്ട്രീയ ശരികൾ തേടുന്നവർക്ക് മുന്നിൽ ഒരു പ്രഹേളികയായി മാറുന്നുവോ! സമകാലിക രാഷ്ട്രീയത്തിൽ മായക്കാഴ്ചകൾ സമ്മാനിക്കുന്ന ഈ 57 കാരൻ, സമീപകാലത്ത് കേരളം കണ്ട ഏറ്റവും മെയ് വഴക്കമുള്ള ബിസിനസുകാരനായ രാഷ്ട്രീയക്കാരനാണ്. ഒപ്പം രാഷ്ട്രീയക്കാരിലെ ബിസിനസുകാരനും.

ഒരു കാലത്ത് പി.സി. ജോർജും മറ്റും പയറ്റിയ വിരട്ടൽ രാഷ്ട്രീയത്തിന്റെ പുതു മാതൃകയായി അൻവറിന്റെ ചുവടുവയ്പുകളെ കാണുന്നവരുണ്ട്. പിണറായി വിജയനെന്ന വൻമരത്തെ ആക്രമിച്ചു കൊണ്ടാണ് അന്ന് പി.സി. ജോർജും കളം നിറഞ്ഞത്. പിണറായിസത്തിനെതിരെ തന്നെ അൻവറിക്കയും! ഏതെങ്കിലും പ്രത്യയശാസ്ത്ര സന്ദേഹങ്ങൾ അലട്ടുന്നതിനാലാണോ അദ്ദേഹം കൂടുവിട്ട് കൂടുമാറാൻ പക്ഷിക്കൂടുകൾ തേടി ഇക്കഴിഞ്ഞ മാസങ്ങളിലത്രയും അലഞ്ഞത് ? ആ പ്രയാണ വഴികൾ ഒന്നു ശ്രദ്ധിച്ചാലറിയാം, ബിസിനസുകാരനായ ഒരു ഒറ്റയാന്റെ കൗശലമുള്ള കരു നീക്കങ്ങൾ.

**ആദ്യം ഡി.എം.കെയുമായി ചങ്ങാത്തം**

പാർട്ടിയുടെ പേര് പ്രഖ്യാപിച്ച് പി.വി. അൻവർ ഡെമോക്രാറ്റിക് മൂവ്മെന്റ് ഓഫ് കേരള (ഡി.എം.കെ.) എന്ന് പുതിയ രാഷ്ട്രീയ പാർട്ടിക്ക് പേര് നൽകി. തമിഴ്നാട്ടിലെ ഡി.എം.കെയുടെ സഖ്യകക്ഷിയായി കേരളത്തിൽ പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചു. ചെന്നൈയിലെത്തി ഡി.എം.കെ. നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയതിന്റെ ചിത്രങ്ങളും പുറത്തുവന്നു. പുതിയ പാർട്ടി രൂപവത്കരിച്ച് ഡി.എം.കെയുമായി സഹകരിച്ച് ഇന്ത്യമുന്നണിയുമായി ചേർന്നു പ്രവർത്തിക്കുകയെന്ന നയം സ്വീകരിക്കുമെന്നായിരുന്നു റിപ്പോർട്ടുകൾ. ഇതിന് പിന്നാലെയാണ് പാർട്ടിയുടെ പേര് പ്രഖ്യാപിച്ചത്. പിന്നെ കാണുന്നത്, പശ്ചിമ ബംഗാളിൽ ചെന്ന് തൃണമൂൽ കോൺഗ്രസിൽ ചേർന്ന ശേഷം പതിനഞ്ചാം കേരള നിയമ സഭയുടെ പതിമൂന്നാം സമ്മേളനത്തിന് തൊട്ടു മുൻപ് നടത്തിയ നാടകീയ രാജി. അതും യു.ഡി.എഫിന് നിരുപാധിക പിന്തുണ പ്രഖ്യാപിച്ചു കൊണ്ട്.

നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പു വന്നാൽ യു.ഡി.എഫിന് ആരാവണം സ്ഥാനാർത്ഥി എന്നു കൂടി അൻവർ പ്രഖ്യാപിച്ചു കളഞ്ഞു. ഡി.സി.സി പ്രസിഡന്റ് വി.എസ്. ജോയിയെ നിർദ്ദേശിച്ചുകൊണ്ട്. തെറ്റായ ആരോപണം ഉന്നയിച്ചതിന് നേരത്തെ താൻ മാപ്പു ചോദിച്ച സാക്ഷാൽ പ്രതിപക്ഷ നേതാവിനേയും അൻവർ വെട്ടിലാക്കി.

**നിലമ്പൂർ എന്ന രാഷ്ട്രീയക്കളം**

അല്ലെങ്കിലും ജയിക്കാനിടയുള്ള നിലമ്പൂരിൽ അൻവറിന്റെ പിന്തുണ കൊണ്ട് ജയിച്ചു എന്ന ചീത്തപ്പേര് കേൾക്കാൻ കോൺഗ്രസ് നേതൃത്വത്തിന് വലിയ താൽപ്പര്യമില്ല. നിലമ്പൂരിൽ അൻവറിനെ കാണാനില്ലെന്ന ആരോപണം 2016 മുതൽ കോൺഗ്രസ് ഉന്നയിച്ചു വരുന്നതാണ്. ആര്യാടൻ ഷൗക്കത്തിൽ നിന്ന് സീറ്റ് പിടിച്ചെടുത്ത ശേഷം അൻവറിനെതിരെ കോൺഗ്രസ് പ്രചാരണം കടുപ്പിച്ചപ്പോൾ, ആഫ്രിക്കൻ രാജ്യമായ സിയാറ ലിയോണിൽ നിന്ന് ഫെയ്സ് ബുക്ക് ലൈവിൽ വന്ന അൻവറിന് സ്വർണ ഖനി ബിസിനസിനാണ് താൻ നാട്ടിൽ നിന്ന് വിട്ടു നിൽക്കുന്നതെന്ന് വിശദീകരിക്കേണ്ടി വന്നു.

ഇപ്പോൾ, മലയോര മേഖലയുടെ ഒന്നാകെ സംരക്ഷണം എന്ന മുദ്രാവാക്യവും ഒരു ക്രൈസ്തവ സ്ഥാനാർത്ഥി നിലമ്പൂരിൽ വേണമെന്ന ജാതീയ നീക്കവും അൻവറിലെ രാഷ്ട്രീയ കൗശലക്കാരനെ പുറത്തു കൊണ്ടുവരുന്നു. നിലമ്പൂരിൽ എൽ.ഡി.എഫ് വീണ്ടും സ്വതന്ത്ര പരീക്ഷണത്തിന് തയ്യാറാകുമോ എന്ന ചോദ്യമുയരുന്നുണ്ട്. പാർട്ടി ചിഹ്നമെങ്കിൽ എം. സ്വരാജിന്റെ പേരും പരിഗണനയിലുണ്ട്. പോരാട്ടത്തിന് തയ്യാറെന്ന് എം.വി. ഗോവിന്ദനും വ്യക്തമാക്കുന്നു. തദ്ദേശ തെരഞ്ഞെടുപ്പിന് മൂന്ന് മുന്നണികളും തയ്യാറെടുക്കുന്നതിനിടെയാണ് രാഷ്ട്രീയ മണ്ഡലത്തിൽ മാറ്റത്തിന് കേരളം ഒരുങ്ങുമോ എന്നറിയാനുള്ള അരങ്ങുണരുന്നത്.

അതിനിടെ, ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കാനില്ലെന്ന് പി.വി അൻവർ വ്യക്തമാക്കിയതോടെ മൂന്നുമുന്നണികളും ആരെ സ്ഥാനാർഥിയാക്കുമെന്ന ചർച്ച തുടങ്ങിക്കഴിഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പിന് കഷ്ടിച്ച് 14 മാസം മാത്രമേയുള്ളൂവെന്നതിനാൽ ഉപതിരഞ്ഞെടുപ്പ് വേണ്ടെന്ന് വെക്കാനും സാധ്യതയുണ്ട്. മറിച്ചാണെങ്കിൽ, എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള അഞ്ചാമത്തെ ഉപതിരഞ്ഞെടുപ്പിനാണ് നിലമ്പൂരിൽ കളമൊരുങ്ങുന്നത്. നാലിൽ മൂന്നിലും ജയിച്ചത് യു.ഡി.എഫായിരുന്നു. അതും സിറ്റിങ് സീറ്റുകൾ. എൽ.ഡി.എഫ് അവരുടെ സിറ്റിങ് സീറ്റായ ചേലക്കര നിലനിർത്തി. തൃക്കാക്കര, പുതുപ്പള്ളി ഏറ്റവും ഒടുവിൽ പാലക്കാടും യു.ഡി.എഫിനൊപ്പം നിന്നു. എന്നാൽ നിലമ്പൂരിൽ വരാൻ പോകുന്ന ഉപതിരഞ്ഞെടുപ്പ് ഫലം എൽ.ഡി.എഫിനും യു.ഡി.എഫിനും ഒരുപോലെ നിർണായകമായിരിക്കും.

ആറ് മാസത്തിനുള്ളിൽ ഉപതിരഞ്ഞെടുപ്പ് നടത്തണമെന്ന ചട്ടം നിലമ്പൂരിൽ പ്രാവർത്തികമായാൽ തദ്ദേശ തിരഞ്ഞെടുപ്പിന് മുമ്പ് തന്നെ കേരളം മറ്റൊരു ഉപതിരഞ്ഞെടുപ്പു കൂടി നേരിടും. സ്ഥാനാർത്ഥി നിർണയത്തിന്റെ പേരിൽ സീറ്റ് കൈവിട്ടു പോകാതിരിക്കാൻ ഏറെ കരുതലോടെയായിരിക്കും കോൺഗ്രസ് ഹൈക്കമാൻഡും നീങ്ങുക. ഉപതിരഞ്ഞെടുപ്പിൽ വി.എസ്. ജോയിക്കുവേണ്ടി തഴയപ്പെട്ടാൽ ആര്യാടൻ ഷൗക്കത്ത് എന്ത് നിലപാട് എടുക്കുമെന്നതും കാത്തിരുന്ന് കണേണ്ടതാണ്. നിലവിൽ ഷൗക്കത്തും ജോയിയും സ്ഥാനാർഥിത്വത്തിനായി രംഗത്തുണ്ട്. അതുകൊണ്ടുതന്നെ സമവായമെന്ന നിലയിൽ മറ്റൊരു സ്ഥാനാർഥി വന്നുകൂടായ്കയില്ല.

മൂന്നു പതിറ്റാണ്ട് കോൺഗ്രസിന്റെ കുത്തക മണ്ഡലമായിരുന്നു നിലമ്പൂർ. ആര്യാടൻ മുഹമ്മദിലൂടെ യു.ഡി.എഫ് ആധിപത്യം സ്ഥാപിച്ച് ആര്യാടൻ വിരമിച്ച ശേഷം ഈ മണ്ഡലം ഇടത്തേക്ക് ചാഞ്ഞത് പി.വി. അൻവറിലൂടെയാണ്. 2016ൽ ആര്യാടൻ മുഹമ്മദിന്റെ മകൻ ആര്യാടൻ ഷൗക്കത്തിനെതിരെ 11504 വോട്ടിന്റെ ഭൂരിപക്ഷത്തിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചാണ് പി.വി. അൻവർ മണ്ഡലം പിടിച്ചെടുത്തത്.

ഇതേസമയം, ഇടതുമുന്നണി നിലമ്പൂരിനെ ഒരു ടെസ്റ്റ് ഡോസായിത്തന്നെ കാണും. മണ്ഡലത്തിൽ സ്വതന്ത്രൻ വരുമോയെന്ന് പറയാറായിട്ടില്ല എന്നാണ് സി.പി. എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞത്. നിലമ്പൂർ നിയമസഭാ തിരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർത്ഥിയ്ക്ക് പിന്തുണ നൽകി വിജയിപ്പിക്കുന്നത് കഴിഞ്ഞ രണ്ട് തിരഞ്ഞെടുപ്പുകളിലും കണ്ടതാണ്. 2021ൽ ശക്തമായ മത്സരം നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ വി.വി. പ്രകാശിനെതിരെ 2791 വോട്ട് നേടിയാണ് അൻവർ ജയിച്ചത്.

അൻവറിലൂടെ വിജയിച്ചു എന്നതിനാലും അൻവറിലൂടെ തന്നെ കൈ പൊള്ളിയ ചുറ്റുപാടിലും പാർട്ടി ഇത്തവണ സി.പി.എം സ്വന്തം സ്ഥാനാർത്ഥിയെ പരീക്ഷിച്ചേക്കാം. മുതിർന്ന നേതാവിനെ തന്നെ നിർത്തി സീറ്റ് നിലനിർത്തി അൻവറിസം തകർക്കാൻ പാർട്ടിക്ക് അവസരമാകും അത്. അൻവറിന്റെ പേരിലല്ല ഇന്നോളം ജയിച്ചതെന്ന് അണികളെ ബോധ്യപ്പെടുത്താൻ സി.പി.എമ്മിന് വിജയം അനിവാര്യമാണ്. സിറ്റിങ് സീറ്റ് കൈവിട്ടാൽ സി.പി.എമ്മിന് അത് വരാനിരിക്കുന്ന രണ്ട് തിരഞ്ഞെടുപ്പുകളിലേയും സാധ്യതയ്ക്ക് മങ്ങലേൽപിക്കും. ബി.ജെ.പി വലിയ പ്രതീക്ഷ വച്ചുപുലർത്താത്ത മണ്ഡലമാണെങ്കിലും സംസ്ഥാനതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന മത്സരമായതിനാൽ മുതിർന്ന നേതാക്കൾ കളത്തിലിറങ്ങിയേക്കാം.

എന്തായാലും നിലമ്പൂർ മത്സര ഫലം നിർണായകമാകുക അൻവറിനാകും. യു.ഡി.എഫ് തോറ്റാൽ മുന്നണിയിൽ കയറിപ്പറ്റുക അൻവറിന് ദുഷ്കരമാണ്. മറിച്ച് ഉപതിരഞ്ഞെടുപ്പിൽ യു.ഡി.എഫ് സീറ്റ് തിരിച്ചുപിടിച്ചാൽ അൻവറിന് യു.ഡി.എഫിലേക്കുള്ള വരവ് എളുപ്പമാകും. നിലമ്പൂരിന് പകരം മലബാറിൽ മറ്റൊരിടത്ത് അടുത്ത തവണ അൻവറിന് അങ്കത്തിനിറങ്ങാം. മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി. ശശിയെ പ്രതിസ്ഥാനത്തു നിർത്തിക്കൊണ്ടാണ് താൻ പണ്ട് പറഞ്ഞ ആരോപണങ്ങൾക്ക് വി.ഡി. സതീശനോട് ക്ഷമചോദിച്ച് അൻവർ നാടകീയ തിരിച്ചുവരവ് നടത്തിയത്.

കോൺഗ്രസുകാരനായി തുടങ്ങി സി.പി.എമ്മിന്റെ കണ്ണിലുണ്ണിയായ മാറിയ അൻവറിന്റെ കരിയർ ഗ്രാഫിൽ ഇന്നോളം വലിയ വീഴ്ചകളില്ല. രാഷ്ട്രീയ അസ്വാരസ്യങ്ങൾക്കിടെ, 2011ലെ നിയമസഭാ തിരഞ്ഞെടുപ്പിൽ ഏറനാട് നിയമസഭാ മണ്ഡലത്തിൽ മുസ്ലീം ലീഗ് നേതാവ് പി.കെ. ബഷീറിനെതിരെ സ്വതന്ത്രനായി മത്സരിച്ചു കൊണ്ടാണ് അദ്ദേഹം ആദ്യം രാഷ്ട്രീയ നിറം മാറിയത്. എന്നാൽ, ഈ നാടകമത്രയും അവസാനം എത്തി നിൽക്കുന്നത് ഇടതുഭരണം തീരും മുൻപ് ഉപതെരഞ്ഞെടുപ്പ് എന്ന ചെക്ക് വയ്ക്കുന്ന, പിണറായിസത്തെ അക്ഷരാർത്ഥത്തിൽ രാഷ്ട്രീയ അഗ്നി പരീക്ഷണത്തിന് വിട്ടു കൊടുക്കുന്ന അൻവർ മാജിക്കിൽ തന്നെ!

പ്രിജിത് രാജ്



# കേരളത്തിൽ കോൺഗ്രസ്സിന് ഉജ്ജ്വലവിജയം




**2001 മെയ് മാസത്തിലാണ് കേരളത്തിൽ അസംബ്ലി തിരഞ്ഞെടുപ്പ് നടത്തിയത്. ഇത് ഉമ്മൻചാണ്ടിയുടെ എട്ടാമത്തെ തിരഞ്ഞെടുപ്പ് മത്സരമാണ്. ഏറെക്കാലം സഹപ്രവർത്തകനായും സഹോദരനെപ്പോലെയും പെരുമാറിയിരുന്ന ചെറിയാൻ ഫിലിപ്പാണ് ഒരു പ്രത്യേക സാഹചര്യത്തിൽ ഉമ്മൻചാണ്ടിയുടെ എതിരാളിയായി പുതുപ്പള്ളിയിൽ മത്സരത്തിനിറങ്ങിയത്. 99 സീറ്റ്നേടാനായി കോൺഗ്രസ്സ് വൻ വിജയം നേടിയെങ്കിലും പാർട്ടിക്കുള്ളിൽ ഒട്ടേറെ കൈപ്പേറിയ അനുഭവങ്ങൾ ഉരുണ്ടുകൂടി.**


ജോഷി ജോർജ്

കോൺഗ്രസുകാരുടെ നിന്തരമായ ശ്രമത്തിന്റെ ഫലമായി സോണിയാ രാജി പിൻവലിച്ചു. തുടർന്ന് സോണിയാ പതിമൂന്നാം ലോക്സഭയുടെ പ്രതിപക്ഷ നേതാവായി തിരഞ്ഞെടുക്കപ്പെട്ടു. അതിനിടെ 2001 സെപ്തംബറിൽ, പൗരത്വ നിയമത്തിലെ സെക്ഷൻ 5(1) (സി) പ്രകാരം സോണിയ ഗാന്ധിക്ക് അനുവദിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ, സോണിയ ഒരു ഇന്ത്യൻ പൗരയാണെന്ന് സുപ്രീംകോടതി വിധിക്കുകയും ചെയ്തു.

കാലാവധി പൂർത്തിയാക്കാൻ മാസങ്ങൾമാത്രം അവശേഷിക്കവേ നായനാർ സർക്കാർ ആരോപണങ്ങളിൽപ്പെട്ട് ഉഴലുകയായി. വ്യാജ മദ്യ ദുരന്തവും പ്ലസ്ടു പ്രവേശനവും ഒക്കെ പ്രതിച്ഛായയ്ക്ക് ഏറെ കളങ്കം ഏൽപ്പിച്ചു. ഇങ്ങനെയിരിക്കുകയാണ് കേരളത്തിൽ നിയമസഭാ തിരഞ്ഞെടുപ്പ് വരുന്നത്. 2001 ലെ മെയ് മാസത്തിലാണ് തിരഞ്ഞെടുപ്പ്.

ഇത് ഉമ്മൻചാണ്ടിയുടെ എട്ടാമത്തെ തിരഞ്ഞെടുപ്പ് മത്സരമാണ്. ഏറെക്കാലം സഹപ്രവർത്തകനായും സഹോദരനെപ്പോലെയും പെരുമാറിയിരുന്ന ചെറിയാൻ ഫിലിപ്പാണ് ഇക്കുറി ഉമ്മൻചാണ്ടിയുടെ എതിരാളിയായി പുതുപ്പള്ളിയിൽ മത്സരത്തിനിറങ്ങിയത്.

ഈ വിവരം അറിഞ്ഞ നിമിഷം 1991 ലെ സംഘടന തെരഞ്ഞെടുപ്പാണ് ഉമ്മൻചാണ്ടിയുടെ മനസ്സിലേക്ക് ഓടിയെത്തിയത്. കെ.പി.സി.സി അധ്യക്ഷ പദവിയിലേക്കുള്ള മത്സരത്തിൽ ആന്റണി തോറ്റു. ഉടൻതന്നെ ചെറിയാൻ ഫിലിപ്പ് പത്ര പ്രവർത്തകരിൽ ചിലരെ വിളിച്ച് ഫോട്ടോഗ്രാഫറുമായി ഉടനെ വരാൻ പറഞ്ഞു.

പത്രക്കാർ വന്നപ്പോൾ കണ്ടത് കെ.പി.സി.സി ഓഫീസിൽ നിന്ന് ഒരു ഓട്ടോറിക്ഷയിൽ വീട്ടിലേക്ക് മടങ്ങാൻ ഒരുങ്ങുന്ന ആന്റണിയെയാണ്. അത് തടയാൻ വയലാർ രവി സ്നേഹപൂർവ്വം പിന്നാലെ ഓടിയെത്തി. ഫലമുണ്ടായില്ല. ആ മടക്കം ആഘോഷമാക്കി മാറ്റാൻ ചുക്കാൻ പിടിച്ചത് ചെറിയാൻ ഫിലിപ്പ് ആയിരുന്നു.

ഇങ്ങനെ പാർട്ടിക്കുവേണ്ടി, സ്വന്തം നേതാക്കൾക്ക് വേണ്ടി ബുദ്ധിപരമായി കരുക്കൾ നീക്കാൻ മിടുക്കുള്ള സഹൃദയൻ. ഉമ്മൻചാണ്ടിക്ക് എതിരാളിയായി വന്ന ചെറിയാൻ ഫിലിപ്പിനോട് യാതൊരു വിഷമവും തോന്നിയില്ല. മറിച്ച് കുറ്റബോധമാണ് ഉണ്ടായതെന്ന് പിന്നീട് പലരോടും ഉമ്മൻചാണ്ടി തന്നെ പറയുകയും ചെയ്തിട്ടുണ്ട്. 1991ൽ കോട്ടയം സീറ്റ് നൽകിയിരുന്നു ചെറിയാൻ ഫിലിപ്പിന് പക്ഷേ, സി.പി.എമ്മിന്റെ കരുത്തനായ ടി.കെ. രാമകൃഷ്ണനായിരുന്നു എതിരാളി. അദ്ദേഹത്തിന്റെ മുന്നിൽ ചെറിയാന് അടിയറവ് പറയേണ്ടിവന്നു.

2682 വോട്ടുകൾക്കാണ് രാമകൃഷ്ണൻ അന്നവിടെ ജയിച്ചത്. അടുത്ത തെരഞ്ഞെടുപ്പിൽ ചെറിയാന് സീറ്റ് നൽകാനും കഴിഞ്ഞില്ല. 2001ൽ ചെറിയാൻ ഫിലിപ്പ് ആഗ്രഹിച്ചത് തിരുവനന്തപുരം വെസ്റ്റ് ആയിരുന്നു. ആ വഴിക്ക് ചർച്ചകളൊക്കെ നടന്നതുമാണ്. എന്നാൽ, എം.വി. രാഘവന് വിജയസാധ്യതയുള്ള മറ്റു സീറ്റിനായുള്ള അന്വേഷണം



തിരുവനന്തപുരം വെസ്റ്റിൽ ആണ് ചെന്നെത്തിയത്. തിരുവനന്തപുരം ഈസ്റ്റിലോ, നോർത്തിലോ ചെറിയാന് മത്സരിക്കാമായിരുന്നു. വിജയസാധ്യയെപ്പറ്റി സംശയമുണ്ടായ ചെറിയാൻ അതിനു തയ്യാറായില്ല. പിന്നെ മറ്റൊന്നും ആലോചിക്കാതെ ചെറിയാൻ ഫിലിപ്പ് പ്രഖ്യാപിച്ചു 'ഉമ്മൻചാണ്ടി മത്സരിക്കുന്ന പുതുപ്പള്ളിയിൽ താൻ എതിർ സ്ഥാനാർത്ഥി ആയിരിക്കും എന്ന് '.

ഈ അവസരം മുതലാക്കി സി.പി.എം അദ്ദേഹത്തെ പുതുപ്പള്ളിയിൽ ഔദ്യോഗിക സ്ഥാനാർത്ഥിയാക്കി. ഇത് കേരളജനത വളരെ കൗതുകത്തോടെയാണ് കണ്ടത്. കേരളത്തിലെ ആന്റണി ഗ്രൂപ്പിന്റെ നേതാവ് സത്യത്തിൽ ഉമ്മൻചാണ്ടി ആയിരുന്നു. ഗ്രൂപ്പ് ആന്റണിയെ കേന്ദ്രീകരിച്ച് ആണെങ്കിലും ഗ്രൂപ്പിന്റെ നടത്തിപ്പ് ചുമതല മുഴുവൻ ചെറിയാൻ ഫിലിപ്പിനായിരുന്നു. ഗ്രൂപ്പ് യോഗം വിളിക്കലും സ്ഥാനാർത്ഥികളെ നിർണയിക്കലും ഒക്കെ ചെറിയാൻ ഫിലിപ്പിന്റെ ചുമതലയിലാണ് നടന്നിരുന്നത്. എന്നാൽ സ്വന്തമായി ഒരു സീറ്റ് കണ്ടുപിടിക്കാനും അവിടെ മത്സരിച്ചു ജയിക്കാനും ചെറിയാന് കഴിഞ്ഞില്ല.

ഒടുവിൽ ഗ്രൂപ്പിന്റെ ആളായ ഉമ്മൻ ചാണ്ടിയുമായി ചെറിയാൻ ഫിലിപ്പ് അകലുന്നു. ഒരു നിർണായക ഗ്രൂപ്പ് യോഗം നടന്നത് ചെറിയാൻ ഫിലിപ്പ് അറിഞ്ഞു പോലുമില്ല. അത് അദ്ദേഹത്തെ കൂടുതൽ ക്ഷുഭിതനാക്കി. തുടർന്ന് കെ. കരുണാകരനുമായി വളരെ അടുപ്പത്തിലായി. തിരുവനന്തപുരത്ത് പാരീസ് ലൈനിലെ ഒരു ബംഗ്ലാവിൽ അധികാരം നഷ്ടപ്പെട്ട കരുണാകരൻ താമസിക്കുന്ന കാലം. അന്നത്തെ ഏറ്റവും അടുത്ത സഹായി ആന്റണി ഗ്രൂപ്പിൽ നിന്നുമെത്തിയ ചെറിയാൻ ഫിലിപ്പ് ആയിരുന്നു. കരുണാകരന്റെ മകൾ പത്മജയുമായും അടുപ്പത്തിലായി.

ഏഴുപതുകളിൽ എം.എൽ.എ ഹോസ്റ്റലിലെ ഉമ്മൻ ചാണ്ടിയുടെ മുറിയിലായിരുന്നു ചെറിയാൻ ഫിലിപ്പിന്റ താമസം. പീഡനങ്ങളുടെ കാലത്ത് കക്ഷിയെ ഏറെ സഹായിച്ചത് ഉമ്മൻ ചാണ്ടിയാണ്. അദ്ദേഹം എന്റെ രക്ഷകർത്താവാണ്. എന്നൊക്കെയാണ് അന്നദ്ദേഹം പറഞ്ഞിരുന്നത്.

എല്ലാവർക്കും അതൊരു അത്ഭുതമായി. ഉമ്മൻ ചാണ്ടിയും ചെറിയാനും തമ്മിലുള്ള ബന്ധം അവസാനിച്ചു എന്ന് പലരും ധരിച്ചു. ചിലർ സഹതാപത്തോടെ സംസാരിച്ചു. തനിക്ക് അപ്പോഴൊന്നും ചെറിയാനോട് വിദ്വേഷം തോന്നിയില്ല എന്നാണ് ഉമ്മൻ ചാണ്ടി പറയുന്നത്. എന്റെ ഭാഗത്ത് നിന്ന് തെറ്റുവന്നു എന്ന മനോഭാവമാണ് അന്ന് എനിക്കുണ്ടായത്. ചെറിയാനെ പോലെ സജീവ നേതൃത്വത്തിലുള്ള ഒരു വ്യക്തിക്ക് ജയിച്ചുവരാൻ സാധിക്കുന്ന സീറ്റ് നൽകേണ്ടതായിരുന്നു. അതിന് സാധിക്കാതെ വന്നതിൽ തെറ്റ് സംഭവിച്ചു. തെറ്റ് ചെറിയാന്റെ ഭാഗത്തല്ല, ഞാനുൾക്കൊള്ളുന്ന സംവിധാനത്തിന്റെ ഭാഗത്താണ്. അതുകൊണ്ടുതന്നെ എനിക്ക് അന്നും ഇന്നും വിദ്വേഷമില്ലെന്നുമാണ് ഉമ്മൻ ചാണ്ടി പറയുന്നത്.

വീണ്ടും 2001ലെ സ്ഥാനാർത്ഥി നിർണയത്തിലേക്ക് തന്നെ വരാം. ചാലക്കുടിയിൽ പത്മജ വേണഗോപാലിന് കോൺഗ്രസ് സീറ്റ് നിഷേധിച്ചത് വലിയ പ്രശ്നമായി. ഡൽഹിയിൽ അന്തിമ ലിസ്റ്റ് അംഗീകരിച്ചു മടങ്ങി വന്ന ശേഷവും തർക്കങ്ങൾ തുടർന്നു. വീണ്ടും പലവട്ടം പലയിടത്തായി ചർച്ചകൾ. ഒടുവിൽ ആന്റണി കോൺഗ്രസിന് അനുവദിച്ച പേരാവൂർ, വടക്കേക്കര, ആറന്മുള മണ്ഡലങ്ങൾ കരുണാകര പക്ഷത്തിന് കൈമാറി. അവരുടെ റാന്നി പകരം ആന്റണി ഗ്രൂപ്പിന് കൊടുത്തു. പേരാവൂരിൽ കെ.പി. നൂറുദ്ദീനേയും വടക്കേക്കരയിൽ കെ.പി. ധനപാലനയും ആറന്മുളയിൽ കെ. ശിവദാസൻ നായരെയും സ്ഥാനാർത്ഥികൾ ആക്കാൻ തീരുമാനിച്ചു. അവർ അവിടെ പ്രചാരണം തുടങ്ങുകയും ചെയ്തു. എ.ഡി. മുസ്തഫ, എം.എ. ചന്ദ്രശേഖരൻ, മാലോത്ത് സർളാദേവി എന്നിവരെ ഐ ഗ്രൂപ്പ് സ്ഥാനാർത്ഥികളാക്കി നിർത്തുകയും ചെയ്തു. എന്നാൽ പകരം കിട്ടിയ റാന്നി സീറ്റ് ആന്റണി ഗ്രൂപ്പ് എടുത്തതുമില്ല.

ഈ വക സംഗതികൾ ഒന്നും തിരഞ്ഞെടുപ്പ് വിജയത്തിന് തടസ്സങ്ങൾ ആയിരുന്നില്ല. യു.ഡി.എഫ് വൻ വിജയം കൊയ്തു. അഞ്ചുവർഷത്തെ ജനവിരുദ്ധ ഭരണത്തിനെതിരായ ജനങ്ങളുടെ വിധിയെഴുത്താണ് പ്രതീക്ഷയ്ക്കും അപ്പുറത്തെ ഈ വിജയം എന്ന് എ.കെ. ആന്റണി ഇതിനെ വിലയിരുത്തി. പലശാക്തിക ചേരികളും ഇടതുമുന്നണിക്കെതിരെ ഒന്നിച്ചു അണിനിരന്നു. അത് മറികടക്കാൻ ഞങ്ങൾക്ക് കഴിഞ്ഞില്ല എന്ന് പിണറായി വിജയനും പറഞ്ഞു.

ഉമ്മൻചാണ്ടി 12,575 വോട്ടിന് വിജയിച്ചു. 99 മണ്ഡലങ്ങൾ യു.ഡി.എഫ് കൈപ്പിടിയിലൊതുക്കി. കോൺഗ്രസിന് മാത്രമായി 63 സീറ്റ് ഉണ്ടായിരുന്നു. കെ. രാധാകൃഷ്ണൻ ഒഴികെ മത്സര രംഗത്ത് ഉണ്ടായിരുന്ന ഇടതുപക്ഷത്തെ മന്ത്രിമാരൊക്കെയും പരാജയപ്പെട്ടു. എ.കെ. ആന്റണി മൂന്നാം തവണ മുഖ്യമന്ത്രിയായി. 2001 മെയ് 17 ആയിരുന്നു സത്യപ്രതിജ്ഞ.

തിരുവനന്തപുരം മുതൽ മലപ്പുറം വരെയുള്ള ജില്ലകളിൽ യു.ഡി.എഫ് വലിയ മുന്നേറ്റം ആണ് ഉണ്ടാക്കിയത്. 1996ൽ 41 സീറ്റ് ഉണ്ടായിരുന്ന സി.പി.എമ്മിന് ഇത്തവണ കിട്ടിയത് 23 സീറ്റ് മാത്രം.

കോൺഗ്രസിന് ആകട്ടെ കഴിഞ്ഞതവണ കിട്ടിയ 36 സീറ്റിന് പകരം 62 സീറ്റ് ലഭിച്ചു. സി.പി.ഐയുടെ കുത്തക സീറ്റുകൾ ഒക്കെയും കൈവിട്ടുപോയി. കൊടുങ്ങല്ലൂർ, പട്ടാമ്പി, നാട്ടിക, കരുനാഗപ്പള്ളി എന്നിങ്ങനെ പ്രമുഖ സീറ്റുകളിൽ ഒക്കെയും സി.പി.ഐക്ക് നഷ്ടമായി. സി.പി.ഐ മന്ത്രിമാരായിരുന്ന കെ. ഇസ്മായിൽ, കൃഷ്ണൻ കണിയാംപറമ്പിൽ എന്നിവരും പരാജയപ്പെട്ടു. കേരള കോൺഗ്രസ് ജോസഫ് ഗ്രൂപ്പ് നേതാവും വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന പി.ജെ. ജോസഫും പരാജയപ്പെട്ടു. തൊടുപുഴയിൽ ജോസഫിനെ പരാജയപ്പെടുത്തിയത് പി.ടി. തോമസ് ആയിരുന്നു.

പുതിയ മന്ത്രിസഭ അധികാരമേറ്റ് കഴിഞ്ഞാൽ ഉടൻതന്നെ ഗവർണർ നൽകുന്ന ചായ സൽക്കാരത്തിൽ പങ്കെടുക്കാൻ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും രാജ്യഭവനിലേക്ക് പോകുന്ന ഒരു പതിവുണ്ട്. ഇത്തവണ അത് നീട്ടിവെച്ച് ആന്റണിയും മറ്റും കോൺഗ്രസ് ആസ്ഥാനമായ ഇന്ദിരാഭവനിലേക്ക് പോയി. അന്ന് അവിടെ കേന്ദ്ര നിരീക്ഷകനായി എത്തിയിരുന്നത് എ.ഐ.സി.സി ജനറൽ സെക്രട്ടറി ഗുലാം നമ്പി ആസാദ് ആയിരുന്നു.

(തുടരും)



# ഇന്ത്യ എത്തുമ്പോഴേക്കും യൂറോപ്പ് തുടച്ചെടുക്കുമോ? ക്രൂഡിന്റെ കളി ഗയാനയിൽ

ക്രൂഡ് ഓയിലിന് വേണ്ടി ലോക രാജ്യങ്ങൾ പ്രധാനമായും ആശ്രയിക്കുന്നത് സൗദി അറേബ്യയും യുഎഇയും കുവൈറ്റും ഇറാഖും ഉൾപ്പെടുന്ന പശ്ചിമേഷ്യൻ രാജ്യങ്ങളെയാണ്. എന്നാൽ സമീപകാലത്ത് മിക്കവരും എണ്ണ കിട്ടുന്ന കൂടുതൽ രാജ്യങ്ങൾ തേടിപ്പോകുകയാണ്. റഷ്യയും ഉക്രൈനും തമ്മിലുള്ള യുദ്ധമാണ് ഇതിന് നിമിത്തയമായത്.

യൂറോപ്യൻ രാജ്യങ്ങൾ നേരത്തെ റഷ്യയിൽ നിന്നായിരുന്നു പ്രധാനമായും എണ്ണ വാങ്ങിയിരുന്നത്. റഷ്യയുമായി ഉടക്കിയതോടെ മറ്റു രാജ്യങ്ങളിലേക്ക് തിരിഞ്ഞു. ഇതോടെ ലാഭം കൊയ്യുന്നതിന് തെക്കൻ അമേരിക്കൻ രാജ്യങ്ങളാണ്. അവിടെയാണ് ഗയാനയുടെ റോൾ. ഇന്ത്യ ഈ രാജ്യവുമായി ക്രൂഡ് ഓയിൽ കരാറിന് ചർച്ച നടത്തവെ പരമാവധി വാങ്ങിക്കൂട്ടുകയാണ് യൂറോപ്പ്.



ഗയാന കഴിഞ്ഞ വർഷം കയറ്റുമതി ചെയ്ത ക്രൂഡ് ഓയിൽ 54 ശതമാനമാണ്. കൂടുതൽ വാങ്ങിയത് യൂറോപ്യൻ രാജ്യങ്ങളാണ് എന്ന് റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്യുന്നു. ഓരോ ദിവസവും 582000 ബാരൽ എണ്ണയാണ് 2024ൽ ഗയാന കയറ്റുമതി ചെയ്തത്. എക്സോൺ മൊബൈൽ, ഹെസ് കോർപറേഷൻ, സിഎൻഒഒസി എന്നീ വൻകിട കമ്പനികളാണ് ഖനനം നടത്തുന്നത്.

വിദേശ കമ്പനികൾ ഗയാനയിലെ സ്റ്റബ്രോക് ബ്ലോക്കിൽ ഖനനത്തിന് കോടികളാണ് ചെലവിടുന്നത്. ചൈനയുടെയും അമേരിക്കയുടെയും യൂറോപ്പിലെയും എണ്ണ കമ്പനികൾ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന സ്റ്റബ്രോക് ബ്ലോക്കിൽ 11000 കോടി ബാരൽ എണ്ണ ശേഖരമുണ്ട് എന്നാണ് കണക്കാക്കുന്നത്. മെക്സിക്കോ, കൊളംബിയ തുടങ്ങിയ തെക്കൻ അമേരിക്കയിലെ മറ്റ് രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്നതിനേക്കാൾ മേന്മയുള്ള എണ്ണയാണ് ഗയാനയിലേത്.

2019ലാണ് ഗയാന ക്രൂഡ് ഓയിൽ കയറ്റുമതി ആരംഭിച്ചത്. ഇന്ന് തെക്കൻ അമേരിക്കയിൽ എണ്ണ കയറ്റുമതി ചെയ്യുന്ന അഞ്ചാമത്തെ രാജ്യമായി വളർന്നിരുന്നു ഗയാന. ബ്രസീൽ, മെക്സിക്കോ, വെനസ്വേല, കൊളംബിയ എന്നീ രാജ്യങ്ങളാണ് മുന്നിലുള്ളത്. 2023ൽ യൂറോപ്പ് ഇറക്കിയിരുന്ന 62 ശമതാനം എണ്ണയും ഗയാനയിൽ നിന്നായിരുന്നു. 2024ൽ 66 ശതമാനമായി വർധിച്ചിരിക്കുന്നു. 10 ലക്ഷം ബാരൽ എണ്ണ കൂടി വൈകാതെ അധികമായി ഉൽപ്പാദിപ്പിക്കാനുള്ള ശ്രമത്തിലാണ് ഗയാന.

ഈ വേളയിലാണ് ഇന്ത്യ ക്രൂഡ് ഓയിലിന് വേണ്ടി ഗയാനയെ ലക്ഷ്യമിടുന്നത്. ദീർഘകാല കരാർ ആണ് ഇന്ത്യ താൽപ്പര്യപ്പെടുന്നത് എന്ന് അടുത്തിടെ ഗോവയിൽ ഒരു പരിപാടിക്കെത്തിയ ഗയാനയുടെ പ്രകൃതി വിഭവ മന്ത്രി വിക്രം ഭറാത്ത് പറഞ്ഞിരുന്നു. ഗയാനയിൽ ക്രൂഡ് ഖനനത്തിന് വേണ്ടിയുള്ള പര്യവേക്ഷണത്തിൽ പങ്കാളിയാകാനും ഇന്ത്യ ആഗ്രഹിക്കുന്നുണ്ട്.

റഷ്യ, ഇറാഖ്, സൗദി അറേബ്യ, യുഎഇ, അംഗോള, അമേരിക്ക, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളെയാണ് ഇന്ത്യ പ്രധാനമായും ക്രൂഡ് ഓയിലിന് വേണ്ടി ആശ്രയിക്കുന്നത്. റഷ്യ വില കുറച്ച് നൽകുന്നത് കാരണമാണ് അവിടെ നിന്ന് വാങ്ങുന്നത്. എന്നാൽ കഴിഞ്ഞ മാസം ഇന്ത്യ വീണ്ടും പശ്ചിമേഷ്യൻ എണ്ണ കൂടുതലായി വാങ്ങുന്നുണ്ട്. അതോടൊപ്പം തന്നെ, ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും രാജ്യങ്ങളെയും ലക്ഷ്യമിടുന്നു. അതിന്റെ ഭാഗമായിട്ടാണ് ഗയാനയിലും എത്തിയത്. എന്നാൽ യൂറോപ്യൻ രാജ്യങ്ങൾ ഇവിടെയുള്ള എണ്ണ കൂടുതലായി വാങ്ങുന്നത് ഇന്ത്യയുടെ മോഹങ്ങൾക്ക് തിരിച്ചടിയായേക്കും.

# മദ്രാസ് ഐ.ഐ.ടിയിൽ ലൈംഗികാതിക്രമം; ഒരു അറസ്റ്റ്




ചെന്നൈ: ഐ.ഐ.ടി മദ്രാസിലെ ഗവേഷണ വിദ്യാർത്ഥിനിക്ക് നേരെ ലൈംഗികാതിക്രമം നടത്തിയയാൾ അറസ്റ്റിൽ. ക്യാമ്പസിനടുത്തുള്ള ബേക്കറിയിൽ ജോലി ചെയ്തിരുന്ന ഉത്തർപ്രദേശ് സ്വദേശിയാണ് പിടിയിലായത്. ചൊവ്വാഴ്ച വൈകിട്ടാണ് സംഭവം. കോളേജ് ക്യാമ്പസിനടുത്തുള്ള ശ്രീറാം നഗറിലെ പ്രധാന റോഡിലുള്ള ബേക്കറിയിലെത്തിയ വിദ്യാർത്ഥികളിൽ ഒരാൾക്ക് നേരെയാണ് അതിക്രമം ഉണ്ടായത്.

കോട്ടൂർപുരം പൊലീസ് സ്റ്റേഷനിലാണ് വിദ്യാർത്ഥികൾ ആദ്യം പരാതി നൽകിയത്. ഈ പരാതി അഭിരാമപുരം ഓൾ വനിതാ പൊലീസ് സ്റ്റേഷനിലേക്ക് അയയ്ക്കുകയും കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു. തുടർന്നാണ് ബേക്കറി ജീവനക്കാരനെ അറസ്റ്റ് ചെയ്തത്. അന്വേഷണം തുടരുകയാണെന്ന് പൊലീസ് അറിയിച്ചു.

പ്രതി ഐ.ഐ.ടിയുമായി ബന്ധമുള്ള ആളല്ലെന്നും പുറത്തുള്ള ബേക്കറിയിലാണ് ജോലി ചെയ്യുന്നതെന്നും ഐ.ഐ.ടി മദ്രാസ് വ്യക്തമാക്കി. വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കാൻ ഐ.ഐ.ടിയിലുടനീളം സി.സി ടിവി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ പുറത്തുപോകുമ്പോൾ ജാഗ്രത പാലിക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

ഗവേഷണ വിദ്യാർഥിക്ക് മദ്രാസ് ഐ.ഐ.ടി പൂർണ്ണ പിന്തുണ നൽകുന്നു എന്നും പ്രസ്താവനയിൽ വ്യക്തമാക്കി. അതേസമയം കഴിഞ്ഞ വർഷം ഡിസംബർ 23 ന് തമിഴ്നാട്ടിലെ അണ്ണാ യൂണിവേഴ്സിറ്റിയിലെ ഒരു വിദ്യാർഥിനി ലൈംഗികമായി പീഡിപ്പിക്കപ്പെട്ടത് രാജ്യമെമ്പാടും വലിയ വാർത്തയായിരുന്നു.









# ആർ.എസ്.എസ് മേധാവിയുടെ പ്രസ്താവന രാജ്യദ്രോഹം: രാഹുൽ



ന്യൂഡൽഹി: രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ചത് അയോദ്ധ്യയിൽ രാമക്ഷേത്രം യാഥാർത്ഥ്യമായപ്പോളാണെന്ന ആർ.എസ്.എസ് മേധാവി മോഹൻ ഭാഗവതിന്റെ പ്രസ്താവന രാജ്യദ്രോഹപരമാണെന്ന് ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. പുതിയ കോൺഗ്രസ് ആസ്ഥാന ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു.

മറ്റേതെങ്കിലും രാജ്യത്തായിരുന്നു ഇത്തരം പ്രസ്താവനയെങ്കിൽ ആർ.എസ്.എസ് മേധാവി അറസ്റ്റിലായേനെ എന്നും പറഞ്ഞു. 1947 ൽ സ്വാതന്ത്ര്യം ലഭിച്ചില്ലെന്ന് പറയുന്നത് ഓരോ ഇന്ത്യക്കാരനെയും അപമാനിക്കുന്നതിന് തുല്യമാണ്. ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടം അസാധുവാണെന്ന് പറയുന്നത് രാജ്യദ്രോഹമാണ്.

ഇത്തരം അസംബന്ധങ്ങൾ നിർത്തേണ്ട സമയമായി. കോൺഗ്രസ് പ്രത്യയശാസ്ത്രം ആയിരക്കണക്കിന് വർഷങ്ങൾ പഴക്കമുള്ളതാണെന്നും ആർ.എസ്.എസിനെതിരെ പോരാട്ടത്തിലാണെന്നും അദ്ദേഹം പറഞ്ഞു. ശിവനും ബുദ്ധനും ഗുരുനാനാക്കും കബീറും ഗാന്ധിജിയും രാജ്യത്തിന് ശരിയായ പാത കാണിച്ച പ്രതീകങ്ങളാണ്. ആർ.എസ്.എസ് പ്രത്യയശാസ്ത്രത്തിൽ അത്തരം പ്രതീകങ്ങളില്ല.

രാജ്യത്തെ മിക്കവാറും എല്ലാ സ്ഥാപനങ്ങളും ബി.ജെ.പിയും ആർ.എസ്.എസും പിടിച്ചെടുത്തു. അതിനാൽ പോരാട്ടം അവരിൽ ഒതുങ്ങുന്നില്ല. തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനത്തിൽ അസ്വസ്ഥതയുണ്ടെന്നും രാഹുൽ പറഞ്ഞു. മഹാരാഷ്ട്ര തിരഞ്ഞെടുപ്പിൽ എന്തോ കുഴപ്പം സംഭവിച്ചുവെന്ന ആരോപണം അദ്ദേഹം ആവർത്തിച്ചു. ഒരു കോടിയോളം പുതിയ വോട്ടർമാർ പെട്ടെന്ന് പ്രത്യക്ഷപ്പെടുന്നത് എങ്ങനെ. വോട്ടർ പട്ടിക സുതാര്യമാക്കേണ്ടത് തിരഞ്ഞെടുപ്പ് കമ്മീഷന്റെ കടമയാണ്.

ബി.ജെ.പിക്കും ആർ.എസ്.എസിനും കീഴടങ്ങാത്ത കോൺഗ്രസുകാർക്കെതിരെ ആസൂത്രിതമായ ആക്രമണം നടക്കുകയാണെന്ന് രാഹുൽ ചൂണ്ടിക്കാട്ടി. അവരെ തടയാൻ കഴിവുള്ള ഒരേയൊരു പാർട്ടി കോൺഗ്രസാണ്. കോൺഗ്രസിന് പ്രത്യയശാസ്ത്രമുണ്ട്. പുതിയ ആസ്ഥാനം നേതാക്കളുടെയും തൊഴിലാളികളുടെയും രക്തത്തിൽ നിന്ന് ഉയർന്നതാണ്. അതിനു പിന്നിലെ ആശയം രാജ്യത്തിന്റെ എല്ലാ കോണുകളിലും എത്തണം.

# കേജ്‌രിവാളിനെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി, ഖാലിസ്ഥാൻ വധഭീഷണി

ന്യൂഡൽഹി: നിയമസഭാ തിരഞ്ഞെടുപ്പ് ചൂടിനിടെ ആം ആദ്മി പാർട്ടി ദേശീയ കൺവീനറും ഡൽഹി മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കേജ്‌രിവാളിന് കുരുക്ക് മുറുകുന്നു. മദ്യനയവുമായി ബന്ധപ്പെട്ട ഇ.ഡി കേസിൽ കേജ്‌രിവാളിനെ പ്രോസിക്യൂട്ട് ചെയ്യാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകി. കേജ്‌രിവാൾ നാമനിർദ്ദേശപത്രിക സമർപ്പിച്ച ദിവസം തന്നെ അനുമതി നൽകിയത് ആം ആദ്മി പാർട്ടിയെയും പ്രതിരോധത്തിലാക്കി.

ഡൽഹി മുൻ ഉപമുഖ്യമന്ത്രി മനീഷ് സിസോദിയയെ പ്രോസിക്യൂട്ട് ചെയ്യാനും അനുമതിയുണ്ട്. ഇ.ഡിയുടെ കത്ത് സഹിതം ലെഫ്റ്റനന്റ് ഗവർണർ വി.കെ. സക്സേന സമർപ്പിച്ച ശുപാർശ കേന്ദ്രം അംഗീകരിക്കുകയായിരുന്നു. ഇ.ഡി സമർപ്പിച്ച കുറ്റപത്രം ഡൽഹി റൗസ് അവന്യൂ കോടതി സ്വീകരിച്ചിരുന്നു. ഇതിനെതിരെ കേജ്‌രിവാൾ സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പൊതുപ്രവർത്തകരെ പ്രോസിക്യൂട്ട് ചെയ്യാൻ മുൻകൂർ അനുമതി അനിവാര്യമാണെന്നും ആ വ്യവസ്ഥ ഇ.ഡിക്ക് ബാധകമാണെന്നും മറ്റൊരു കേസിൽ സുപ്രീംകോടതി കഴിഞ്ഞ നവംബറിൽ വിധിച്ചിരുന്നു. ആ സാഹചര്യത്തിൽ, പ്രോസിക്യൂഷൻ അനുമതിയുണ്ടെന്ന് ചൂണ്ടിക്കാട്ടി അനുകൂല ഉത്തരവ് നേടിയെടുത്ത ശേഷം വിചാരണനടപടികൾ വേഗത്തിലാക്കാനാണ് ഇ.ഡി നീക്കം.



## പരിഹസിച്ച് കേജ്‌രിവാൾ

ഇത്തരത്തിലാണ് ബി.ജെ.പി തിരഞ്ഞെടുപ്പിനെ നേരിടുന്നതെന്ന് കേജ്‌രിവാൾ പരിഹസിച്ചു. ആം ആദ്മി സർക്കാരിനെ ജനം തൂത്തെറിയുമെന്ന് ബി.ജെ.പി തിരിച്ചടിച്ചു. അതേസമയം, കേന്ദ്രനടപടിയെ കോൺഗ്രസ് സ്വാഗതം ചെയ്തു. 2000 കോടിയുടെ അഴിമതിയെന്ന് സി.എ.ജി റിപ്പോർട്ടിൽ തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്ന് ന്യൂഡൽഹി മണ്ഡലത്തിൽ കേജ്‌രിവാളിന്റെ എതിരാളിയായ കോൺഗ്രസിലെ സന്ദീപ് ദീക്ഷിത് പറഞ്ഞു. മുൻ മുഖ്യമന്ത്രി ഷീലാ ദീക്ഷിതിന്റെ മകനാണ്.

## നാമനിർദ്ദേശപത്രിക സമർപ്പിച്ചു

നാലാം തവണയും ന്യൂഡൽഹി മണ്ഡലത്തിൽ നിന്ന് മത്സരിക്കുന്ന കേജ്‌രിവാൾ ഇന്നലെ നാമനിർദ്ദേശപത്രിക സമർപ്പിച്ചു. കൊണാട്ട് പ്ലേസിലെ ഹനുമാൻ ക്ഷേത്രത്തിലും വാത്മീകി ക്ഷേത്രത്തിലും ദർശനം നടത്തിയ ശേഷം ഭാര്യ സുനിതയ്ക്കും പ്രവർത്തകർക്കുമൊപ്പം പദയാത്രയായാണ് കേജ്‌രിവാൾ എത്തിയത്. അധിക്ഷേപിക്കുന്ന രാഷ്ട്രീയ പാർട്ടിക്കല്ല, ജനങ്ങൾക്കായി പ്രവർത്തിക്കുന്ന പാർട്ടിക്ക് വോട്ടു ചെയ്യണമെന്ന് പത്രിക സമർപ്പിച്ച ശേഷം കേജ്‌രിവാൾ അഭ്യർത്ഥിച്ചു. ബി.ജെ.പിക്ക് മുഖ്യമന്ത്രി സ്ഥാനാർത്ഥിയോ, ജനങ്ങൾക്കായി പ്രത്യേക പദ്ധതികളോ ഇല്ലെന്നും ആരോപിച്ചു.

## ഖാലിസ്ഥാൻ വധഭീഷണി

കേജ്‌രിവാളിന് ഖാലിസ്ഥാൻ ഭീകരരുടെ ആക്രമണമുണ്ടാകുമെന്ന് രഹസ്യാന്വേഷണ ഏജൻസികളുടെ റിപ്പോർട്ട്. മൂന്നുപേരടങ്ങിയ കൊലയാളി സംഘം ഡൽഹിക്ക് തിരിച്ചുവെന്ന വിവരമാണ് രഹസ്യാന്വേഷണ ഏജൻസികളുടെ പക്കലുള്ളത്.

പാക് ഐ.എസ്.ഐയാണ് പിന്നിലെന്ന് സംശയിക്കുന്നു. സൂചനകളുടെ അടിസ്ഥാനത്തിൽ കേജ്‌രിവാളിന്റെ സുരക്ഷാ ക്രമീകരണങ്ങൾ ഏജൻസികൾ അവലോകനം ചെയ്തു.

ഇസഡ് പ്ലസ് സുരക്ഷയാണ് നിലവിലുള്ളത്. ഭീഷണി സംബന്ധിച്ച റിപ്പോർട്ടുകൾ മാദ്ധ്യമപ്രവർത്തകർ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ദൈവം രക്ഷിക്കുമെന്ന് കേജ്‌രിവാൾ പറഞ്ഞു.









# 'ഭ ഭ ബ' നീർവീര്യമാക്കുന്ന ജില്ലാ സമ്മേളനങ്ങളും, രാഷ്ട്രീയ സ്വയംസമാധികളും...

കേരളാ വിൻഡോ



ആന്റണി ചടയംമുറി

ദിലീപിന്റെ പുതിയ സിനിമയുടെ പേര് 'ഭ ഭ ബ' എന്നാണ്. ഭയം, ഭക്തി, ബഹുമാനം എന്നതിന്റെ ചുരുക്കാക്ഷരങ്ങളിൽ നിന്നാണ് ഈ സിനിമാപ്പേരുണ്ടായത്. സി.പി.എം.ന്റെ ആലപ്പുഴ ജില്ലാ സമ്മേളനത്തിൽ മുഴുവൻ സമയവും പങ്കെടുത്ത മുഖ്യമന്ത്രി പിണറായി വിജയന്റെ മുമ്പിൽ മേൽപ്പറഞ്ഞ മൂന്നക്ഷരങ്ങൾ കീശയിലിട്ടാണ് പ്രതിനിധികൾ കമാന്നൊരക്ഷരം പറയാതെ പങ്കെടുത്തതെന്ന് മാധ്യമങ്ങളിൽ വാർത്ത കണ്ടു.

പുന്നപ്രവയലാർ സമരങ്ങളുടെ പൈതൃകം പേറുന്ന ആലപ്പുഴയ്ക്ക് വാരിക്കുന്തങ്ങളുമായി വർഗ ശത്രുക്കൾക്കെതിരെ പോരാടിയതിന്റെ ചരിത്രമേ പറയാനുള്ളൂ. ഇപ്പോൾ അക്കാലമെല്ലാം പോയ് മറഞ്ഞു. ജില്ലാ സെക്രട്ടറി നാസറും മന്ത്രി സജി ചെറിയാനും ഇവിടെ രണ്ട് തട്ടിലാണ്. യു. പ്രതിഭയെന്ന സി.പി.എം. എം.എൽ.എ. സജിയുടെ ഗ്രൂപ്പിലുമാണ്. കുട്ടനാട്ടിൽ സി.പി.എംൽ നിന്ന് കൂട്ടത്തോടെ സി.പി.ഐ.യിലേക്ക് അണികൾ ചോരുന്നുമുണ്ട്.

കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലാകട്ടെ, സി.പി.എം.ന്റെ ശക്തി കേന്ദ്രങ്ങളായ അമ്പലപ്പുഴ, ഹരിപ്പാട്, കായംകുളം തുടങ്ങിയ പ്രദേശങ്ങളിൽ പാർട്ടി വോട്ടുകൾ ബി.ജെ.പി. സ്ഥാനാർത്ഥിയായ ശോഭാ സുരേന്ദ്രന് ലഭിച്ചതും പിന്നീട് വാർത്തയായി. വിപ്ലവത്തിന്റെ ഡി.എൻ.എ. ഇനിയും നഷ്ടപ്പെട്ടിട്ടില്ലാത്ത ആലപ്പുഴയിലെ വിമത ശബ്ദങ്ങളെ നിശ്ശബ്ദമാക്കാൻ പിണറായി സർവ അടവുകളും പയറ്റി. ജില്ലാസമ്മേളനവേദിയിലെ സ്ക്രീനിൽ സദാ സമയവും തെളിഞ്ഞു നിന്നത് പിണറായിയുടെ ചിത്രം. പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദനെ നിഷ്പ്രഭനാക്കിയുള്ള പിണറായിയുടെ പ്രകടനം അംഗങ്ങളിലെ വിമത ശൗര്യം ഊറ്റിക്കളയുകയായിരുന്നു.

പാർട്ടി സമ്മേളനത്തിന്റെ ഉദ്ഘാടന പ്രസംഗവും സമാപന പ്രസംഗവും രണ്ട് മണിക്കൂർ വീതം നീണ്ടു. രണ്ടാം കുട്ടനാട് പാക്കേജിലൂടെ 'നമ്മളു കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്ന മട്ടിലുള്ള ഉറപ്പ് നൽകിയായിരുന്നു പിണറായി പ്രതിനിധികളെ അടക്കിയിരുത്തിയതും. കഴിഞ്ഞ തവണ ജില്ലാ കമ്മിറ്റിയിൽ നിന്ന് അകറ്റിനിർത്തിയ യു. പ്രതിഭ എം.എൽ.ഏ.യെ ഇത്തവണ ജില്ലാ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയതും അംഗങ്ങളെ അമ്പരപ്പിച്ചു.

മകനിൽ ആരോപിതമായ കഞ്ചാവ് കേസിൽ ആകെ ഉലഞ്ഞുപോയ പ്രതിഭയ്ക്ക് ജില്ലാ കമ്മിറ്റിയിൽ ഇടം കിട്ടിയത് പ്രതിഭയോടുള്ള പാർട്ടിയുടെ 'സ്പെഷ്യൽ വാൽസല്യ' ത്തെ സൂചിപ്പിക്കുന്നതായി. ആലപ്പുഴ ജില്ലയിൽ വി.എസ്. പക്ഷത്തെ വെട്ടിയൊതുക്കാൻ പിണറായി പണ്ട് കൂടെ കൂട്ടിയ മുൻ മന്ത്രി ജി. സുധാകരനെ 'വീട്ടിലിരുത്തിയാണ്' ഇത്തവണ പിണറായി 'ശക്തിമാൻ' വേഷം കളിച്ചത്. സി.പി.എം.ൽ പാർട്ടി സെക്രട്ടറിയെന്ന അധികാര കേന്ദ്രത്തെ ഈ സമ്മേളനത്തിലൂടെ പിണറായി നിഷ്പ്രഭനാക്കി. ''ഞാനാണ് സർവ്വവും'' എന്ന ഗർവിന്റെ വാക്കുകൾ പ്രതിനിധികൾ കേട്ടിരുന്നെങ്കിലും അണിയറയിൽ വിഭാഗീയതകളുടെ 'ചെറു പൂരങ്ങൾ' രൂപപ്പെടുമോയെന്ന ആശങ്ക പാർട്ടിയിലെ മിതവാദികൾക്കുണ്ട്.



## ഇവിടെയും സ്വയം സമാധിയാകുന്നവരുണ്ടേ ....

നെയ്യാറ്റിൻകര ആറാലും മൂട് കാവുവിളാകം സിദ്ധൻ ഭവനിൽ ഗോപൻ (69) സ്വയം സമാധിയായെന്നത് ഇപ്പോൾ തർക്ക വിഷയമായിക്കഴിഞ്ഞു. പക്ഷെ, ഇപ്പോൾ സി.പി.എം.ൽ രാഷ്ട്രീയമായിതന്നെ സ്വയം സമാധിയാകാൻ ചില നേതാക്കൾ തിരക്കു കൂട്ടുകയാണ്. ഇതിൽ ഏറ്റവും പുതിയ പേര് 4 തവണ എം.പി.യും രണ്ടു തവണ എം.എൽ.ഏ.യുമായിരുന്ന കെ.സുരേഷ് കുറുപ്പിന്റേതാണ്. പാർട്ടിയുടെ ജില്ലാസമ്മേളനത്തിനു മുമ്പായി തന്നെ ജില്ലാ കമ്മറ്റിയിൽ നിന്ന് ഒഴിവാക്കണമെന്ന് സുരേഷ് കുറുപ്പ് നേതൃത്വത്തിന് കത്ത് നൽകിയിട്ടുണ്ടെന്നാണ് ഔദ്യോഗിക ഭാഷ്യം. സുരേഷ് കുറുപ്പിന് ഇപ്പോൾ വയസ്സ് 68. അതുകൊണ്ടു തന്നെ ഏഴ് വർഷം കൂടി പാർട്ടിയുടെ ഔദ്യോഗിക പദവികൾ അദ്ദേഹത്തിന് വഹിക്കാനാകുമായിരുന്നു.

യു.ഡി.എഫി.ന്റെ കോട്ടയായിരുന്ന പഴയ പ്രദേശങ്ങൾ ഉൾപ്പെട്ട ഏറ്റുമാനൂർ നിയമസഭാമണ്ഡലത്തിൽ നിന്നു പോലും അരിവാൾ ചുറ്റിക ചിഹ്നത്തിൽ ജയിക്കാൻ കഴിഞ്ഞ ജെന്റിൽമാനും സുന്ദര കില്ലാഡിയുമാണ് സുരേഷ് കുറുപ്പ്. എസ്.എഫ്.ഐ.യ്ക്ക് കെ.എസ്.യുവിനെ കീഴടക്കാൻ കിട്ടിയ സൗമ്യ സുന്ദരമുഖമായിരുന്നു സുരേഷ് കുറുപ്പിന്റേത്. പിന്നീട് എസ്.എഫ്.ഐ.ക്കാരി തന്നെയായ സാവിത്രിയെ സുരേഷ് കുറുപ്പ് വിവാഹം കഴിച്ചു. പഴയ സഖാവ് എൻ.എ.സി (എൻ. ശ്രീധരൻ)ന്റെ പ്രിയ ശിഷ്യരായിരുന്നു എഴുപതുകളിൽ സുരേഷ് കുറുപ്പും സി.പി ജോണും ജോൺ ബ്രിട്ടോയുമെല്ലാം. ബ്രിട്ടോ കുത്തേറ്റ് വീണ് വീൽചെയറിലായപ്പോൾ, സുരേഷ് കുറുപ്പ് കണ്ണൂർ സി.പി.എംന്റെ കണ്ണിലെ കരടായി.

സി.പി.ജോണാകട്ടെ എം.വി.രാഘവനോടൊപ്പം സി.എം.പി.യിലേക്ക് പോയി. ഒരിക്കൽ നിയമസഭാ സ്പീക്കറോ മന്ത്രിയോ വരെയാകുമെന്ന് കരുതിയിരുന്ന കാലം മുതലേ പാർട്ടിയിലെ പഴയ പടക്കുതിരകളുടെ ചവിട്ടേറ്റ് വീണ ജാതകമാണ് സുരേഷ് കുറുപ്പിന്റേത്. ഷാജി എൻ. കരുണിന്റെ ഒരു സിനിമയിൽ വേഷമിട്ട അനുഭവവും സുരേഷ് കുറുപ്പിനുണ്ട്. ''നല്ല നായർ'' എന്ന ഗണത്തിൽ പെടുത്താവുന്ന സുരേഷ് കുറുപ്പിന് പഴയ എസ്.എഫ്.ഐ. കാലത്ത് 'മുടിഞ്ഞ ഗ്ലാമറാ' യിരുന്നുവെന്ന് ഈയിടെ ഒരു മാധ്യമ പ്രവർത്തകൻ വിശേഷിപ്പിച്ചത് കേട്ടു. കാമുകിമാരുടെ 'ക്യൂ' ഉണ്ടായിട്ടും സുരേഷ് കുറുപ്പിന്റെ കൈപിടിച്ചത് അന്നത്തെ എസ്.എഫ്.ഐ. തൃശൂർ ജില്ലാ കമ്മിറ്റിയംഗമായിരുന്ന സാവിത്രിയാണ്.

കൊട്ടാരക്കരയിലെമാടമ്പിയായ ആർ. ബാലകൃഷ്ണപിള്ളയെ അടിപടലം നിയമസഭാ തെരഞ്ഞെടുപ്പിൽ തോൽപ്പിച്ച സി.പി.എം. നേതാവായ ഐഷാ പോറ്റിയും സജീവ രാഷ്ട്രീയം വിട്ടു കഴിഞ്ഞു. മലബാറിൽ സി.പി.എം.ന്റെ ക്രിസ്തീയ മുഖമായിരുന്ന ജെയിംസ് മാത്യു ഇപ്പോൾ ജീവകാരുണ്യ മേഖലയിൽ പ്രവർത്തിക്കുകയാണ്. നീർവീര്യമാക്കപ്പെട്ട ആദർശ ധീരന്മാരായ പ്രാദേശിക നേതാക്കളുടെ സംസ്ഥാന തലത്തിലുള്ള ഐക്യം സാധ്യമാകുമോ?

ഫെബ്രുവരിയിലാണ് കൊല്ലത്ത് സംസ്ഥാന സമ്മേളനം നടക്കുക. മലപ്പുറം സമ്മേളനത്തിൽ പിണറായിയ്ക്കെതിരെ പി.കെ. ഗുരുദാസനെ പാർട്ടി സെക്രട്ടറിയാക്കാനുള്ള വി.എസി.ന്റെ നീക്കം മണത്തറിഞ്ഞ പിണറായി ഇപ്പോൾ മണിപവറും മസിൽ പവറും ചേർന്ന അധികാരത്തിന്റെ 'ഹിറ്റ്ലർ വേഷ' മണിഞ്ഞു കഴിഞ്ഞുവെന്ന് എതിരാളികൾ പിറുപിറുക്കുന്നുണ്ട്. ഐ.ടി.യും എസ്.എഫ്.ഐ.ഒ.യും ചേർന്ന് ഡെൽഹി ഹൈക്കോടതിയിൽ എഴുതി നൽകിയ 185 കോടി രൂപയുടെ അഴിമതിയുടെ പിന്നിലുള്ള 'കരിവേഷ'ങ്ങൾക്ക് മാധ്യമങ്ങൾ വലിയ പ്രചാരം നൽകുന്നില്ല. പകരം പത്തനംതിട്ട ബലാൽസംഗവും, നെയ്യാറ്റിൻകര സ്വയം സമാധി വിവാദവുമെല്ലാമാണ് മാധ്യമങ്ങൾ ആഘോഷിക്കുന്നത്.

## കനുഗോലുവിന് ഒരു മുഴം മുമ്പേ...

കർണ്ണാടകത്തിൽ കോൺഗ്രസിനെ അധികാരത്തിലേറ്റിയത് ഇലക്ഷൻ തന്ത്രജ്ഞൻസുനിൽകനുഗോലുവിന്റെരാഷ്ട്രീയ തന്ത്രങ്ങളായിരുന്നു. കേരളത്തിൽ 2026ൽ ഭരണം പിടിക്കാനുള്ള തന്ത്രങ്ങളൊരുക്കാൻ കനുഗോലുവും ടീമും കേരളത്തിലെത്തിയിട്ടുണ്ട്. പിണറായിയുടെ നേതൃത്വത്തിലുള്ള രണ്ട് മന്ത്രിസഭകളുടെയും 'അഴിമതിക്കഥകൾ'ക്ക് പുതിയ പ്രചരണമുഖം നൽകാനാണ് കനുഗോലു പദ്ധതിയൊരുക്കിയത്.

എന്നാൽ പ്രിയങ്കാ ഗാന്ധിക്ക് വൻ ഭൂരിപക്ഷം ലഭിച്ച വയനാട്ടിൽ നിന്നു തന്നെയുള്ള കോൺഗ്രസ് എം.എൽ.ഏ.യായ ഐ.സി. ബാലകൃഷ്ണനെതിരെ തന്നെ 'ആത്മഹത്യ പ്രേരണക്കുറ്റം' ചുമത്തി കേരളാ പോലീസ് കേസെടുത്തതോടെ, കെ.പി.സി.സി.യുടെ 'ക്രൈസിസ് മാനേജ്മെന്റ്' പാളിപ്പോയെന്ന് കരുതുന്നവരാണേറെ.

പിണറായിക്കും മന്ത്രിമാർക്കുമെതിരേ അഴിമതിയാരോപണങ്ങൾ നിരവധിയുണ്ടെങ്കിലും, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുവേളയിൽ അതൊന്നും ക്ലച്ച് പിടിച്ചില്ലെന്ന കാര്യം കെ.പി.സി.സി.യും കനുഗോലുവും മറക്കരുത്. മന്ത്രിമാർ 'കട്ടാലും പൂട്ടടിച്ചാലും' ജനങ്ങൾ അതൊന്നും കാര്യമാക്കില്ല. അവരുടെ ആനുകൂല്യങ്ങൾ മുടങ്ങുമ്പോഴാണ് അവർക്ക് നോവുക. ജനങ്ങളുടെ ദൈനംദിന പ്രശ്നങ്ങളോട്, പ്രാദേശികമായി അതിവീറോടെ പ്രതികരിക്കാനുള്ള 'മെഷീനറി' ഇപ്പോൾ കോൺഗ്രസിലുണ്ട്. അതോടൊപ്പം തന്നെ വീട് വച്ചു നൽകിയും ചികിത്സാ സഹായം നൽകിയും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കോൺഗ്രസിന്റെ പ്രാദേശിക നേതൃത്വങ്ങൾ സജീവമായിട്ടുണ്ട്. എന്നാൽ, 'ഒത്തുതീർപ്പ് രാഷ്ട്രീയ' ത്തിന്റെ ദുർഗന്ധം കേരളത്തിൽ നിന്ന് പൂർണ്ണമായും അകന്നു പോയിട്ടില്ല. പണമുള്ളവന്റെ പക്ഷം പിടിക്കുന്നത് കോൺഗ്രസുകാരനായാലും സി.പി.എം.കാരനായാലും നീതിരഹിതമായാൽ സംഗതി കുഴയും.

## കാട്ടുതീയല്ല, ഇത് നാട്ടു തീ...

സി.പി.എംന്റെ ഉള്ളിൽ ഉരുണ്ടു കൂടുന്ന 'നാട്ടു തീ' നിയന്ത്രിക്കുന്നതിൽ ഇതുവരെ പിണറായി വിജയപാതയിലാണ്. സി.പി.എം.ന്റെ വയനാട് ജില്ലാ സെക്രട്ടറി സ്ഥാനം പോലും തെരഞ്ഞെടുപ്പിലൂടെ മരുമകന്റെ ഉറ്റ സുഹൃത്തായ ഡി.വൈ.എഫ്.ഐ നേതാവിനായി നേടിയെടുക്കുന്നതിലും പിണറായി പക്ഷം മിടുക്ക് കാണിച്ചു. വയനാട്ടിലെ പുനരധിവാസ പദ്ധതികൾ ഊരാളുങ്കലിനെ ഏൽപ്പിക്കുന്നതിലും, ആ പദ്ധതിയുടെ ധനപരമായ നേട്ടം ആർജ്ജിക്കുന്നതിലും, ഇനിയൊരു എതിർ സ്വരം വയനാട്ടിലെ പാർട്ടിയിൽ നിന്നുണ്ടാകാതിരിക്കാനും പുതിയ പാർട്ടി സെക്രട്ടറി പൂർണ്ണ ഗ്യാരന്റി നൽകും. പക്ഷെ, കൊല്ലം കണ്ടവന് ഇല്ലം വേണ്ടെന്ന മട്ടിൽ, കൊല്ലത്തെ സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായി പാർട്ടിയാകുന്ന 'ഇല്ലം' ഉപേക്ഷിക്കുന്ന നേതാക്കളോടൊപ്പം അണികളും ഉൾപ്പെട്ടാൽ എല്ലാം തകിടം മറിയും. പിണറായിയുടെ മുടിഞ്ഞ 'കോൺഫിഡൻസി'ലാണ് ഇപ്പോൾ പാർട്ടിയുടെ നിലനിൽപ്പ്.

എനിക്കു ശേഷം പ്രളയം എന്നല്ല എനിക്കുശേഷം സർവം നശിപ്പിക്കുന്ന 'നാട്ടു തീ' എന്ന ചിലരുടെ പിടിവാശിക്കെതിരെ നില്ക്കാൻ ഏതായാലും സി.പി.എംന്റെ 'ജനാധിപത്യ കുപ്പായം' ധരിച്ചവർ ഏറെയുണ്ടാകില്ല. പകരം പിണറായിയുടെ ഓഫീസ് നിയന്ത്രിക്കുന്ന യന്ത്രമനുഷ്യരുടെ നിരയാകും കാണാനാവുക. ഈ കൂലിപ്പട്ടാളത്തിന്റെ ബലത്തിൽ 'കൊല്ലം കടമ്പ'കടക്കാൻ പാർട്ടിക്ക് കഴിയുമോ? വെയിറ്റ് ആന്റ് സീ...









## കാട്ടുതീക്കിടയിലും ചലച്ചിത്രനിർമ്മാണ പ്രവർത്തനങ്ങൾ തുടർന്ന് ഹോളിവുഡ്

ലോസ് ആഞ്ചൽസിനെ വിഴുങ്ങിയ കാട്ടുതീയിൽ വൻ നാശനഷ്ടങ്ങളാണ് ഉണ്ടായിരിക്കുന്നത്. മഹാനഗരത്തിന്റെ വലിയ ഭാഗങ്ങൾ കത്തി നശിച്ച് ഴിഞ്ഞു. അപ്പോഴും ഹോളിവുഡിനെ അഗ്നി ബാധിച്ചെന്നാലും സിനിമ ചിത്രീകരണങ്ങൾ ഇപ്പോഴും യാതൊരു തടസവും അവിടെ ഉണ്ടായിട്ടില്ലെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.നിർമ്മാതാക്കൾ, എക്സിക്യൂട്ടീവുകൾ, ഏജന്റുമാർ, താരങ്ങൾ എന്നിവരുടെ ആയിരക്കണക്കിന് വീടുകൾ നശിപ്പിക്കപ്പെട്ടു - ഏകദേശം 300,000 ആളുകൾ ഒഴിപ്പിക്കൽ ഉത്തരവുകളോ മുന്നറിയിപ്പുകളോ പ്രകാരം ഒഴിഞ്ഞ് പോയിരിക്കുകയാണ്. അതുകൊണ്ട് തന്നെ സ്റ്റുഡിയോ ആസ്ഥാനത്ത് കാര്യമായ ജോലികൾ ഒന്നും നടന്നില്ല. ചില സ്റ്റുഡിയോകൾ പൂർണ്ണമായും അടച്ചുപൂട്ടിയിരിക്കുകയാണ്. മറ്റുള്ളവ ജീവനക്കാരെ മറ്റിടങ്ങളിൽ ഇരുന്ന് ജോലി ചെയ്യാൻ അനുവദിച്ചിരിക്കുകയാണ്. തീപിടുത്തത്തിന്റെ ആഘാതം ഡിസ്നിയിൽ മാത്രം പരിശോധിച്ചാൽ 64 ഡിസ്നി ജീവനക്കാർക്കാണ് വീടുകൾ നഷ്ടമായത്. നൂറുകണക്കിന് ആളുകളെ ഒഴിപ്പിച്ചു, ഇതിൽ ചീഫ് എക്സിക്യൂട്ടീവ് റോബർട്ട് എ ഇഗറും അദ്ദേഹത്തിന്റെ നേതൃത്വ സംഘത്തിലെ മൂന്ന് അംഗങ്ങളും ഉൾപ്പെടുന്നു. ഇഗർ ഒരു ഹോട്ടലിൽ നിന്ന് ഡിസ്നിയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നുണ്ട്.കമ്മ്യൂണിറ്റിസേവനങ്ങൾക്കും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 15 മില്യൺ ഡോളർ അനുവദിച്ചിട്ടുണ്ട്. വീടുകൾ നഷ്ടപ്പെട്ട ഡിസ്നി ജീവനക്കാർക്ക് രണ്ട് മാസത്തെ സൗജന്യ ഫർണിഷ്ഡ് ഭവനങ്ങൾ ലഭിക്കും. കൂടാതെ വസ്ത്രങ്ങളും ഷൂകളും ആവശ്യമുള്ള ജീവനക്കാർക്ക് ഡിസ്നിയുടെ സ്റ്റുഡിയോ വാർഡ്രോബ് വെയർഹൗസുകൾ തുറന്നു കൊടുത്തു. വീട് നഷ്ടപ്പെട്ട ജീവനക്കാരെ അദ്ദേഹം ഫോണിൽ വിളിച്ച് സംസാരിക്കുന്നുണ്ട്.'നമ്മൾ ഇപ്പോൾ ചില മോശമായ സമയങ്ങളിലൂടെയാണ് കടന്നുപോകുത്. പക്ഷേ നമ്മൾ ഒരുമിച്ച് അതിനെ മറികടക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.



### ഓസ്കാർ അവാർഡ് ചടങ്ങ് റദ്ദാക്കിയേക്കും

ലോസ് ഏഞ്ചൽസിലെ കാട്ടുതീയുടെ പശ്ചാത്തലത്തിൽ ഓസ്കാർ അവാർഡ് ദാന ചടങ്ങ് റദ്ദാക്കിയേക്കാമെന്ന് റിപ്പോർട്ടുകൾ. 97-ാമത് ഓസ്കാർ പുരസ്കാരദാന ചടങ്ങ് റദ്ദാക്കുന്നതിനെക്കുറിച്ചുള്ള അന്തിമ ചർച്ചകൾ നടക്കുകയാണെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. 96 വർഷത്തെ ചരിത്രത്തിനിടെ ആദ്യമായാണ് ഓസ്കാർ 2025 റദ്ദാക്കിയേക്കുമെന്ന റിപ്പോർട്ടുകൾ വരുന്നത്. ചരിത്രത്തിൽ ഇതുവരെ ഓസ്കാർ അവാർഡ് ദാന ചടങ്ങ് മുടങ്ങിയിട്ടില്ല. ടോം ഹാങ്ക്സ്, എമ്മ സ്റ്റോൺ, മെറിൽ സ്ട്രീപ്പ്, സ്റ്റീവൻ സ്പിൽബർഗ് എന്നിവരുൾപ്പെടെയുള്ള താരങ്ങളുടെ നേതൃത്വത്തിലുള്ള അവാർഡ് കമ്മിറ്റികൾ സ്ഥിതിഗതികൾ നിരീക്ഷിച്ച് വരികയാണെന്നും റിപ്പോർട്ട് വ്യക്തമാക്കി.



# സൂപ്പർ കളക്ഷനുമായി തെലുങ്ക് ചിത്രം സംക്രാന്തികി വസ്തുനാം

തിയേറ്ററുകളിൽ തരംഗം സൃഷ്ടിച്ച് മുന്നേറുകയാണ് വെങ്കടേഷ് ചിത്രമായ 'സംക്രാന്തികി വസ്തുനാം'. ജനുവരി 14 ന് റിലീസ് ചെയ്ത ചിത്രത്തിന് മികച്ച അഭിപ്രായവും കളക്ഷനുമാണ് തെലുങ്കിൽ നിന്ന് ലഭിക്കുന്നത്. ഇന്ത്യൻ ബോക്സ് ഓഫീസിൽ നിന്ന് മികച്ച ആദ്യ ദിന കളക്ഷൻ ആണ് സിനിമ നേടിയിരിക്കുന്നത്. ഒരു കോമഡി ആക്ഷൻ ചിത്രമായി ഒരുങ്ങിയ സിനിമ സംവിധാനം ചെയ്തിരിക്കുന്നത് അനിൽ രവിപുടിയാണ്. ഏറെ നാളത്തെ ഇടവേളക്ക് ശേഷം നടൻ വെങ്കടേഷിന് ലഭിച്ച തിരിച്ചുവരവുകൂടിയാണ് സംക്രാന്തികി വസ്തുനാം. 25 കോടിയാണ് സംക്രാന്തികി വസ്തുനാമിന്റെ ആദ്യ ദിന കളക്ഷൻ. പല തിയേറ്ററുകളിലും നിറഞ്ഞ സദസ്സിലായാണ് സിനിമ പ്രദർശനം ആരംഭിച്ചത്. ചിത്രത്തിന് മികച്ച അഭിപ്രായങ്ങൾ ലഭിക്കുന്നതിനാൽ രണ്ടാം ദിവസത്തെ കളക്ഷൻ ആദ്യ ദിനത്തെക്കാൾ മുകളിലായിരിക്കും എന്നാണ് ട്രേഡ് അനലിസ്റ്റുകളുടെ കണക്കുകൂട്ടൽ. നന്ദമുരി ബാലകൃഷ്ണ നായകനായി എത്തിയ 'ഡാക്കു മഹാരാജി'ന്റെ ആദ്യ ദിന കളക്ഷനെ 'സംക്രാന്തികി വസ്തുനാം' മറികടന്നെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. 22.5 കോടിയായിരുന്നു ഡാക്കു മഹാരാജിന്റെ നേട്ടം. സംക്രാന്തി റിലീസുകളിൽ ഷങ്കർ സംവിധാനം ചെയ്ത് രാംചാരൺ നായകനായി എത്തിയ 'ഗെയിം ചേഞ്ചർ' ആണ് കളക്ഷനിൽ മുന്നിൽ 51.25 കോടിയാണ് ചിത്രം ആദ്യ ദിനം ഇന്ത്യയിൽ നിന്നും നേടിയത്.മീനാക്ഷി ചൗധരി, ഐശ്വര്യ രാജേഷ്, സായ്കുമാർ, രാജേന്ദ്ര പ്രസാദ് തുടങ്ങിയവരാണ് സംക്രാന്തികി വസ്തുനാമിൽ പ്രധാന വേഷത്തിൽ എത്തുന്നത്.

ശ്രീ വെങ്കിടേശ്വര ക്രിയേഷൻസിന്റെ ബാനറിൽ ദിൽ രാജു, സിരിഷ് എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചത്.ഛായാഗ്രഹണം നിർവഹിച്ചത് സമീർ റെഡ്ഡി. തമ്മിരാജാണ് ചിത്രം എഡിറ്റ് ചെയ്തത്. ഭീംസ് സെസിറോലിയോയുടെതാണ് സംഗീതം. അതേസമയം ഷങ്കർ ചിത്രമായ ഗെയിം ചേഞ്ചറിന് ആദ്യ ദിനത്തിനപ്പുറം കാര്യമായ ചലനമുണ്ടാക്കാൻ സാധിച്ചിട്ടില്ല. 400 കോടി ബഡ്ജറ്റിൽ ഒരുങ്ങിയ സിനിമ ഇതുവരെ നേടിയത് വെറും 100 കോടി മാത്രമാണ്.

# വെട്രിമാരൻ - ധനുഷ് കൂട്ടുകെട്ടിൽ അഞ്ചാം ചിത്രം വരുന്നു



സംവിധായകൻ വെട്രി മാരനും നടൻ ധനുഷും വീണ്ടും ഒന്നിക്കുന്നു. ഇരുവരും ഒന്നിച്ച് എത്തുന്ന അഞ്ചാമത്തെ ചിത്രമായിരിക്കും ഇത്. പുതിയ ചിത്രത്തിൻറെ കഥാതന്തു, അഭിനേതാക്കൾ, അണിയറപ്രവർത്തകർ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല. ചിത്രം ഒരു സ്റ്റാൻഡ്ലോൺ പ്രോജക്റ്റാണോ അതോ വട ചെന്നൈയുടെ തുടർച്ചയാണോ എന്ന കാര്യത്തിൽ വ്യക്തതയില്ല. കഴിഞ്ഞ ദിവസം പുറത്തിറക്കിയ വാർത്ത കുറിപ്പിൽ വെട്രിമാരൻ ചിത്രം വിടുതലൈ: പാർട്ട് 2 നിർമ്മാതാക്കളായ പ്രൊഡക്ഷൻ ഹൗസ് ആർഎസ് ഇൻഫോടെയ്മെൻറാണ് അഞ്ചാം ചിത്രത്തെകുറിച്ചുള്ള പ്രഖ്യാപനം നടത്തിയത്. പൊല്ലാതവൻ, ആടുകളം, വട ചെന്നൈ, അസുരൻ തുടങ്ങിയ സിനിമകളാണ് വെട്രിമാരൻ, ധനുഷ് കൂട്ടുകെട്ടിൽ എത്തിയത്. ഇതിൽ വടചെന്നൈ ആദ്യ ഭാഗമാണ് പുറത്തിറങ്ങിയത്. രണ്ടാം ഭാഗം എപ്പോൾ എന്നത് പലപ്പോഴും വെട്രിമാരൻ നേരിട്ട ചോദ്യമാണ്. ഈ ചിത്രങ്ങൾ എല്ലാം തന്നെ ബോക്സോഫീസിൽ വിജയം നേടിയവയാണ്. 2022ൽ ധനുഷിൻറെ തിരുച്ചിത്രമ്പലത്തിൻറെ ഓഡിയോ ലോഞ്ചിനിടെ വെട്രി മാരൻ വീണ്ടും ധനുഷിൻറെ കൂടെ ചിത്രം ചെയ്യുമെന്ന് അറിയിച്ചിരുന്നു. അതേ സമയം സൂര്യയെ നായകനാക്കി വാടിവാസൽ എന്ന ചിത്രം ഒരുക്കാനുള്ള തയ്യാറെടുപ്പിലാണ് വെട്രിമാരൻ എന്നാണ് സംസാരം.ആ ചിത്രത്തിന് മുൻപോ ശേഷമോ ധനുഷുമായുള്ള പ്രൊജക്ട് എന്നും വ്യക്തമല്ല. സി എസ് ചെല്ലപ്പയുടെ നോവലിനെ ആസ്പദമാക്കിയാണ് സൂര്യ നായകനാകുന്ന വാടിവാസൽ എന്ന ചിത്രം ഒരുക്കുക. ജെല്ലിക്കെട്ടിൻറെ പശ്ചാത്തലത്തിൽ ഒരുക്കുന്ന ചിത്രത്തിന് ജിവി പ്രകാശ് കുമാറാണ് സംഗീതം നൽകുന്നത്. വി ക്രിയേഷൻസിൻറെ ബാനറിൽ കലൈപുലി താണുവാണ് വാടിവാസൽ നിർമ്മിക്കുന്നത്.



# ഗെയിം ചേഞ്ചറിൽ തൃപ്തനല്ലെന്ന് ഷങ്കർ

രാം ചരണിനെ നായകനാക്കി ഷങ്കർ സംവിധാനം ചെയ്ത ബിഗ് ബഡ്ജറ്റ് പൊളിറ്റിക്കൽ ചിത്രമാണ് ഗെയിം ചേഞ്ചർ. 400 കോടി മുതൽമുടക്കിൽ ഒരുങ്ങിയ ചിത്രത്തിന് തണുപ്പൻ പ്രകടനമാണ് പ്രേക്ഷകരിൽ നിന്ന് ലഭിക്കുന്നത്. ഗെയിം ചേഞ്ചർ ഓപ്പണിംഗിൽ 186 കോടി രൂപയാണ് നേടിയിരിക്കുന്നതെന്നാണ് ഔദ്യോഗിക റിപ്പോർട്ടുണ്ടായിരുന്നത്. അത് ശരിയല്ലെന്ന് തുടർന്ന് വിവിധ സിനിമാ അനലിസ്റ്റുകളും അഭിപ്രായപ്പെട്ടു. വൻ പരാജയമാണ് ചിത്രം നേരിടുന്നത്.ഗെയിം ചേഞ്ചർ ഇക്കഴിഞ്ഞ തിങ്കളാഴ്ച 7.65 കോടി രൂപയാണ് ആകെ നേടിയിരിക്കുന്നതെന്നാണ് റിപ്പോർട്ട്. എല്ലാ ഭാഷകളും ചേർന്നുള്ള കണക്കാണിത്. ഛായാഗ്രഹണം എസ് തിരുനാവുക്കരശാണ് നിർവഹിച്ചിരിക്കുന്നത്. നായകൻ രാം ചരണിന് പുറമേ ചിത്രത്തിൽ കിയാര അദ്വാനി, സമുദ്രക്കനി, എസ് ജെ സൂര്യ, തുടങ്ങിയവർ പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചിരിക്കുന്നു.അതേസമയം ഗെയിം ചേഞ്ചർ സിനിമയിൽ താൻ പൂർണ തൃപ്തനല്ലെന്ന് പറയുകയാണ് സംവിധായകൻ ഷങ്കർ. സിനിമ ഇനിയും നന്നാക്കാമായിരുന്നെന്നും അദ്ദേഹം പറഞ്ഞു. 'എല്ലാ ഫിലിം മേക്കേഴ്സിനും അങ്ങനെയാണ്, പൂർണ തൃപ്തി ഉണ്ടാകില്ല, സിനിമ ഇനിയും നന്നാക്കാമായിരുന്നുവെന്ന് തോന്നും. ഗെയിം ചേഞ്ചറിന്റെ ഔട്ട്പുട്ടിൽ ഞാൻ പൂർണ്ണമായി തൃപ്തനല്ല, സമയ പരിമിതി മൂലം പല നല്ല സീനുകളും ട്രിം ചെയ്തിട്ടുണ്ട്. സിനിമയുടെ ആകെ ദൈർഘ്യം 5 മണിക്കൂറിൽ കൂടുതലുണ്ട്,' ഷങ്കർ പറഞ്ഞു.അതേസമയം യഥാർത്ഥത്തിൽ 86 കോടി മാത്രമാണ് സിനിമയുടെ കളക്ഷൻ എന്നും അണിയറപ്രവർത്തകർ നൂറ് കോടിയിലധികം രൂപ പെരുപ്പിച്ച് കാണിച്ചെന്നും പലരും സമൂഹ മാധ്യമങ്ങളിലൂടെ പറഞ്ഞുകൊണ്ട് രംഗത്ത് വന്നിരുന്നു.




## സ്ക്വിഡ് ഗെയിം 2: നെറ്റ്ഫ്ളിക്സിൽ ഏറ്റവും കൂടുതൽ ആളുകൾ കണ്ട മൂന്നാമത്തെ സീരീസ്




നെറ്റ്ഫ്ളിക്സിൽ ഏറ്റവും കൂടുതൽ ആളുകൾ കണ്ട മൂന്നാമത്തെ സീരീസായി സ്ക്വിഡ് ഗെയിം 2 . 152.5 മില്യൺ ആളുകളാണ് ഈ കൊറിയൻ സീരീസ് ഇതുവരെ കണ്ടത്. ഒരൊറ്റ സീസൺ കൊണ്ട് തന്നെ സീരീസ് പ്രേമികളുടെ ഫേവറിറ്റ് ലിസ്റ്റിൽ ഇടം നേടാനും ഈ കൊറിയൻ സീരീസിന് സാധിച്ചിരുന്നു. 2021 സെപ്റ്റംബറിലായിരുന്നു ഒമ്പത് എപ്പിസോഡുകൾ അടങ്ങിയ ഈ സീരീസ് നെറ്റ്ഫ്ളിക്സിലൂടെ റിലീസ് ചെയ്തത്. സ്ക്വിഡ് ഗെയിമിന്റെ ആദ്യ ഭാഗമാണ് നെറ്റ്ഫ്ളിക്സിൽ ഏറ്റവും കൂടുതൽ ആളുകൾ കണ്ട ഒന്നാമത്തെ സീരീസ്. 265 മില്യൺ ആളുകളാണ് ആദ്യ ഭാഗം കണ്ടത്.അമേരിക്കൻ സൂപ്പർനാച്ചുറൽ മിസ്റ്ററി കോമഡി സീരീസായ വെനസ്ഡേ യാണ് (254 മില്യൺ) നെറ്റ്ഫ്ളിക്സിൽ ഏറ്റവും കൂടുതൽ ആളുകൾ കണ്ട രണ്ടാമത്തെ സീരീസ്.

## 'വാടിവാസൽ' ഉപേക്ഷിക്കാനാകുമോ? അപ്ഡേറ്റുമായി നിർമാതാവ്



ആരാധകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സിനിമയാണ് സൂര്യയുടെ വാടിവാസൽ. വെട്രിമാരന്റെ സംവിധാനത്തിൽ പുറത്തിറങ്ങുന്ന ചിത്രം പ്രഖ്യാപിച്ചതിന് പിന്നാലെ വലിയ പ്രതീക്ഷകളായിരുന്നു സിനിമക്ക് മേലുണ്ടായിരുന്നത്. നോട്ട് എ ടീസർ എന്ന തലക്കെട്ടോടെ ഒരു മേക്കിങ് വീഡിയോയും അണിയറപ്രവർത്തകർ പുറത്തുവിട്ടിരുന്നു. പിന്നീട് സിനിമയെക്കുറിച്ച് യാതൊരു അപ്ഡേറ്റും ഉണ്ടായിരുന്നില്ല. ചിത്രം ഉപേക്ഷിച്ചെന്ന് വരെ വാർത്തകളുണ്ടായിരുന്നു. ഇപ്പോഴിതാ സിനിമയുടെ അപ്ഡേറ്റ് പങ്കുവെച്ചിരിക്കുകയാണ് നിർമ്മാതാവ് കലൈപുലി എസ് താനു. ജല്ലിക്കട്ട് പശ്ചാത്തലമാക്കുന്ന, സി എസ് ചെല്ലപ്പയുടെ ഇതേപേരിലുള്ള നോവലിനെ ആസ്പദമാക്കിയുള്ളതാണ് സിനിമ. അച്ഛന്റെ മരണത്തിന് കാരണക്കാരനായ 'കാരി' എന്ന കാളയെ ജല്ലിക്കട്ടിൽ പിടിച്ചുകെട്ടാൻ ശ്രമിക്കുന്ന പിച്ചിയുടെ കഥയാണ് നോവൽ പറയുന്നത്. സംവിധായകൻ വെട്രിമാരനും നടൻ സൂര്യക്കുമൊപ്പമുള്ള ചിത്രം പങ്കുവെച്ചിരിക്കുകയാണ് നിർമാതാവ്. വാടിവാസൽ തുറക്കുന്നു എന്ന ക്യാപ്ഷനോടെയാണ് കലൈപുലി എസ് താനു ചിത്രം സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിരിക്കുന്നത്. സിനിമയുടെ ഷൂട്ടിംഗ് ഉടൻ ആരംഭിക്കുമെന്നാണ് ഇത് സൂചിപ്പിക്കുന്നതെന്നാണ് സോഷ്യൽ മീഡിയയിൽ ആരാധകർ കുറിക്കുന്നത്.

## നായികയായി ഈച്ച; 'ലൗലി' റിലീസ് തീയതി പുറത്ത്




മാത്യു തോമസിനെ നായകനാക്കി ദിലീഷ് കരുണാകരൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് 'ലൗലി'. മാത്യു തോമസ് നായകനായെത്തുന്ന ചിത്രത്തിൽ ഒരു ഈച്ചയാണ് പ്രധാന കഥാപാത്രമായി എത്തുന്നത്. ഫെബ്രുവരിയിൽ ആയിരുന്നു ചിത്രം ആദ്യം റിലീസ് പദ്ധതിയിട്ടിരുന്നത്. സിനിമയുടെ പുതിയ റിലീസ് തീയതി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. ഒരു ആനിമേറ്റഡ് ക്യാരക്ടർ മുഖ്യ കഥാപാത്രമായെത്തുന്ന ഹൈബ്രിഡ് ചിത്രം എന്ന പ്രത്യേകതയും 'ലൗലി'ക്ക് ഉണ്ട്. ഏപ്രിൽ നാലിന് ലൗലി ലോകമെമ്പാടുമുള്ള തിയേറ്ററുകളിൽ എത്തും. 3ഉ യിലാണ് ചിത്രം പ്രേക്ഷകർക്ക് മുന്നിലെത്തുന്നത്. ചിത്രത്തിൻറേതായി ഇറങ്ങിയ ഫസ്റ്റ് ലുക്ക് പോസ്റ്ററിന് വലിയ സ്വീകാര്യത ലഭിച്ചിരുന്നു. ഒരു വലിയ ഈച്ചയുടെ മുന്നിൽ ഒരു കുഞ്ഞ് മനുഷ്യൻ നിൽക്കുന്നതായിട്ടാണ് ഫസ്റ്റ് ലുക്ക് പോസ്റ്ററിൽ കാണിച്ചിരുന്നത്. 'ടമാർ പഠാർ' എന്ന ചിത്രത്തിന് ശേഷം ദിലീഷ് കരുണാകരൻ തിരക്കഥയൊരുക്കി സംവിധാനം ചെയ്യുന്ന ചിത്രമാണിത്.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

146

**Movie** Aniyaatha Valakal(1980)
**Director** Balachandra Menon
**Lyrics** Bichu Thirumala
**Music** AT Ummer
**Singers** Bichu Thirumala, S Janaki

ഒരു മയിൽപ്പീലിയായ് ഞാൻ ജനിക്കുമെങ്കിൽ
നിൻറെ തിരുമുടിക്കുടന്നയിൽ തപസ്സിരിക്കും
ഒരു മുളംതണ്ടായ് ഞാൻ പിറക്കുമെങ്കിൽ
നിൻറെ ചൊടിമലരിതളിൽ വീണലിഞ്ഞു പാടും
അലിഞ്ഞു പാടും...
ഒരു മയിൽ

നിൻ പ്രേമ കാളിന്ദീ പുളിനങ്ങളിൽ എന്നും
ഒരു നീലക്കടമ്പായ് ഞാൻ പൂ ചൊരിയും
നിൻ തിരുമാറിലെ ശ്രീവത്സമാകുവാൻ
നിന്നിലലിഞ്ഞു ചേരാൻ എന്തു മോഹം..
ദേവാ...ദേവാ...
ഒരു മയിൽ

കാലികൾ മേയുമീ
കാനനത്തിൽ നിൻറെ
കാലൊച്ച കേൾക്കുവാനായ്
കാത്തിരിപ്പൂ
എന്നനുരാഗമാകും
ഈ യമുനാതരംഗം
നിൻ പുണ്യതീർത്ഥമാകാൻ
എന്തു ദാഹം..
കണ്ണാ...കണ്ണാ...
ഒരു മയിൽ



# വിദ്വേഷപ്രചാരണത്തിന്റെ അഗ്നിസ്ഫുലിംഗങ്ങളിൽ നിന്നും എന്ന് ഇന്ത്യൻ ജനത മോചനം നേടും..?





ഡൽഹി ഡെർബാർ

1947ൽ അല്ല രാമക്ഷേത്രം നിർമ്മിച്ചതിന് ശേഷമാണ് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയതെന്ന ആർ.എസ്.എസ് നേതാവ് മോഹൻ ഭഗത് തട്ടിവിട്ടത് അടുത്തിടെയാണ്. മോഹൻ ഭഗവത് പറയുന്നത് രാജ്യദ്രോഹമാണ്. മറ്റൊരു രാജ്യത്തായിരുന്നുവെങ്കിൽ അദ്ദേഹം ജയിലിൽ കിടക്കേണ്ടി വരുമായിരുന്നുവെന്ന് രാഹുൽ ഗാന്ധി അതിന് ശക്തമായ മറുപടി പറഞ്ഞു.

ഇന്ത്യൻ ഭരണഘടനയും ആർ.എസ്.എസിന്റെ പ്രത്യേയശാസ്ത്രവും തമ്മിലാണ് പോരാട്ടം നടക്കുന്നതെന്നും രാഹുൽ ഗാന്ധി തുറന്നടിച്ചിരുന്നു. അതോടെ ആ പ്രശ്നവും അവസാനിച്ചോ..? തൊട്ടുമുമ്പ് അംബേദ്കറെ പരിഹസിച്ച് അമിത്ഷാ നടത്തിയ പ്രസംഗവും പ്രതിക്ഷേധത്തിനിടയാക്കിയെങ്കിലും അതും കെട്ടടങ്ങിയ മട്ടാണ്. ബി.ജെ.പി നേതാക്കളിലാരെങ്കിലും പ്രശ്നങ്ങളെന്തെങ്കിലും ഉടലെടുക്കുമ്പോൾ ഇത്തരത്തിലുള്ള എന്തെങ്കിലും വിവാദ പ്രസ്ഥാവനകളോ, പ്രസംഗമോ നടത്തി ഗൗരവമേറിയ പല പ്രശ്നങ്ങളേയും വഴിതിരിച്ചുവിടുക പതിവാണ്. അതിൽ കോൺഗ്രസും മറ്റു പ്രതിപക്ഷ പാർട്ടികളും തട്ടിവീഴുകയും ചെയ്യും.

ഓരോ മുസ്‌ലിം പള്ളിയിലും ശിവലിംഗം തിരയേണ്ടതില്ലെന്ന് ആർ.എസ്.എസ് സർസംഘ്ചാലക് മോഹൻ ഭാഗവത് പറഞ്ഞിട്ടും കാശിയിലെ ഗ്യാൻവാപി മസ്ജിദിലും മഥുരയിലെ ശാഹി ഈദ് ഗാഹിലും നിന്ന് ഹിന്ദു സേന ഇപ്പോൾ പടിഞ്ഞാറൻ യുപിയിലെ സംഭലിൽ ബാബറിന്റെ കാലത്ത് നിർമിക്കപ്പെട്ട ശാഹി ജുമാ മസ്ജിദിലും, രാജസ്ഥാനിലെ അജ്മീരിൽ 800 വർഷത്തെ ചരിത്രമുറങ്ങുന്ന ഹസ്രത്ത് ഖ്വാജാ ഗരീബ് നവാസ് ദർഗാ ശരീഫിലും, അഡായി ദിൻ കാ ഛോപ്ഡാ എന്ന അജ്മീറിലെ അതിപുരാതന മസ്ജിദിലും, മുഗൾ ചക്രവർത്തി ഷാജഹാൻ 1644-1656 കാലഘട്ടത്തിൽ നിർമിച്ച ഡൽഹി ജുമാ മസ്ജിദിലും വരെ ഹിന്ദുക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങളും ബിംബങ്ങളും മാന്തിയെടുക്കാനുള്ള പുറപ്പാടിലാണ്.

ഇതെല്ലാം ബി.ജെ.പി അനുഭാവമില്ലാത്ത ന്യൂനപക്ഷ മതവിഭാഗങ്ങളെ വേട്ടയാടാനും സമൂഹത്തിൽ ഭീതിയും ഭിന്നിപ്പും സൃഷ്ടിച്ച് വർഗീയ ധ്രുവീകരണത്തിലൂടെ ഹിന്ദുത്വ രാഷ്ട്രീയം കൊഴുപ്പിക്കാനുമുള്ള ബി.ജെ.പി തന്ത്രത്തിന്റെ ഭാഗമാണ്.

അടുത്തിടയാണ് രാജസ്ഥാനിൽ മുഖ്യമന്ത്രി ഭജൻലാൽ ശർമ്മയുടെ മന്ത്രിസഭ അംഗീകരിച്ച 'നിയമവിരുദ്ധ മതപരിവർത്തനം തടയാനുള്ള' പുതിയ ബില്ലിന്റെ പിന്നാമ്പുറ കഥയും. ഗോത്രവർഗക്കാരും ദുർബല വിഭാഗങ്ങളും ക്രിസ്തുമതം സ്വീകരിക്കുന്നതിലെ വിപത്തിനെക്കുറിച്ചും മുസ്‌ലിം പുരുഷന്മാർ ആദിവാസി സ്ത്രീകളുമായി വിവാഹബന്ധത്തിൽ ഏർപ്പെടുന്നതിനെക്കുറിച്ചും ആശങ്കാജനകമായ വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നാണ് രാജസ്ഥാൻ നിയമമന്ത്രി ജോഗാറാം പട്ടേൽ പറയുന്നത്.

പട്ടിണിയും തൊഴിലില്ലായ്മയും ഗ്രാമീണ കർഷകരുടെ ദുരിതങ്ങളും പരിഹരിക്കാനുള്ള വഴികാണാതെ അഞ്ചു ട്രില്യൻ അമേരിക്കൻ ഡോളറിന്റെ സമ്പദ് വ്യവസ്ഥയെക്കുറിച്ച് വീമ്പുപറയുന്ന മോദിയുടെ അനുയായികൾക്ക് ക്രൈസ്തവ പ്രേഷിതരുടെ സാമൂഹിക ശുശ്രൂഷയോട് കടുത്ത വിരോധമാണ്. മുസ് ലിംകളുടെ മേൽ ആരോപിക്കാറുള്ള മതംമാറ്റത്തിനായുള്ള 'ലൗ ജിഹാദ്' വിവാഹതട്ടിപ്പിന്റെ കഥകളാകട്ടെ വിദ്വേഷ പ്രചാരണത്തിന്റെ ഉഗ്രശിഖയുള്ള അഗ്നിസ്ഫുലിംഗങ്ങളാണ്.

ഗോത്രവർഗക്കാർ ഹിന്ദുക്കളല്ലെന്നു വാദിക്കുന്ന ഭാരത് ട്രൈബൽ പാർട്ടി തെക്കൻ രാജസ്ഥാനിലെ ബാംസവാഡയിലും ഡൂംഗർപുറിലും ഭീൽ വംശജരുടെ മറ്റു പ്രധാന മേഖലകളിലും അതിവേഗം വളർന്ന് സംസ്ഥാനത്തെ മൂന്നാമത്തെ വലിയ രാഷ്ട്രീയ പ്രസ്ഥാനമായി മാറുന്നതും ബി.ജെ.പി നേതൃത്വത്തെ അങ്കലാപ്പിലാക്കുന്നുണ്ട്.

ആദിവാസി മേഖല കൈവിട്ടുപോകുന്നതു തടയാൻ ഉദയ്പൂരിലെ ബി.ജെ.പി എംപി മന്നലാൽ റാവത്ത് പാർട്ടിനേതൃത്വത്തിൽ ഏറെ സമ്മർദം ചെലുത്തിയാണ് മതപരിവർത്തന നിരോധന നിയമം തിടുക്കത്തിൽ കൊണ്ടുവരുന്നതെന്നോർക്കണം..!

'സ്നേഹപ്രകടനം, പ്രലോഭനം, ബലപ്രയോഗം, വഞ്ചന' എന്നിവയിലൂടെ മതപരിവർത്തനം നടത്തിയാൽ രണ്ടു വർഷം മുതൽ അഞ്ചു വർഷം വരെ ജയിൽശിക്ഷയും 50,000 രൂപ പിഴയും വ്യവസ്ഥ ചെയ്യുന്ന 'രാജസ്ഥാൻ ധാർമിക് സ്വതന്ത്രതാ വിധേയക്' 2006ൽ വസുന്ധരാ രാജേ സിന്ധ്യയുടെ ബി.ജെ.പി സർക്കാർ അവതരിപ്പിച്ചിരുന്നു. ആ ബില്ലിന് അന്ന് സംസ്ഥാന ഗവർണറായിരുന്ന പ്രതിഭാ പാട്ടിൽ അനുമതി നൽകിയില്ല. മതപരിവർത്തനത്തിന് ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി നിർബന്ധമാക്കുന്നത് അടക്കമുള്ള ഭേദഗതികളോടെ 2008ൽ സിന്ധ്യാ സർക്കാർ അതു വീണ്ടും കൊണ്ടുവന്നു. ഗവർണറായിരുന്ന എസ്.കെ. സിങ് പലവട്ടം തള്ളിയെങ്കിലും ഒടുവിൽ ബില്ല് കേന്ദ്രത്തിലേക്ക് അയച്ചു. വസുന്ധരാ രാജേ രണ്ടാംവട്ടം മുഖ്യമന്ത്രിയായിരിക്കെ 2017 നവംബറിൽ അത് കേന്ദ്രത്തിൽ നിന്ന് തിരിച്ചയച്ചത് 'ദേശീയനയവുമായി പൊരുത്തപ്പെടുന്നതല്ല' എന്ന കുറിപ്പോടെയായിരുന്നു.

രാജസ്ഥാൻ ഹൈക്കോടതി 2017ൽ നിയമവിരുദ്ധ മതപരിവർത്തനം തടയുന്നതിനുള്ള മാർഗരേഖ പുറപ്പെടുവിച്ചു. വാസ്തവത്തിൽ, മതപരിവർത്തനം തടയുന്നതിന് നിയമവിധേയമായി ഉചിതമായ നടപടികളെടുക്കാൻ ജില്ലാ കലക്ടർക്ക് അധികാരമുണ്ട്. മതപരിവർത്തന നിരോധന നിയമം നടപ്പാക്കാത്ത സംസ്ഥാനങ്ങളിൽ നിർബന്ധിത മതപരിവർത്തനത്തിനെതിരെ ക്രിമിനൽ കേസെടുക്കാൻ വ്യവസ്ഥയുണ്ട്.

രാജസ്ഥാനിലെ പുതിയ ബില്ലിൽ, നിർബന്ധിത മതപരിവർത്തനത്തിന് ഇരയാകുന്നവർക്ക് അഞ്ചു ലക്ഷം രൂപ നഷ്ടപരിഹാരത്തിനു വ്യവസ്ഥയുണ്ട്. വ്യക്തിയോ സ്ഥാപനമോ തെറ്റിദ്ധരിപ്പിച്ചോ വഞ്ചനയിലൂടെയോ ബലപ്രയോഗത്തിലൂടെയോ മതം മാറ്റിയാൽ ആദ്യകുറ്റകൃത്യത്തിന് ഒരു വർഷം മുതൽ അഞ്ചു വർഷം വരെയും, രണ്ടാം തവണ 10 വർഷം വരെയും തടവുശിക്ഷ നിർദേശിക്കുന്നു.

സ്ത്രീകൾ, പ്രായപൂർത്തിയാകാത്തവർ, പട്ടികജാതിപട്ടികവർഗക്കാർ എന്നിവർ ഉൾപ്പെടുന്ന കേസിൽ രണ്ടു മുതൽ 10 വർഷം വരെ തടവും 25,000 രൂപ പിഴയും, രണ്ടോ അതിലധികമോ പേരുടെ 'വലിയതോതിലുള്ള മതംമാറ്റത്തിന്' മൂന്നു മുതൽ 10 വർഷം വരെ തടവും 50,000 രൂപ പിഴയുമാണ് ശിക്ഷ. അനധികൃത മതപരിവർത്തനത്തിനുവേണ്ടിയുള്ള വിവാഹം കുടുംബ കോടതിക്ക് അസാധുവായി പ്രഖ്യാപിക്കാനാകും. മതപരിവർത്തനം ആഗ്രഹിക്കുന്നവർ 60 ദിവസം മുൻകൂറായി ജില്ലാ മജിസ്ട്രേട്ടിന് അപേക്ഷ സമർപ്പിക്കണം. മതംമാറ്റത്തിന്റെ ലക്ഷ്യം, കാരണം, സാഹചര്യം എന്നിവയെക്കുറിച്ച് പൊലീസ് അന്വേഷണം നടത്തും. മതപരിവർത്തനം കഴിഞ്ഞ് 21 ദിവസത്തിനകം ഡിഎം മുമ്പാകെ നേരിട്ട് ഹാജരായി സത്യവാങ്മൂലം സമർപ്പിക്കണം. അത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കും. പൂർവമതത്തിലേക്കുള്ള തിരിച്ചുപോക്കിന് ഹിന്ദുത്വ അജൻഡയിലെ ഘർവാപസിക്ക് ഈ വക കാര്യക്രമങ്ങളിൽ ഒന്നുംതന്നെ ആർക്കും ബാധകമല്ല.

അസമിലെ ബി.ജെ.പി മുഖ്യമന്ത്രി ഹിമന്ത ബിസ്വ സർമ്മ ഈയിടെ കൊണ്ടുവന്ന മാജിക്കൽ ഹീലിങ് (പ്രിവൻഷൻ ഓഫ് ഈവിൾ പ്രാക്ടീസസ്) ആക്ട് പ്രകാരം അപ്പർ ഗോലാഘാട്ടിൽ പദംപുർ ഗ്രാമത്തിലെ ഏതാനും ഗോത്രവർഗക്കാരുടെ രോഗശാന്തിക്കായി പ്രാർഥിച്ച ബാപ്റ്റിസ്റ്റ് സഭാ പാസ്റ്ററെ മൂന്നു വർഷം തടവുശിക്ഷ ലഭിക്കാവുന്ന വകുപ്പിൽ അടുത്തിടെ അറസ്റ്റു ചെയ്തു.

രോഗികളെ ആശ്വസിപ്പിക്കാൻ ഭവനസന്ദർശനം നടത്തുന്നവരെയും രോഗശാന്തി ശുശ്രൂഷയും സുവിശേഷ കൺവെൻഷനുകളും നടത്തുന്നവരെയും മാജിക്കൽ സൗഖ്യദാനത്തിലൂടെ മതപരിവർത്തനം നടത്താൻ ശ്രമിക്കുന്നുവെന്ന ഗുരുതരമായ ക്രിമിനൽ കുറ്റം ചുമത്തി ജയിലിൽ അടക്കുകയാണ് അസം ഭരണകൂടം.

ഒഡീഷ, അരുണാചൽ പ്രദേശ്, ഗുജറാത്ത്, ഛത്തീസ്ഗഢ്, ഝാർഖണ്ഡ്, ഹരിയാണ, ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നിവിടങ്ങളിൽ മതപരിവർത്തന നിരോധന നിയമം നിലവിലുണ്ട്. കർണാടകയിൽ ബി.ജെ.പി സർക്കാർ നടപ്പാക്കിയ മതസ്വാതന്ത്ര്യ നിയമം കോൺഗ്രസ് ഭരണകൂടം റദ്ദാക്കി.

ഈ സംസ്ഥാനങ്ങളിലൊന്നും ഇന്നേവരെ ഒരാളെപ്പോലും മതപരിവർത്തന നിയമത്തിന്റെ പേരിൽ വിചാരണ ചെയ്ത് അന്തിമമായി ശിക്ഷിക്കാനായിട്ടില്ല എന്നത് നിയമവിരുദ്ധ മതപരിവർത്തന കേസുകളുടെ പൊള്ളത്തരം വെളിപ്പെടുത്തുന്നതാണ്.

*എമ എൽസ എൽവിൻ*

# ഓസ്ട്രേലിയയും വിസ നടപടി കടുപ്പിക്കുന്നു




വിദേശവിദ്യാർത്ഥികൾക്കായുള്ള വിസ ചട്ടങ്ങൾ കടുപ്പിക്കാനൊരുങ്ങി ഓസ്ട്രേലിയ. ഇനി മുതൽ വിദേശ വിദ്യാർത്ഥികൾ വിസയ്ക്കായുള്ള അപേക്ഷയ്ക്കൊപ്പം കൺഫർമേഷൻ ഓഫ് എന്റോൾമെന്റ് സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണമെന്നാണ് നിർദേശം. പ്രവേശനം ലഭിച്ച കോഴ്സിൽ പഠിക്കാനെത്തുമെന്ന് വിദ്യാർത്ഥി ഉറപ്പു നൽകുന്ന രേഖയാണിത്.

''ജനുവരി 1 മുതൽ സ്റ്റുഡന്റ് വിസയ്ക്ക് അപേക്ഷിക്കുന്ന വിദേശവിദ്യാർത്ഥികൾ അപേക്ഷയ്ക്കൊപ്പം സിഒഇ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കണം,'' ഓസ്ട്രേലിയയിലെ ആഭ്യന്തര മന്ത്രാലയം അറിയിച്ചു. സിഒഇ സർട്ടിഫിക്കറ്റ് നൽകാത്തവരുടെ അപേക്ഷ അസാധുവാകും. കൂടാതെ അപേക്ഷകർക്ക് തങ്ങളുടെ വിസ പുതുക്കാൻ കഴിയുകയുമില്ല. നിലവിലെ വിസാ കാലാവധി കഴിയുന്നതിന് മുമ്പ് സിഒഇ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തവർ രാജ്യം വിട്ടുപോകണമെന്നും നിർദേശത്തിൽ വ്യക്തമാക്കിയിരുന്നു.

ഓസ്ട്രേലിയയിൽ തിരഞ്ഞെടുപ്പ് അടുത്ത സാഹചര്യത്തിലാണ് കുടിയേറ്റം നിയന്ത്രിക്കാനായി സർക്കാർ നടപടികൾ കർശനമാക്കാൻ തീരുമാനിച്ചത്. 2024 ഡിസംബറിൽ വിദ്യാഭ്യാസമന്ത്രി ജെയ്സൺ ക്ലെയർ കൃത്യമായി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിസ പ്രോസസിംഗിന് മുൻഗണന നൽകുന്ന നിർദേശം അവതരിപ്പിച്ചു. നിർദേശത്തിൽ വിസ പ്രോസസിംഗുമായി ബന്ധപ്പെട്ട രണ്ട് വിഭാഗത്തെപ്പറ്റിയാണ് പറയുന്നത്.

**ഉയർന്ന മുൻഗണന:**

സർവകലാശാലകളിൽ നിശ്ചിത അന്താരാഷ്ട്ര വിദ്യാർത്ഥി ക്വോട്ടയുടെ 80 ശതമാനം എത്തുന്നതുവരെ അപേക്ഷകൾക്ക് അതിവേഗത്തിൽ അംഗീകാരം നൽകാം.

**സ്റ്റാൻഡേർഡ് പ്രോസസിംഗ്:**

80 ശതമാനം ക്വോട്ട എത്തിക്കഴിഞ്ഞാൽ വിസ അംഗീകാരം മന്ദഗതിയിലാക്കാം. രാജ്യത്തെ കുടിയേറ്റം വർധിച്ച സാഹചര്യത്തിലാണ് ഇത്തരം നിർദേശം മുന്നോട്ടുവെയ്ക്കാൻ സർക്കാർ തീരുമാനിച്ചത്.

**കുടിയേറ്റവും വിദേശവിദ്യാർത്ഥികളുടെ എണ്ണവും കൂടുന്നതിൽ ആശങ്ക**

2025 മാർച്ചിലാണ് ഓസ്ട്രേലിയയിൽ പാർലമെന്റ് തിരഞ്ഞെടുപ്പ്. കുടിയേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തെരഞ്ഞെടുപ്പ് പ്രചരണത്തിൽ വലിയ രീതിയിൽ ചർച്ചയാകാൻ സാധ്യതയുണ്ട്. കോവിഡ് വ്യാപനത്തിന് ശേഷം രാജ്യത്തെ കുടിയേറ്റനിരക്കുകളിലും കാര്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

2023ൽ അന്താരാഷ്ട്ര വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 31 ശതമാനം വർധനവ് ആണ് രേഖപ്പെടുത്തിയത്. 746,080 വിദേശവിദ്യാർത്ഥികളാണ് ഈ വർഷങ്ങളിൽ ഓസ്ട്രേലിയയിലേക്ക് എത്തിയത്.ഇതിൽ 122,391 പേർ ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികളാണ്. വിദ്യാർത്ഥി വിസയിൽ എത്തുന്ന പലരും രാജ്യത്ത് ജോലിയ്ക്കായി ശ്രമിക്കുന്നതും വെല്ലുവിളി തീർക്കുന്നുവെന്നും അധികൃതർ പറഞ്ഞു. നിലവിൽ സ്റ്റുഡന്റ്, പോസ്റ്റ് സ്റ്റഡി വിസയിൽ 860000ലധികം പേർ ഓസ്ട്രേലിയയിൽ കഴിയുന്നുണ്ട്.

### ബോർഡർ ഗവാസ്കർ ട്രോഫിയിലെ മോശം പ്രകടനം;

# ഇന്ത്യൻ ടീമിൽ ശമ്പളം കുറച്ചോ? റിപ്പോർട്ടുകൾ ഇങ്ങനെ




ബോർഡർ ഗവാസ്കർ ട്രോഫിയിൽ ടീം ഇന്ത്യയുടെ മോശം പ്രകടനത്തിന് ശേഷം ടീമിൽ വലിയ മാറ്റങ്ങൾ വരുത്താൻ ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് ഒരുങ്ങുകയാണ് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.ഈ മാറ്റത്തിന്റെ ഭാഗമായി ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് (ബിസിസിഐ) കളിക്കാർക്ക് വേരിയബിൾ വേതനം അവതരിപ്പിക്കാൻ പദ്ധതിയിടുന്നു എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്. അതായത് പ്രകടനം മികച്ചതല്ലെങ്കിൽ പ്രതിഫലതുക കുറച്ചേക്കും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.ബിസിസിഐ കോർപ്പറേറ്റ് രീതിയിലുള്ള ഘടനയ്ക്കായി ശ്രമിക്കുകയാണ് എന്നാണ് റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നത്. പുതിയ രീതിയിൽ കളിക്കാർക്ക് അവരുടെ പ്രകടനത്തെ അടിസ്ഥാനമാക്കി പണം പിഴയോ പ്രതിഫലമോ ആയി നൽകാം എന്നാണ് പുറത്തു വരുന്ന സൂചന.ബി.സി.സി.ഐയിലെ പുതിയ അംഗങ്ങളിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങളിൽ ഒന്നാണ് പ്രകടനത്തെ അടിസ്ഥാനമാക്കിയുള്ള ശമ്പളം.'കളിക്കാർക്ക് ഉത്തരവാദിത്തം ഉണ്ടായിരിക്കണം, അവരുടെ പ്രകടനം പ്രതീക്ഷകൾക്ക് അനുസൃതമല്ലെന്ന് കരുതുകയാണെങ്കിൽ, വേരിയബിൾ പേ-കട്ടുകൾ നേരിടേണ്ടിവരും എന്നാണ് ബിസിസിഐയുമായി അടുത്ത വൃത്തങ്ങളെ ഉദ്ധരിച്ച് പുറത്തു വന്ന റിപ്പോർട്ട്.






# വനിതാ ഏകദിനത്തിലെ വേഗമേറിയ സെഞ്ച്വറി; റെക്കോർഡിട്ട് മന്ധാന

രാജ്കോട്ട്: വനിതാ ക്രിക്കറ്റിൽ ഏറ്റവും വേഗത്തിൽ ഏകദിന സെഞ്ച്വറി നേടുന്ന ഇന്ത്യൻ താരമെന്ന റെക്കോർഡിട്ട് ക്യാപ്റ്റൻ സ്മൃതി മന്ധാന. അയർലൻഡിനെതിരായ മൂന്നാം ഏകദിനത്തിൽ 70 പന്തിൽ നിന്നാണ് മന്ധാന സെഞ്ച്വറി തികച്ചത്. 12 ബൗണ്ടറികളും ഏഴ് സിക്സറുകളും നേടി 135 റൺസാണ് താരം സ്കോർ ചെയ്തത്.കഴിഞ്ഞ വർഷം ബംഗളൂരുവിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ 87 പന്തിൽ സെഞ്ച്വറി നേടിയ ഹർമൻപ്രീത് കൗറിന്റെ റെക്കോർഡ് മന്ധാന തകർത്തു. ഏകദിനത്തിലെ വേഗമേറിയ സെഞ്ച്വറികളുടെ പട്ടികയിൽ ഏഴാമതാണ് മന്ധാന. തന്റെ പത്താമത്തെ ഏകദിന സെഞ്ച്വറിയാണ് മന്ധാന നേടിയത്. വനിതാ ഏകദിനത്തിൽ ഏറ്റവും കൂടുതൽ സെഞ്ച്വറി നേടിയവരുടെ പട്ടികയിൽ ഇംഗ്ലണ്ടിന്റെ ടാമി ബ്യൂമോണ്ടിനൊപ്പം മന്ധാന മൂന്നാം സ്ഥാനത്താണ്. ഓസ്ട്രേലിയയുടെ മുൻ ക്യാപ്റ്റൻ മെഗ് ലാനിംഗ് (15), ന്യൂസിലൻഡിന്റെ സൂസി ബേറ്റ്സ് (13) എന്നിവരാണ് പട്ടികയിൽ മുന്നിൽ. ഓപ്പണിങ് വിക്കറ്റിൽ മന്ധാനയും പ്രതിക റാവലും ചേർന്ന് 233 റൺസ് നേടി. ഏതൊരു വിക്കറ്റിലെയും ഇന്ത്യയുടെ ഏറ്റവും ഉയർന്ന മൂന്നാമത്തെ പാർട്ണർഷിപ്പ് ആണിത്.

## ഒളിംപിക്സ് മെഡലിന് നിലവാരമില്ല; പരാതിയുമായി പാരീസ് ഒളിമ്പിക് ജേതാക്കൾ

അഞ്ചുമാസം മുൻപ് സമാപിച്ച പാരീസ് ഒളിമ്പിക്സിലെ ജേതാക്കൾക്ക് സമ്മാനിച്ച മെഡലിന്റെ ക്വാളിറ്റിയെ ചൊല്ലി പരാതി. ലോകമെമ്പാടുമുള്ള നിരവധി കായികതാരങ്ങൾ അടുത്തിടെ തങ്ങളുടെ നിറം മങ്ങിയ മെഡലുകളുടെ ചിത്രങ്ങൾ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിരുന്നു. മങ്ങിയ മെഡലുകൾക്ക് പകരം നിലവാരമുള്ള മെഡലുകൾ നൽകണമെന്നാണ് കായിക താരങ്ങളുടെ ആവശ്യം.മെഡലിന്റെ തിളക്കംകുറഞ്ഞെന്നും ചിലഭാഗങ്ങൾ അടർന്നുതുടങ്ങിയെന്നും താരങ്ങൾ പരാതിപ്പെട്ടതോടെ മെഡൽ പുതുക്കിനൽകുമെന്ന് സംഘാടകർ പറഞ്ഞു. പാരാലിമ്പിക്സ് ജേതാക്കൾക്കുനൽകിയ മെഡലിനെക്കുറിച്ചും പരാതിയുണ്ട്. ഇന്ത്യയുടെ സ്റ്റാർ പിസ്റ്റൾ ഷൂട്ടർ മനു ഭാക്കർ, ഗുസ്തി താരം അമൻ സെഹ്രാവത് എന്നിവർ ഉൾപ്പടെ നിരവധി ലോക ഒളിംപിക്സ് മെഡൽ ജേതാക്കൾ ബന്ധപ്പെട്ടവർക്ക് പരാതി നൽകിയിരുന്നു.450 ഗ്രാം വീതം ഭാരമുള്ള മെഡലുകളിൽ ഈഫൽ ടവറിൽ നിന്നുള്ള 18 ഗ്രാം ഇരുമ്പ് കഷ്ണം ഉപയോഗിച്ചിരുന്നു. 2024-ലെ പാരീസ് ഒളിപിംക്സിനായി 5,084 സ്വർണം, വെള്ളി, വെങ്കല മെഡലുകൾ രൂപകൽപ്പന ചെയ്യാൻ ഫ്രാൻസിന്റെ കറൻസിയുടെ ഉത്തരവാദിത്തമുള്ള മോനെ ഡി പാരീസിനെയാണ് ഏൽപ്പിച്ചിരുന്നത്.മോനെ ഡി പാരീസ് ഫ്രാൻസിലെ ആഡംബര ജ്വല്ലറിയായ ചൗമെറ്റുമായി സഹകരിച്ചാണ് മെഡൽ ഇറക്കിയിരുന്നത്. സംഭവത്തിൽ അഴിമതി അടക്കമുള്ള ആരോപണങ്ങൾ ഒളിമ്പിക് കമ്മിറ്റി അന്വേഷിക്കുന്നുണ്ട്.

# ജോക്കോവിവിച്ചിന് വീണ്ടും വിജയം



ഓസ്ട്രേലിയൻ ഓപ്പൺ കാമ്പെയ്നിലെ തുടർച്ചയായ രണ്ടാം മത്സരത്തിൽ നൊവാക് ജോക്കോവിച്ചിന് വീണ്ടും ജയം. ഉദ്ഘാടന റൗണ്ടിൽ 19 കാരനായ നിഷേഷ് ബസവറെഡ്ഡിയെ തോൽപ്പിച്ച ശേഷം, 21 കാരനായ യോഗ്യതാ താരം ജെയിം ഫാരിയയെ 6-1, 6-7(4), 63, 62 എന്ന സ്കോറിന് പരാജയപ്പെടുത്തി ആണ് അദ്ദേഹം തന്റെ സ്ഥാനം ഉറപ്പിച്ചത്. ഇതോടെ അദ്ദേഹം സ്വന്തമാക്കിയത് തന്റെ 25-ാമത്തെ പ്രധാന സിംഗിൾസ് കിരീടവും 100-ാം ടൂർ-ലെവൽ കിരീടവും ആണ്. അതേസമയം അമേരിക്കക്കാരനായ ബസവറെഡ്ഡിക്കെതിരായ മത്സരത്തിലെന്നപോലെ, ദ്യോക്കോവിച്ച് തന്റെ എതിരാളിയാൽ ഏറെ സമ്മർദ്ദത്തിലായെങ്കിലും ഒടുവിൽ എതിരാളിയെ റണ്ണൗട്ടാക്കാൻ സാധിച്ചു.ദ്യോക്കോവിച്ച് ടൈ ബ്രേക്ക് നിർബന്ധിതമാക്കിയെങ്കിലും, ജകഎ അറജ റാങ്കിംഗിൽ 125-ാം സ്ഥാനത്തെ തന്റെ സെർവിലും ഫോർഹാൻഡിലും രണ്ടാം സെറ്റ് സ്വന്തമാക്കുന്നതിൽ നിന്ന് അദ്ദേഹത്തിന് തടയാനായില്ല.'മൂന്നാം സെറ്റിലും പ്രത്യേകിച്ച് നാലാമത്തെ സെറ്റിലും ഞാൻ നന്നായി കളിച്ചുവെന്ന് കരുതുന്നു' എന്നാണ് സെർബിയൻ പ്രതികരിച്ചത്. 'രണ്ടാം സെറ്റിന്റെ അവസാനത്തിലും മൂന്നാം സെറ്റിന്റെ തുടക്കത്തിലും അദ്ദേഹം ലൈറ്റ്-ഔട്ട് ടെന്നീസ് കളിക്കുകയായിരുന്നു. എനിക്ക് കൊടുങ്കാറ്റിനെ നേരിടേണ്ടി വന്നു. അങ്ങനെയുള്ള ഒരാളോട് കളിക്കുന്നത് എളുപ്പമല്ല. അദ്ദേഹം ഒരു വലിയ ആളാണ്, ഞാൻ വളരെ ചെറുപ്പമാണ് ഇനിയും ഒരുപാട് മുന്നോട്ട് പോകാനുണ്ട്' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കോച്ച് ആൻഡി മറെ മുന്നോട്ട് നീങ്ങാനും കോർട്ടിന്റെ നിയന്ത്രണം ഏറ്റെടുക്കാനും തുടങ്ങിയതോടെ ദ്യോക്കോവിച്ച് വേഗത്തിൽ മത്സരം തന്റെ ദിശയിലേക്ക് മാറ്റി. അവസാന രണ്ട് സെറ്റുകളിൽ അദ്ദേഹത്തിന് ഒരു ബ്രേക്ക് പോയിന്റ് മാത്രമേ നേരിടേണ്ടി വന്നുള്ളൂ, ആ സെറ്റുകളിൽ തന്റെ ഫസ്റ്റ് സെർവ് പോയിന്റുകളുടെ 90 ശതമാനവും നേടി മൂന്ന് മണിക്കൂറിനുള്ളിൽ വിജയം നേടുകയായിരുന്നു.

## കരുൺ നായരെ ഇന്ത്യൻ ടീമിലേക്ക് പരിഗണിക്കാതിരുന്നതിനെതിരെ ഹർഭജൻ സിംഗ്





വിജയ് ഹസാരെ ട്രോഫിയിൽ തിളങ്ങുന്ന പ്രകടനം തുടരുന്ന വിദർഭയുടെ മലയാളി താരം കരുൺ നായരെ ഇന്ത്യൻ ടീമിലേക്ക് പരിഗണിക്കാതിരുന്ന സെലക്ടർമാർക്കെതിരെ വിമർശനവുമായി മുൻ താരം ഹർഭജൻ സിംഗ്. ഇന്ത്യൻ ടീം സെലക്ഷനിൻ ഓരോ കളിക്കാർക്കും ഓരോ നിയമമാണെന്ന് ഹർഭജൻ തൻറെ യുട്യൂബ് ചാനലിലൂടെ പറഞ്ഞു. ഇംഗ്ലണ്ടിനെതിരെ ടെസ്റ്റിൽ ട്രിപ്പിൾ സെഞ്ചുറി നേടിയശേഷം കരുൺ നായരെ എന്തുകൊണ്ട് ഒഴിവാക്കി എന്നത് എനിക്ക് ഇപ്പോഴും മനസിലായിട്ടില്ല. അവനെപ്പോലുള്ള കളിക്കാർക്കുവേണ്ടി ആരും സംസാരിക്കാത്തത് എന്നെ വേദനിപ്പിക്കുന്നു. റൺസടിച്ച് ഫോമിലുള്ളപ്പോഴാണ് ഒരാളെ ടീമിലെടുക്കേണ്ടത്. അവൻറെ ശരീരത്തിൽ ടാറ്റൂ ഇല്ലാത്തതിൻറെ പേരിലോ ഇനി അവൻ ഫാൻസി ഡ്രസ് ഇടാത്തതിൻറെ പേരിലോ ആണോ ടീമിലെടുക്കാത്തത് എന്നും ഹർഭജൻ ചോദിച്ചു. ഇന്ത്യൻ ടീം സെലക്ഷനിൽ ഓരോ കളിക്കാർക്കും ഓരോ നിയമമാണ്. ചിലർ രണ്ട് കളി കളിച്ചാൽ തന്നെ ടീമിലെടുക്കും. ചിലർ ഐപിഎല്ലിൽ തിളങ്ങിയതിൻറെ പേരിൽ ടീമിലെടുക്കും. എന്നാൽ മറ്റു ചിലർ ആഭ്യന്തര ക്രിക്കറ്റിൽ മികച്ച പ്രകടനം പുറത്തെടുത്താലും ടീമിലേക്ക് പരിഗണിക്കില്ല. മോശം ഫോമിൻറെ പേരിൽ വിരാട് കോലിയോടും രോഹിത് ശർമയോടുമെല്ലാം ആഭ്യന്തര ക്രിക്കറ്റിൽ കളിക്കണമെന്ന് പറയുന്നവർ വർഷങ്ങളായി ആഭ്യന്തര ക്രിക്കറ്റിൽ തിളങ്ങുന്ന താരങ്ങളെ കണ്ടില്ലെന്ന് നടിക്കുകയാണെന്നും ഹർഭജൻ പറഞ്ഞു. ഈ വർഷം വിജയ് ഹസാരെയില് ആറ് ഇന്നിംഗ്സിൽ അഞ്ച് സെഞ്ചുറി അടക്കം 664 റൺസാണ് കരുൺ നായർ നേടിയത്. എന്നിട്ടും അവനെ ടീമിലെടുക്കുന്നില്ലെങ്കിൽ അതിലും വലിയ നീതികേടില്ലെന്നും ഹർഭജൻ പറഞ്ഞു. ഇത്രയും കാലത്തിനിടയിൽ ഇന്ത്യക്കായി ആറ് ടെസ്റ്റിലും രണ്ട് ഏകദിനത്തിലും മാത്രമാണ് കരുൺ നായർ കളത്തിലിറങ്ങിയിട്ടുള്ളത്. ആറ് ടെസ്റ്റുകളിൽ നിന്നായി 62 ശരാശരിയിൽ 374 റൺസാണ് സമ്പാദ്യം. 2016 ഡിസംബറിൽ ചെന്നൈയിൽ ?ഇംഗ്ലണ്ടിനെതിരെ 303റൺസ് നേടിയതാണ് കരുൺ നായറുടെ ശ്രദ്ധേയ നേട്ടം. വീരേന്ദർ സെവാഗിന് ശേഷം ട്രിപ്പിൾ സെഞ്ച്വറി നേടുന്ന ആദ്യ ഇന്ത്യൻ താരം കൂടിയായിരുന്നു കരുൺ. എന്നാൽ 2017ന് ശേഷം ഇന്ത്യൻ ടീമിൽ കരുൺ നായർക്ക് ഒരിക്കൽ പോലും ഇടം ലഭിച്ചില്ല. തുടർന്ന് നിരന്തരം ടീമിന് പുറത്തായ കരുൺ 2022ൽ 'Dear cricket, give me one more chance' എന്ന ട്വീറ്റുമായി വാർത്തകളിൽ നിറഞ്ഞിരുന്നു. മലയാളി വേരുകളുള്ള താരത്തെ ചാമ്പ്യൻസ് ട്രോഫി പരമ്പരക്കുള്ള ടീമിൽ സർപ്രൈസ് എൻട്രിയായി ഉൾപ്പെടുത്തുമെന്ന് ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മോശം ഫോമിലുള്ള വിരാട് കോഹ്‌ലി, രോഹിത് ശർമ എന്നീ മുതിർന്ന താരങ്ങൾക്ക് പകരം ടെസ്റ്റ് ടീമിൽ കരുണിനെ ഉൾപ്പെടുത്തണമെന്നാണ് ക്രിക്കറ്റ് ആരാധകരുടെ ആവശ്യം.

### നീണ്ട 7 വർഷത്തിന് ശേഷം

## രഞ്ജി ട്രോഫി കളിക്കാനൊരുങ്ങി റിഷഭ് പന്ത്

ഡൽഹി: നീണ്ട 7 വർഷത്തിന് ശേഷം രഞ്ജി ട്രോഫി കളിക്കാനൊരുങ്ങി റിഷഭ് പന്ത്. ജനുവരി 23ന് സൗരാഷ്ട്രയ്ക്കെതിരെ നടക്കുന്ന മത്സരത്തിൽ ഡൽഹിക്ക് വേണ്ടി പന്ത് കളിക്കാനുണ്ടാവുമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. രാജ്കോട്ടിലാണ് മത്സരം നടക്കുക. 2017ലാണ് പന്ത് അവസാനമായി രഞ്ജി കളിച്ചത്. 2018-ൽ ഇന്ത്യ ടെസ്റ്റിൽ അരങ്ങേറ്റം കുറിച്ചതിന് ശേഷം ടൂർണമെന്റിൽ ഇടംപിടിച്ചിട്ടില്ല എന്നാണ് വിവരം. അതേസമയം പന്തിനൊപ്പം ഹർഷിത് റാണയും ദില്ലിക്ക് വേണ്ടി കളിച്ചേക്കും എന്ന റിപ്പോർട്ടുകളും പുറത്തു വരുന്നുണ്ട്. എന്നാൽ സീനിയർ താരം വിരാട് കോലിയുടെ ഉണ്ടാകുമോ എന്ന കാര്യത്തിൽ ഇതുവരെ സ്ഥിരീകരണമൊന്നും ഉണ്ടായിട്ടില്ല. 2012ലാണ് കോലി അവസാനമായി രഞ്ജി ട്രോഫിയിൽ കളിച്ചത്.

## അപ്രതീക്ഷമായി നടത്തിയ വിരമിക്കൽ പ്രഖ്യാപനം; ആദ്യമായി വിശദീകരണവുമായി അശ്വിൻ



ബോർഡർ ഗവാസ്കർ ട്രോഫി മൂന്നാം ടെസ്റ്റിന് ശേഷം ഇന്ത്യൻ ക്രിക്കറ്റ് ടീമിൽ നിന്നും സ്പിൻ ഇതിഹാസം രവിചന്ദ്രൻ അശ്വിൻ അപ്രതീക്ഷമായി നടത്തിയ വിരമിക്കൽ പ്രഖ്യാപനം ആരാധകർക്ക് വലിയ ഞെട്ടലാണ് സമ്മാനിച്ചത്. എന്നാൽ അതിനെ കുറിച്ച് ആസ്വിൻ ഇതുവരെ പ്രതികരിച്ചിരുന്നില്ല.ഇപ്പോൾ മറുപടിയുമായി എത്തിയിരിക്കുകയാണ് താരം. പരമ്പരയിലെ രണ്ടാം മത്സത്തിലും താരം കളിച്ചിരുന്നു. ടെസ്റ്റ് ക്രിക്കറ്റിൽ 537 വിക്കറ്റുകൾ സ്വന്തമാക്കിയ അശ്വിനോട് വിടവാങ്ങൽ മത്സരം ആഗ്രഹിച്ചിരുന്നോ എന്ന് ചോദിക്കപ്പെട്ടിരുന്നു. താരത്തിൻറെ യൂട്യൂബ് ലൈവിലാണ് ചോദ്യം ചോദിച്ചത്. എന്നാൽ എവിടെയാണ് ടീമിൽ അതിൻറെ സ്ഥാനം എന്നായിരുന്നു അശ്വിൻ മറുപടിയായി ചോദിച്ചത്.'എനിക്ക് ഇനിയും ക്രിക്കറ്റ് കളിക്കണം. എൻറെ സ്ഥാനം എവിടെയാണ്? ഉറപ്പായും അത് ഇന്ത്യൻ ടീമിൻറെ ഡ്രെസിങ് റൂമിലല്ല. എനിക്ക് കളിയോട് സത്യസന്ധത പുലർത്തേണ്ടതുണ്ട്. എനിക്ക് ഫെയർവെൽ ടെസ്റ്റ് കളിക്കണം, എന്നാൽ ഞാൻ ടീമിൽ ഒരു സ്ഥാനം അർഹിക്കാത്ത സാഹചര്യം ആലോചിച്ച് നോക്കൂ, ഫെയർവെൽ ടെസ്റ്റ് ആയത്കൊണ്ട് മാത്രം ഞാൻ ടീമിൽ കളിക്കുന്നത് ആലോചിക്കൂ. എനിക്ക് അത് വേണ്ട. എനിക്ക് ക്രിക്കറ്റിൽ കുറച്ചുകൂടി വീര്യമുണ്ടായിരുന്നു, കുറച്ചുകൂടി കാലം കളിക്കാൻ സാധിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു, എന്നാൽ ആളുകൾ എന്തിന്? എന്തുകൊണ്ട് എന്നുള്ള ചോദ്യം ഉന്നയിച്ച് തുടങ്ങുമ്പോൾ തന്നെ നിർത്തുന്നതാണ് നല്ലത് എന്നായിരുന്നു അശ്വിന്റെ വിശദീകരണം.

## പാക് വംശജനായ ഇംഗ്ലണ്ട് പേസർക്ക് വിസ ലഭിക്കാൻ വൈകുന്നു; ഇംഗ്ലണ്ട് ക്യാമ്പിൽ ആശങ്ക



അബുദാബി: ഇന്ത്യയ്ക്കെതിരായ നിശ്ചിത ഓവർ ക്രിക്കറ്റ് പരമ്പരയ്ക്കുള്ള വിസ ലഭിക്കാൻ വൈകുന്നതിനാൽ ഇംഗ്ലണ്ട് പേസർ സാഖിബ് മഹമൂദിനെ പരിശീലന ക്യാമ്പിൽ നിന്ന് ഒഴിവാക്കിയതായി റിപ്പോർട്ട്. പാകിസ്ഥാൻ വംശജയനായ മഹമൂദ് ഇന്ത്യൻ അധികാരികളുടെ അനുമതിക്കായി കാത്തിരിക്കുകയായിരുന്നു. അബുദാബിയിലാണ് ഇംഗ്ലണ്ടിന്റെ പരിശീലന ക്യാംപ്. അതേസമയം ജെയിംസ് ആൻഡേഴ്സന്റെ മേൽനോട്ടത്തിൽ ജോഫ്ര ആർച്ചർ, മാർക്ക് വുഡ്, ഗസ് അറ്റ്കിൻസൻ, ബ്രൈഡൻ കാർസ് എന്നിവരുൾപ്പെട്ട മറ്റുപേസർമാർ ക്യാംപിലുണ്ട്. ഈ ആഴ്ച അവസാനം ടീം കൊൽക്കത്തയിലേക്ക് പുറപ്പെടുന്നതിന് മുമ്പ് മഹമൂദിന്റെ വിസ ക്ലിയർ ചെയ്യപ്പെടുമെന്നാണ് ടീം പ്രതീക്ഷിക്കുന്നത്. ജനുവരി 17 നാണ് ആദ്യ ടി20 നടക്കുക. അതേസമയം ആദ്യമായിട്ടല്ല താരം വിസ പ്രശ്നം നേരിടുന്നത്. 2019-ൽ ഇതേ പ്രശ്നം കാരണം അദ്ദേഹത്തിന് ഇന്ത്യയിലെത്താൻ സാധിച്ചിരുന്നില്ല. പലപ്പോഴും ഈ പ്രശ്നം പാകിസ്ഥാൻ വംശജരായ കളിക്കാരെ ബാധിക്കാറുണ്ട്. വിസ പ്രശ്നം വേഗത്തിൽ പരിഹരിക്കപ്പെടുമെന്നാണ് ഇസിബി പ്രതീക്ഷിക്കുന്നത്.

### പരസ്യം മാത്രംനോക്കി ടൂത്ത്പേസ്റ്റ് വാങ്ങുന്നവരാണോ നിങ്ങൾ?

# പല്ലുകൾക്ക് വരാൻപോകുന്നത് മുട്ടൻ പണി



ദിവസവും രണ്ടു നേരം പല്ലു തേക്കുന്നവരാണ് നമ്മൾ. ഉപയോഗിക്കുന്ന ബ്രെഷും ടൂത്ത് പേസ്റ്റും ഒക്കെ വലിയ ശ്രദ്ധയില്ലാതെ പരസ്യങ്ങൾ കണ്ട് മാത്രം വാങ്ങുന്നവരാണോ നിങ്ങൾ. എന്നാൽ ഇതാ മുട്ടൻ പണി വരാൻ പോകുന്നു എന്നാണ് ഡോക്ടർമാർ പറയുന്നത്. പേസ്റ്റ് ഉപയോഗിക്കുന്ന കാര്യത്തിൽ ചില കാര്യങ്ങൾ വളരെ ശ്രദ്ധിക്കണം. അവ എന്തൊക്കെ ആണെന്ന് നോക്കാം.

നമ്മൾ ദിനംപ്രതി ഉപയോഗിക്കുന്ന പല ടൂത്ത് പേസ്റ്റുകളിലും മണ്ണിലും പാറകളിലും സ്വാഭാവികമായി കാണപ്പെടുന്ന ധാതുവായ ഫ്ളൂറൈഡ് അടങ്ങിയിട്ടുണ്ട്. ഒരു പരിധി വരെ ഈ ഫ്ളൂറൈഡുകളാണ് പല്ല് വൃത്തിയാക്കുന്നതിൽ നിർണായക പങ്ക് വഹിക്കുന്നത് എന്ന് നമുക്ക് അറിയാം. എന്നാൽ ഫ്ളൂറൈഡ് അധികമായാൽ പല്ലുകൾക്ക് ഇത് വലിയ രീതിയിൽ ദോഷം ചെയ്യും എന്നാണ് വിദഗ്ധർ പറയുന്നത്.

അതുകൊണ്ട് തന്നെ പല്ല് തേയ്ക്കാൻ അമിതമായി ടൂത്ത് പേസ്റ്റ് ഉപയോഗിക്കുന്നത് പല്ല് വൃത്തിയാക്കുന്നതിന് പകരം പല്ലിന്റെ ആരോഗ്യം ഇല്ലാതാക്കിയേക്കാം. അതുകൊണ്ട് തന്നെ ബ്രഷ് നിറയെ ടൂത്ത് പേസ്റ്റ് എടുക്കുന്ന ശീലമുണ്ടെങ്കിൽ അത് വേഗം നിർത്തുക. നേരിയ അളവിൽ മാത്രമേ ടൂത്ത് പേസ്റ്റ് ആവശ്യമുള്ളൂ. പ്രത്യേകിച്ച് ആറ് വയസ് വരെയുള്ള കുട്ടികൾക്ക് നേരിയ തോതിൽ മാത്രമേ ടൂത്ത് പേസ്റ്റ് നൽകാവൂ.

അതുപോലെ തന്നെ ടൂത്ത് പേസ്റ്റ് അധിക നേരം വായിൽ പിടിച്ചുവയ്ക്കുന്നതും പല്ലിന് നല്ലതല്ല. ചിലർ പേസ്റ്റിന്റെ പത ഒരുപാട് സമയം വായിൽ പിടിച്ചു നിർത്താറുണ്ട്. നിങ്ങൾ അത്തരത്തിൽ ചെയ്യാറുണ്ടെങ്കിൽ ആ ശീലം അടിയന്തരമായി ഉപേക്ഷിക്കണം.

അതുപോലെ തന്നെ ഇടയ്ക്കിടെ ടൂത്ത് പേസ്റ്റ് മാറി ഉപയോഗിക്കുന്നതും നല്ലതാണ് എന്നാണ് വിദഗ്ധർ പറയുന്നത്. വായിൽ പൊള്ളൽ തോന്നിയാൽ ആ ടൂത്ത് പേസ്റ്റ് ഒഴിവാക്കണം. ജെൽ രൂപത്തിലുള്ള ടൂത്ത് പേസ്റ്റുകളേക്കാൾ പല്ലുകളുടെ ആരോഗ്യത്തിനു നല്ലത് ക്രീം രൂപത്തിലുള്ള ടൂത്ത് പേസ്റ്റാണ് എന്നും പഠനങ്ങൾ വ്യക്തമാക്കുന്നു.

ജെൽ രൂപത്തിലുള്ള പേസ്റ്റ് പല്ലുകൾക്ക് കൂടുതൽ ഉരവ് സംഭവിക്കാൻ കാരണമാകുന്നു. തത്ഫലമായി പല്ലുകളുടെ ഇനാമിൽ വേഗം നഷ്ടപ്പെടുന്നു. ഈ കാര്യങ്ങൾ എല്ലാം അടുത്ത തവണ ടൂത് പേസ്റ്റ് വാങ്ങുമ്പോൾ ശ്രദ്ധിക്കുന്നത് പല്ലിന്റെ ആരോഗ്യം മികച്ചതാക്കാൻ സഹായിക്കും.



### സിഒപിഡി എന്ന അസുഖത്തെ കുറിച്ച് കേട്ടിട്ടുണ്ടോ?

## ശരിയായ സമയത്ത് ചികിത്സ ലഭിച്ചില്ലെങ്കിൽ മരണത്തിന് വരെ കാരണമാകാം

ഇന്ന് നമ്മളിൽ ഭൂരിഭാഗംപേരും പല അസുഖങ്ങൾ കാരണം ബുദ്ധിമുട്ടുന്നവരാണ്. സിഒപിഡി എന്ന അസുഖത്തെ കുറിച്ച് കേട്ടിട്ടുണ്ടോ? ശ്വാസകോശത്തെ ബാധിക്കുന്ന അസുഖമാണ് സിഒപിഡി. ലക്ഷണങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കുന്നത് ഈ ബുദ്ധിമുട്ടുകൾ ഒരു പരിധിവരെ കുറയ്ക്കാൻ സാധിക്കും. എന്തൊക്കെയാണ് ഇതിന്റെ ലക്ഷണങ്ങൾ എന്ന് നോക്കാം. ഈ രോഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷണം ശ്വാസതടസ്സം തന്നെയാണ്. മറ്റൊന്ന് വിട്ടുമാറാത്ത ചുമയാണ്. ചുമയോടൊപ്പം പച്ചനിറത്തിലോ മഞ്ഞനിറത്തിലോയുള്ള കഫം ഉണ്ടാവുകയും ചെയ്യും. മറ്റൊരു ലക്ഷണം ശ്വാസം വിടുമ്പോഴും ശ്വാസം എടുക്കുമ്പോഴും ഉണ്ടാകുന്ന ശബ്ദമാണ്. അതുകൂടാതെ ഈ രോഗമുള്ളവരിൽ പെട്ടെന്ന് തന്നെ ശരീരഭാരം കുറയുന്നതായി കണ്ടുവരുന്നു. എപ്പോഴും ക്ഷീണം അനുഭവപ്പെടുന്നതും ഈ അസുഖത്തിന്റെ ലക്ഷണമാണ്. ഈ പറഞ്ഞ ലക്ഷണങ്ങളെല്ലാം നിങ്ങൾക്കുണ്ടെങ്കിൽ എത്രയും വേഗം ഒരു ഡോക്ടറെ കാണുന്നതാണ് നല്ലത്.

ഈ രോഗത്തിന്റെ ഫലമായി നീർവീക്കം, ശ്വസനക്കുഴലുകൾ ഇടുങ്ങിയതാവുക എന്നീ പ്രശ്നങ്ങൾ ഉണ്ടാവുകയും തൽഫലമായി ശ്വസന പ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. അതേസമയം അമിതമായ പുകവലി, വായു മലിനീകരണം, ജനിതക പ്രശ്നങ്ങൾ എന്നിവയൊക്കെ കൊണ്ട് ഈ അവസ്ഥ ഉണ്ടാകാം. ഈ രോഗാവസ്ഥ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ ആകില്ല. എന്നാൽ ഒരു പരിധിവരെ നിയന്ത്രിച്ചു കൊണ്ടുപോകാൻ സാധിക്കും. ശരിയായ സമയത്ത് ചികിത്സ ലഭിച്ചില്ലെങ്കിൽ മരണത്തിന് വരെ കാരണമാകാം എന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്.



## അറിഞ്ഞോ? മുലപ്പാൽ കഴിഞ്ഞാൽ പിന്നെ ബെസ്റ്റ് ഇവനാ...

പോഷകഘടകങ്ങളാൽ സമ്പന്നമാണ് മുട്ട എന്ന കാര്യത്തിൽ ആർക്കും തർക്കമില്ലാത്ത കാര്യമാണ്. മുലപ്പാൽ കഴിഞ്ഞാൽ ആരോഗ്യത്തിന് ഏറ്റവും നല്ലത് മുട്ടയെന്നാണ് പറയപ്പെടുന്നത്. എല്ലാ ദിവസവും മുട്ട കഴിക്കുന്നത് ആരോഗ്യത്തിന് അത്യുത്തമമെന്നാണ് ആരോഗ്യ വിദഗ്ധർ തന്നെ പറയുന്നത്.

പക്ഷെ കൊഴുപ്പ് ധാരാളം അടങ്ങിയിട്ടുള്ളതിനാൽ കൊഴുപ്പ് കൂടുമെന്ന് കരുതി പലരും ആഹാരത്തിൽ മുട്ട ഉൾപ്പെടുത്തില്ല. എന്നാൽ ശരീരത്തിന് ആവശ്യമായ നല്ല കൊഴുപ്പാണ് മുട്ടയിൽ അടങ്ങിയിരിക്കുന്നത്. കൂടാതെ ശരീരത്തിൽ നിലവിലുള്ള ചീത്ത കൊഴുപ്പിനെ ഇല്ലാതാക്കാനും മുട്ടയ്ക്ക് സാധിക്കും.

വിറ്റാമിൻ സി ഒഴികെ എല്ലാ വിറ്റാമിനുകളും മുട്ടയിൽ അടങ്ങിയിട്ടുണ്ട്. കുട്ടികളുടെ ബുദ്ധിശക്തി വളരാനും മുട്ട നല്ലതാണ്. പുഴുങ്ങിയും, ബുൾസയാക്കിയും പൊരിച്ചുമൊക്കെ മുട്ട കഴിക്കാറുണ്ട്. മുട്ട പുഴുങ്ങി കഴിക്കുന്നതാണ് ഏറ്റവും നല്ലത്. കാരണം, മുട്ടയിൽ അടങ്ങിയിരിക്കുന്ന മിനറൽസും മറ്റ് പോഷകഘടകങ്ങളും അതേപടി ശരീരത്തിൽ എത്തണമെങ്കിൽ പുഴുങ്ങി തന്നെ കഴിക്കണം. മാത്രമല്ല, മുട്ടയുടെ ഉൾഭാഗം അധികം വേകാനും പാടില്ല.

മുട്ട കറിയാക്കിയും പൊരിച്ചുമൊക്കെ കഴിക്കുന്നവർ രുചിക്കായി അതിൽ എണ്ണ ഒഴിക്കാറുണ്ട്. ഇത്തരത്തിൽ എണ്ണ ഉപയോഗിക്കുന്നത് ശരീരത്തിൽ ചീത്ത കൊഴുപ്പ് ഉണ്ടാകാനുള്ള സാധ്യത വർധിപ്പിക്കും. എല്ലാ ദിവസവും ഓരോ മുട്ട വീതം കഴിക്കുന്നതാണ് നല്ലത്. ഡയറ്റ് ചെയ്യുന്നവരും വർക്കൗട്ട് ചെയ്യുന്നവരും ഒന്നിൽ കൂടുതൽ മുട്ട കഴിക്കാറുണ്ട്. എന്നാൽ ദിവസവും അധികമായി മുട്ട കഴിക്കുന്നതും ശരീരത്തിന് ദോഷകരമാണ്. ദഹനസംബന്ധമായ പ്രശ്നങ്ങളുള്ളവർ രാവിലെ മുട്ട കഴിക്കുന്നത് ശീലമാക്കുന്നതാവും ഉത്തമം.

# വയറും കുറയ്ക്കാം വണ്ണവും കുറയ്ക്കാം! ഈ സമയത്ത് പുളിവെള്ളം കുടിച്ചോളൂ



പുളിവെള്ളം ശക്തമായ ആരോഗ്യ അമൃതമായി ഉയർന്നുവരുന്ന കാലഘട്ടമാണിത്. പ്രത്യേകിച്ച് ശരീരഭാരം കുറയ്ക്കാൻ ലക്ഷ്യമിടുന്നവർക്ക്. ഇതിന്റെ നിരവധി ആരോഗ്യ ഗുണങ്ങൾ, ഭാരം നിയന്ത്രിക്കുന്നതിൽ സഹായിക്കാനുള്ള കഴിവിനൊപ്പം, ഏത് ഭക്ഷണക്രമത്തിലും ഇതിനെ മികച്ച കൂട്ടിച്ചേർക്കലാക്കി മാറ്റുന്നു. ശരീരഭാരം കുറയ്ക്കാൻ പുളിവെള്ളത്തിന്റെ ഗുണങ്ങളെക്കുറിച്ചും അത് വീട്ടിൽ എങ്ങനെ എളുപ്പത്തിൽ തയ്യാറാക്കാമെന്നും നോക്കാം.

പുളി വെള്ളം അതിന്റെ കുറഞ്ഞ കലോറി ഉള്ളടക്കം കൊണ്ട് വേറിട്ടുനിൽക്കുന്ന ഒന്നാണ്. കലോറി കുറവായത് കൊണ്ട് ശരീരഭാരം കുറയ്ക്കാൻ ആഗ്രഹിക്കുന്നവർക്ക് പുളിവെള്ളത്തെ അനുയോജ്യമായ ഒരു തിരഞ്ഞെടുപ്പാക്കി മാറ്റുന്നു. ഫലപ്രദമായ ഭാരം നിയന്ത്രിക്കുന്നതിൽ ദഹന ആരോഗ്യം നിർണായക പങ്ക് വഹിക്കുന്നു. പോഷക ഘടകങ്ങളുള്ള പുളിവെള്ളം ആരോഗ്യകരമായ ദഹനവ്യവസ്ഥയെ പിന്തുണയ്ക്കുന്നു.

കൂടാതെ, മെറ്റബോളിസം വർദ്ധിപ്പിക്കുന്നതിലൂടെ, പുളിവെള്ളം കലോറി എരിക്കുന്നതിനെ ത്വരിതപ്പെടുത്തുന്നു. അതിലുപരി പുളി ഭക്ഷണ നാരുകളുടെ സമ്പന്നമായ ഉറവിടമാണ്. ഇത് ശരീരഭാരം കുറയ്ക്കുന്നതിനുള്ള ഏത് ഭക്ഷണത്തിലും അത്യന്താപേക്ഷിതമാണ്.

പുളി കൂടുതൽ ഭക്ഷണം കഴിക്കാനുള്ള ആഗ്രഹം കുറയ്ക്കുകയും ചെയ്യുന്നു. മാത്രമല്ല ശരീരഭാരം കുറയ്ക്കാൻ ഗുണം ചെയ്യുന്ന ഒരളുടെ വിശപ്പ് നിയന്ത്രിക്കാനും സഹായിക്കുന്നു.

പുളിയിൽ ശക്തമായ ആന്റി ഓക്സിഡന്റായ ടാർടാറിക് ആസിഡ് ധാരാളമായി അടങ്ങിയിട്ടുണ്ടെന്ന്. ടാർടാറിക് ആസിഡ്, ശരീരത്തിലെ ഫ്രീ റാഡിക്കലുകളുടെ വളർച്ചയെ തടയുന്ന ശക്തമായ ആന്റി ഓക്സിഡന്റാണ്. വീട്ടിൽ പുളിവെള്ളം തയ്യാറാക്കുന്നത് എളുപ്പം ഉള്ള കാര്യമാണ്. ഏകദേശം 15 മുതൽ 20 മിനിറ്റ് വരെ ചൂടുവെള്ളത്തിൽ പുളി കുതിർത്തു കൊണ്ട് ആരംഭിക്കുക. ശേഷം, ജ്യൂസ് പിഴിഞ്ഞെടുക്കാൻ ഇത് മാഷ് ചെയ്യുക, തുടർന്ന് അവശേഷിക്കുന്ന പൾപ്പ് നീക്കം ചെയ്യാൻ അരിച്ചെടുക്കുക. പഞ്ചസാരയ്ക്ക് പകരം തേനോ ശർക്കരപ്പൊടിയോ പോലുള്ള മധുരങ്ങൾ ചേർത്ത് രുചി ക്രമീകരിക്കാം.

കൂടാതെ ഒരു നുള്ള് കറുത്ത ഉപ്പ് അല്ലെങ്കിൽ ജീരകം ഉപയോഗിക്കാം. പുളിവെള്ളം രാവിലെയോ ഭക്ഷണത്തിന് മുമ്പോ കുടിക്കുന്നതാണ് നല്ലത്.

പുളി വെള്ളം ശരീരഭാരം കുറയ്ക്കാൻ മാത്രമല്ല, എണ്ണമറ്റ ആരോഗ്യ ഗുണങ്ങളും നൽകുന്നു. പുളിവെള്ളം മൊത്തത്തിലുള്ള ആരോഗ്യത്തെയും ഭാര നിയന്ത്രണത്തെയും പിന്തുണയ്ക്കുന്നു.

## ജെമിനി എഐക്ക് പുതിയ ഉണർവ്: തത്സമയ വാർത്താ ഫീഡുമായി ഗൂഗിൾ

ഗൂഗിളിന്റെ ജെമിനി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവിധാനം കൂടുതൽ കൃത്യതയോടെ വിവരങ്ങൾ നൽകുന്നതിനായി പുതിയ ചുവടുവയ്പ്പുമായി രംഗത്ത്. അസോസിയേറ്റഡ് പ്രസ്സുമായി (AP) സഹകരിച്ച് ജെമിനിയിൽ തത്സമയ വാർത്താ ഫീഡ് ലഭ്യമാക്കാനുള്ള കരാർ ഗൂഗിൾ ബുധനാഴ്ച പ്രഖ്യാപിച്ചു. പെർപ്ലെക്സിറ്റി എഐയുടെയോ ചാറ്റ്ജിപിടി സെർച്ചിന്റെയോ സമാനമായ ഫങ്ഷണാലിറ്റിയായിരിക്കും ഇതിലൂടെ ജെമിനിക്ക് ലഭിക്കുക എന്നാണ് സൂചന. എങ്കിലും, ഈ ഫീഡ് ഉപയോക്താക്കൾക്ക് എപ്പോൾ ലഭ്യമാകും എന്നതിനെക്കുറിച്ച് ഔദ്യോഗിക വിവരങ്ങളൊന്നും ഇതുവരെ പുറത്തുവന്നിട്ടില്ല.

ഗൂഗിളിന്റെ ഗ്ലോബൽ ന്യൂസ് പാർട്ണർഷിപ് വൈസ് പ്രസിഡന്റ് ജാഫർ സെയ്ദി പ്രസ്താവനയിൽ പറഞ്ഞത്, 'പുതിയ എഐ ഉത്പന്നങ്ങളും സേവനങ്ങളും വികസിപ്പിക്കുമ്പോൾ, ലോകമെമ്പാടുമുള്ള ആളുകൾക്ക് ഞങ്ങളുടെ ഉത്പന്നങ്ങളും സേവനങ്ങളും മെച്ചപ്പെടുത്താൻ സഹായിക്കുന്ന പ്രത്യേകതരം വിവരങ്ങളും ഡാറ്റയും ഞങ്ങൾ തിരിച്ചറിയുന്നു. ഏറ്റവും പുതിയ വിവരങ്ങൾക്കായി തിരയുന്ന ഞങ്ങളുടെ ഉപയോക്താക്കൾക്ക് ഈ പുതിയ ഫീഡ് പ്രത്യേകിച്ചും സഹായകമാകും' എന്നാണ്.

കൂടാതെ, ഗൂഗിൾ വർക്ക്സ്പേസ് ബിസിനസ്, എന്റർപ്രൈസ് സബ്സ്ക്രൈബർമാർക്ക് അധിക ചാർജുകളില്ലാതെ ജെമിനിയുടെ കഴിവുകൾ ഉടൻ ലഭ്യമാകും എന്നും ഗൂഗിൾ അറിയിച്ചു. ബിസിനസ് ടയർ ഉപയോക്താക്കൾക്ക് പുതിയ ഫീച്ചറുകൾ ഇന്ന് മുതൽ ലഭിക്കും. എന്റർപ്രൈസ് ഉപയോക്താക്കൾക്ക് ജനുവരി അവസാനത്തോടെ ഇത് ലഭ്യമാകും.

ഈ സബ്സ്ക്രിപ്ഷൻ ടയറുകളിലെ ഉപയോക്താക്കൾക്ക് ജെമിനി എഐ ഫീച്ചറുകൾ വർക്ക്സ്പേസ് ആപ്ലിക്കേഷൻ ഇക്കോസിസ്റ്റത്തിൽ സംയോജിപ്പിക്കാൻ കഴിയും. കൂടാതെ, ജെമിനി അഡ്വാൻസ്ഡ് ചാറ്റ്ബോട്ട്, ഗൂഗിളിന്റെ എഐ-പവർഡ് റിസർച്ച് ടൂളായ നോട്ട്ബുക്ക്എൽഎം പ്ലസ് എന്നിവയിലേക്കും ആക്സസ് ലഭിക്കും. ജെമിനി ജീവനക്കാരെ ജിമെയിലിൽ ഇമെയിലുകൾ തയ്യാറാക്കാനും, ഷീറ്റുകളിൽ ഗ്രാഫുകളും ഫോർമുലകളും സൃഷ്ടിക്കാനും, സ്ലൈഡുകളിൽ ചിത്രങ്ങളും സ്ലൈഡ് ഡെക്കുകളും ഉണ്ടാക്കാനും, മീറ്റിലെ കോൺഫറൻസ് കോളുകളിൽ ഡിജിറ്റൽ സ്റ്റെനോഗ്രാഫറായി പ്രവർത്തിക്കാനും സഹായിക്കും. അടിസ്ഥാനപരമായി, വ്യക്തിഗത ജെമിനി അഡ്വാൻസ്ഡ് സബ്സ്ക്രൈബർമാർക്ക് ലഭിക്കുന്ന അതേ സേവനം കോർപ്പറേറ്റ് ജീവനക്കാർക്ക് എന്റർപ്രൈസ്-ഗ്രേഡ് ഡാറ്റാ പരിരക്ഷയോടെ ലഭ്യമാകും.

ഗൂഗിളിന്റെ ഈ പുതിയ നീക്കം ജെമിനി എഐയുടെ ഉപയോഗക്ഷമതയും കൃത്യതയും വർദ്ധിപ്പിക്കുമെന്നും, അതുപോലെ കോർപ്പറേറ്റ് രംഗത്ത് ഇതിന് വലിയ സ്വീകാര്യത ലഭിക്കുമെന്നും പ്രതീക്ഷിക്കപ്പെടുന്നു.

## കാൻഡി ക്രഷ്, ടെമ്പിൾ റൺ തുടങ്ങിയ ആപ്പുകൾ ഉപയോഗിക്കുന്നവരാണോ നിങ്ങൾ ? എന്നാൽ സൂക്ഷിച്ചോളൂ നിങ്ങളുടെ ഫോൺ ഹാക്ക് ചെയ്യപ്പെട്ടാം




ഒരു ദിവസത്തിന്റെ ഭൂരിഭാഗം സമയവും ഫോണിൽ ചിലവഴിക്കുന്നവരാണ് നമ്മൾ. എന്നാൽ ഫോണിൽ നമ്മൾ ഉപയോഗിക്കുന്ന പല ആപ്ലിക്കേഷനുകളും അത്ര സുരക്ഷിതമല്ല എന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.

ജനുവരിയിൽ 404 മീഡിയ പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം കാൻഡി ക്രഷ്, ടിൻഡർ എന്നിവയുൾപ്പെടെ ഏറ്റവും വ്യാപകമായി ഉപയോഗിക്കുന്ന ആപ്പുകൾ ലൈവ് ലൊക്കേഷൻ ആക്സസ് ചെയ്ത് വ്യക്തിഗത വിവരങ്ങൾ ചോർത്തുന്നതായാണ് ഞെട്ടിക്കുന്ന റിപ്പോർട്ട്.

റിപ്പോർട്ടുകൾക്ക് പിന്നാലെ ആൻഡ്രോയിഡിലും ഐഒഎസിലും ലഭ്യമായ ഇത്തരം ആപ്പുകൾ ഗുരുതരമായ സ്വകാര്യത ആശങ്കകളാണ് ഇപ്പോൾ ഉയർത്തുന്നത്. ആപ്പുകളിൽ പരസ്യം വരാനായി കമ്പനികൾ ബിഡ് ചെയ്യുന്ന റിയൽ ടൈം ബിഡ്ഡിംഗ് (ആർടിബി) സംവിധാനത്തിലൂടെയാണ് ഈ ഡാറ്റ ശേഖരണം നടക്കുന്നതെന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്.

പരസ്യങ്ങൾ റൺ ചെയ്യുമ്പോൾ, ആപ്പ് ഡെവലപ്പർമാരുടെ പങ്കാളിത്തമില്ലാതെ പോലും ഡാറ്റ ബ്രോക്കർമാർക്ക് ഉപയോക്താക്കളുടെ ലൊക്കേഷൻ ഡാറ്റ ശേഖരിക്കാൻ സാധിക്കും എന്നതാണ് ഞെട്ടിക്കുന്ന വസ്തുത. ആപ്പ് ഡെവലപ്പേഴ്സിന് ഇത് നിയന്ത്രിക്കാൻ സാധിക്കാത്തതും ഡാറ്റാസ് പുറത്താകുന്നതിന് കാരണമാകുന്നു. അതുപോലെ ലൊക്കേഷൻ ആക്സസ് ചെയ്യപ്പെടുന്നത് ഉപയോക്താക്കൾക്ക് അറിയാൻ സാധിക്കുകയുമില്ല എന്നതും ആശങ്ക ഉണ്ടാക്കുന്ന കാര്യമാണ്. അതുപോലെ തന്നെ ഇത്തരം ആപ്പുകളുടെ ലിസ്റ്റിൽ കാൻഡി ക്രഷ്, സബ്‌വേ സർഫറുകൾ, ടെമ്പിൾ റൺ തുടങ്ങിയ ഗെയിമുകളും ടിൻഡർ, ഗ്രിൻഡർ പോലുള്ള ഡേറ്റിംഗ് ആപ്പുകളും ഉൾപ്പെടുന്നു. നമ്മൾ സുരക്ഷിതമാണെന്ന് കരുതുന്ന ആപ്പുകൾ പലപ്പോഴും അങ്ങനെ ആവണം എന്നില്ല എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. അതുകൊണ്ട് തന്നെ ഇത്തരത്തിൽ ഉള്ള ആപ്പുകൾ ഇൻസ്റ്റാൾ ചെയ്യുമ്പോൾ പെർമിഷനുകൾ നൽകുന്നതിൽ വളരെ ശ്രദ്ധ വേണം. ആൻഡ്രോയിഡ് ഫോണുകളിൽ, ക്യാമറ, ലൊക്കേഷൻ,ഫോട്ടോസ് എന്നിവയ്ക്ക് ആവശ്യമില്ലെങ്കിൽ ആക്സസ് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

### ചരിത്രത്തിലെ ഏറ്റവും സ്ലിം ആയ ഫ്ളാഗ്ഷിപ്പ് ഫോൾഡബിൾ ഫോൺ;

## അറിയാം ഒപ്പോ ഫൈൻഡ് എൻ5ന്റെ വിശേഷങ്ങൾ

ഗ്വാങ്ഡോങ്: സ്മാർട്ട്ഫോണുകളുടെ ചരിത്രത്തിലെ ഏറ്റവും സ്ലിം ആയ ഫ്ളാഗ്ഷിപ്പ് ഫോൾഡബിളാവാൻ ഒരുങ്ങി ഒപ്പോ ഫൈൻഡ് എൻ5. ചൈനീസ് സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ വെയ്ബോയിൽ പുറത്തുവന്ന ചിത്രമാണ് ചരിത്രത്തിലെ ഏറ്റവും സ്ലിം ഫോൺ ഒരുങ്ങുന്നു എന്ന് വ്യക്തമാക്കുന്നത്.



ഫെബ്രുവരി മാസത്തിലായിരിക്കും ഒപ്പോ ഫൈൻഡ് എൻ5 ചൈനയിൽ അവതരിപ്പിക്കുക എന്നാണ് ലഭിക്കുന്ന വിവരം. 2023ൽ പുറത്തിറങ്ങിയ ഒപ്പോ ഫൈൻഡ് എൻ3യുടെ പിൻഗാമിയാണ് ഫൈൻഡ് എൻ5 എന്നാണ് റിപ്പോർട്ട്. ഏറ്റവും കട്ടി കുറഞ്ഞ ഫ്ളാഗ്ഷിപ്പ് ഫോൾഡബിൾ എന്ന വിശേഷണത്തോടെ ആണ് കമ്പനി ഈ ഫോൺ വിപണിയിലെത്താൻ തയ്യാറെടുക്കുന്നത്. അതേസമയം തുറന്നിരിക്കുമ്പോൾ 4.35 മില്ലീമീറ്ററുമായി നിലവിൽ ഹോണർ മാജിക് വി3 ആണ് ഇപ്പോൾ ലഭ്യമായ ഏറ്റവും സ്ലിമ്മായ ഫോൾഡബിൾ ഫോൺ. വരാനിരിക്കുന്ന ഒപ്പോ ഫൈൻഡ് എൻ5ന് 3.5 മുതൽ 4 എംഎം മാത്രമായിരിക്കും അൺഫോൾഡഡ് അവസ്ഥയിൽ കട്ടി എന്നാണ് സൂചനകൾ.

80 വാട്സ് വയേർഡ്, 50 വാട്സ് വയർലെസ് ചാർജിംഗ് സംവിധാനത്തോടെ 5,900 എംഎഎച്ച് ബാറ്ററി, 1.5കെ എൽടിപിഒ സംവിധാനത്തിലുള്ള 6.85 ഇഞ്ച് ഡിസ്പ്ലേ എന്നിവയും ഒപ്പോ ഫൈൻഡ് എൻ5ലുണ്ടാകുമെന്നാണ് സ്ഥിതീകരിക്കാത്ത റിപ്പോർട്ട്. ഫോൺ മടക്കിക്കഴിഞ്ഞാൽ 10 എംഎമ്മിൽ താഴെയായിരിക്കും ഒപ്പോ ഫൈൻഡ് എൻ5ന്റെ കട്ടി. ചൈനയിൽ ഫെബ്രുവരിയിൽ പുറത്തിറങ്ങുമെങ്കിലും ഒപ്പോ ഫൈൻഡ് എൻ5ന്റെ ആഗോള വേരിയന്റിനായി മാർച്ച് ജൂൺ വരെ കാത്തിരിക്കേണ്ടി വരും എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ആഗോള വിപണിയിൽ എത്തുമ്പോൾ പേരും മാറിയേക്കും.




## മൂന്നാമത്തെ രോഗിയിലും ന്യൂറാലിങ്ക് ബ്രെയിൻ ചിപ്പ് വിജയകരമായി ഘടിപ്പിച്ചെന്ന് ഇലോൺ മസ്ക്

ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള ബ്രെയിൻകമ്പ്യൂട്ടർ ഇന്റർഫേസ് കമ്പനിയായ ന്യൂറാലിങ്ക് ബ്രെയിൻ ചിപ്പ് മൂന്നാമത്തെ രോഗിയിൽ വിജയകരമായി ഘടിപ്പിച്ചതായി റിപ്പോർട്ട്. ലാസ് വേഗസിൽ നടന്നൊരു പരിപാടിയിലാണ് മസ്ക് ന്യൂറാലിങ്കിനെ കുറിച്ച് കൂടുതൽ വ്യക്തമാക്കിയത്.

അതേസമയം നിലവിൽ ന്യൂറാലിങ്ക് ഘടിപ്പിച്ചവരെല്ലാം നല്ല രീതിയിലാണ് മുന്നോട്ട് പോകുന്നതെന്നും ഈ വർഷം ചുരുങ്ങിയത് 2030 പേരിലെങ്കിലും ചിപ്പ് ഘടിപ്പിക്കാനാണ് പദ്ധതിയെന്നും ആണ് മസ്ക് പറയുന്നത്. ഗുരുതരമായ ശാരീരിക പ്രശ്നങ്ങളുള്ളവരിലും കൈകാലുകൾ തളർന്നുകിടക്കുന്നവരിലുമാണ് നിലവിൽ ന്യൂറാലിങ്ക് ടെലിപ്പതി പരീക്ഷിക്കുന്നത്. ന്യൂറാലിങ്ക് ഒരു ബ്രെയിൻകമ്പ്യൂട്ടർ ഇന്റർഫേസ് ആണ്. അതായത് മനുഷ്യ മസ്തിഷ്കത്തെയും കമ്പ്യൂട്ടറിനെയും നേരിട്ട് ബന്ധിപ്പിക്കുന്ന ഒരു സംവിധാനം. മനുഷ്യരുടെ തലച്ചോറിൽ 'ടെലിപ്പതി' എന്ന ഉപകരണം ഘടിപ്പിക്കുകയാണ് ന്യൂറാലിങ്ക് ചെയ്യുന്നത്. രോഗികൾക്ക് അവരുടെ ചിന്തകളിലൂടെ കമ്പ്യൂട്ടർ നിയന്ത്രിക്കാനാവുമെന്നതാണ് ഉപകരണത്തിന്റെ പ്രധാന പ്രത്യേകത.

തുടക്ക കാലഘട്ടത്തിൽ അമ്യോട്രോഫിക് ലാറ്ററൽ സ്കെലറോസിസ് (എഎൽഎസ്) പോലെയുള്ള കടുത്ത പ്രശ്നം തലച്ചോറിനെ ബാധിച്ചിരിക്കുന്നവരെ സഹായിക്കുക എന്ന ഉദ്ദേശമായിരുന്നു ഇതിനുള്ളത്. മനുഷ്യ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പരീക്ഷണങ്ങളിലൊന്നാണ് ഇതെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.



# റഷ്യയുടെ ആകാശ ഭീകരത: പോളണ്ട് പ്രധാനമന്ത്രിയുടെ വെളിപ്പെടുത്തൽ

റഷ്യ ആകാശത്ത് ഭീകരാക്രമണങ്ങൾ നടത്താൻ പദ്ധതിയിടുന്നതായി പോളണ്ട് പ്രധാനമന്ത്രി ഡൊണാൾഡ് ടസ്ക് നടത്തിയ വെളിപ്പെടുത്തൽ ലോകമെമ്പാടുമുള്ള വ്യോമയാന സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ വർദ്ധിപ്പിക്കുന്നു. ഉക്രെയ്നിൽ റഷ്യ അധിനിവേശം ആരംഭിച്ചതിന് ശേഷം ഇരു രാജ്യങ്ങളും തടവുകാരെ പരസ്പരം കൈമാറിയ അതേ ദിവസം തന്നെയാണ് ടസ്കിന്റെ ഈ നിർണായക പ്രസ്താവന പുറത്തുവന്നത് എന്നത് ശ്രദ്ധേയമാണ്.ടസ്കിന്റെ ആരോപണത്തിന്റെ കൂടുതൽ വിവരങ്ങൾ വ്യക്തമല്ലെങ്കിലും, ചരക്ക് വിമാനങ്ങൾ തീയിട്ട് താഴെയിറക്കാനുള്ള ഗൂഢാലോചനയാണോ അദ്ദേഹം സൂചിപ്പിച്ചതെന്ന് വ്യക്തമല്ല. കഴിഞ്ഞ ജൂലൈയിൽ ജർമ്മനിയിലെ ലീപ്സിഗ്, യുകെയിലെ ബിർമിംഗ്ഹാം, പോളണ്ടിലെ വാർസോ എന്നിവിടങ്ങളിലെ ട്രാൻസ്പോർട്ട് ഡിപ്പോകളിൽ മൂന്ന് ദിവസത്തിനിടെയുണ്ടായ തീപിടുത്തം ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്. ഈ തീപിടുത്തങ്ങൾക്ക് പിന്നിൽ മഗ്നീഷ്യം ഉപയോഗിച്ചുള്ള അട്ടിമറിയാണെന്ന് പാശ്ചാത്യ രഹസ്യാന്വേഷണ ഏജൻസികൾ കണ്ടെത്തിയിരുന്നു. മഗ്നീഷ്യം ഉയർന്ന ചൂടിൽ കത്തുന്നതും കെടുത്താൻ പ്രയാസമുള്ളതുമാണ്.ജർമ്മനിയുടെ ആഭ്യന്തര രഹസ്യാന്വേഷണ മേധാവി തോമസ് ഹാൽഡൻവാങ്, ഈ സംഭവങ്ങളെ റഷ്യൻ ചാരവൃത്തിയുടെയും അട്ടിമറിയുടെയും ഭാഗമായി വിലയിരുത്തിയിരുന്നു. വിമാനങ്ങൾ താഴെയിറക്കാനുള്ള ഒരു ആസൂത്രിത ഗൂഢാലോചനയാണ് ഇതിന് പിന്നിലെന്നും അദ്ദേഹം ആരോപിച്ചു.ടസ്ക് മാധ്യമങ്ങളോട് സംസാരിക്കവെ, റഷ്യ വിമാനക്കമ്പനികൾക്കെതിരെ വ്യോമാക്രമണത്തിന് ശ്രമിക്കുന്നതായി സൂചിപ്പിച്ചു. 'കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല, പക്ഷേ റഷ്യ പോളണ്ടിനെതിരെ മാത്രമല്ല, ലോകമെമ്പാടുമുള്ള എയർലൈനുകൾക്കെതിരെയും വ്യോമാക്രമണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു എന്ന ഭയം എനിക്ക് സ്ഥിരീകരിക്കാൻ കഴിയും,' അദ്ദേഹം കൂട്ടിച്ചേർത്തു.സുരക്ഷാ കാര്യങ്ങളിൽ യൂറോപ്പുമായും ഉക്രെയ്നുമായും ചേർന്ന് പ്രവർത്തിക്കുമെന്നും, യൂറോപ്യൻ രാജ്യങ്ങൾ സുരക്ഷാ വെല്ലുവിളികൾ ഗൗരവമായി പരിഗണിച്ചാൽ മാത്രമേ അമേരിക്കയുടെ പിന്തുണ ഉണ്ടാകൂ എന്നും ടസ്ക് വ്യക്തമാക്കി. ബാൾട്ടിക് കടലിലെ കേബിളുകൾ ഉൾപ്പെടെ യൂറോപ്പിലെ വിവിധ ലക്ഷ്യസ്ഥാനങ്ങൾക്കെതിരെ റഷ്യ രഹസ്യ ആക്രമണങ്ങൾ നടത്തുന്നുണ്ടെന്ന് പാശ്ചാത്യ രഹസ്യാന്വേഷണ ഏജൻസികൾ ആരോപിക്കുന്നു.അതേസമയം, റഷ്യയും ഉക്രെയ്നും 2025 ലെ ആദ്യത്തെ യുദ്ധത്തടവുകാരുടെ കൈമാറ്റം നടത്തി. 25 ഉക്രേനിയൻ സൈനികർക്ക് പകരമായി 25 റഷ്യൻ തടവുകാരെയാണ് കൈമാറിയത്. 2022 ഫെബ്രുവരിയിൽ റഷ്യയുടെ ഉക്രെയ്ൻ അധിനിവേശത്തിന് ശേഷം ഇരു രാജ്യങ്ങളും തമ്മിൽ നടന്ന ചർച്ചയുടെ ഫലമായിരുന്നു ഈ കരാർ.

# ഫ്രാൻസിസ് മാർപാപ്പയുടെ ആത്മകഥ 'ഹോപ്പ്' പുറത്തിറങ്ങി




റോം: ഫ്രാൻസിസ് മാർപാപ്പയുടെ ആത്മകഥയായ ഹോപ്പ് പുറത്തിറങ്ങി. ഇന്നലെ 80 രാജ്യങ്ങളിലാണ് പുസ്തകം പുറത്തിറങ്ങിയത്. ആദ്യമായാണ് പദവിയിലിരിക്കെ ഒരു മാർപാപ്പയുടെ ആത്മകഥ പുറത്തിറങ്ങുന്നത്. 320 പേജുകളാണ് പുസ്തകത്തിനുള്ളത്.ലാറ്റിൻ അമേരിക്കയിൽ നിന്നുള്ള ആദ്യ മാർപാപ്പയായ ഫ്രാൻസിസിന്റെ സ്പെയിനിലെ കുട്ടിക്കാലം മുതലുള്ള ജീവിതമാണ് ഹോപ്പിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇറ്റാലിയൻ മാധ്യമപ്രവർത്തകനായ കാലോ മൂസോയുമായി ഫ്രാൻസിസ് മാർപാപ്പ നടത്തിയ ആറ് വർഷത്തിലേറെ നീണ്ട സംഭാഷണങ്ങളിൽ നിന്നാണ് ആത്മകഥ രചിച്ചിരിക്കുന്നത്.ഇതുവരെ പുറത്തുവന്നിട്ടില്ലാത്ത മാർപാപ്പയുടെ ചിത്രങ്ങളും പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാർപാപ്പയുടെ മരണ ശേഷം പുസ്തകം പുറത്തിറക്കാനായിരുന്നു ആദ്യം പദ്ധതിയിട്ടിരുന്നത്. എന്നാൽ കത്തോലിക്കാസഭ പ്രത്യാശയുടെ വർഷമായി ആചരിക്കുന്ന ഈ വർഷം തന്നെ ഇത് ഇറക്കാൻ തീരുമാനിക്കുകയായിരുന്നു. സ്വന്തം തീരുമാനങ്ങളെക്കുറിച്ചുള്ള നിഷ്പക്ഷമായ വിലയിരുത്തലും വേദപ്രകടനങ്ങളും ആത്മകഥയിലുണ്ട്.സഹപാഠിയെ ഇടിച്ചു ബോധം കെടുത്തിയതു മുതൽ ആത്മകഥയിൽ ഉണ്ടെങ്കിലും പാപ്പയുടെ ജീവിതത്തിലെ അധികം അറിയപ്പെടാത്ത ഏടുകൾ ഹോപ്പിലും അനാവൃതമാകുന്നില്ല. 1990-92 കാലത്ത് അർജന്റീനയിലെ കോർഡോബയിൽ ചെലവിട്ട കാലവും ജർമനിയിൽ ദൈവശാസ്ത്രത്തിൽ ഗവേഷണം നടത്തിയിരുന്ന കാലവുമാണത്.2013 മാർച്ചിൽ തന്നെ മാർപാപ്പയായി തിരഞ്ഞെടുക്കാൻ നടത്തിയ കോൺക്ലേവിനെക്കുറിച്ച് വിശദമായ വിവരണവും ഉണ്ട്.



## റഷ്യൻ ആക്രമണ റിപ്പോർട്ടുകൾക്കിടെ ഉക്രെയ്നിൽ റെഡ് അലേർട്ട്

കീവ്: റഷ്യ ആരംഭിച്ച വലിയ തോതിലുള്ള ആക്രമണത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾക്കിടയിൽ ബുധനാഴ്ച പുലർച്ചെ ഉക്രെയ്നിൽ റെഡ് അലേർട്ടിലാണ്. വ്യോമാക്രമണ മുന്നറിയിപ്പുകൾ സൂചിപ്പിക്കുന്നത് ആക്രമണ സാധ്യതയുണ്ടെന്നാണ്. റഷ്യൻ യുദ്ധവിമാനങ്ങൾ പറന്നുയരുമ്പോഴോ അല്ലെങ്കിൽ ആക്രമണ സാധ്യതയുണ്ടെന്ന ഓൺലൈൻ സൂചനകൾ ലഭിക്കുമ്പോഴോ ആണ് അലേർട്ടുകൾ പുറപ്പെടുവിക്കുന്നത്.മൂന്ന് വർഷം മുമ്പ് യുദ്ധം ആരംഭിച്ചതിന് ശേഷം റഷ്യയിൽ ഏറ്റവും വലിയ വ്യോമാക്രമണം നടത്തിയതായി ഉക്രെയ്ൻ സൈന്യം അവകാശപ്പെട്ടതിന് ശേഷമാണ് റഷ്യൻ ആക്രമണത്തെക്കുറിച്ചുള്ള റിപ്പോർട്ടുകൾ വരുന്നത്. മിസൈൽ, ഡ്രോൺ ആക്രമണങ്ങൾക്കെതിരെ ഒറ്റരാത്രികൊണ്ട് തിരിച്ചടിക്കുമെന്ന് മോസ്കോയുടെ പ്രതിരോധ മന്ത്രാലയം ചൊവ്വാഴ്ച വ്യക്തമാക്കിയിരുന്നു. യുഎസും യുകെയും നൽകുന്ന മിസൈലുകൾ കീവ് ഉപയോഗിക്കുന്നതായും അവർ ആരോപിച്ചിരുന്നു.''പാശ്ചാത്യ ക്യൂറേറ്റർമാരുടെ പിന്തുണയോടെയുള്ള കീവ് ഭരണകൂടത്തിന്റെ നടപടികൾക്ക് ഉത്തരം ലഭിക്കാതെ പോകില്ല,'' പ്രതിരോധ മന്ത്രാലയം ഒരു പ്രസ്താവനയിൽ പറഞ്ഞു.ഉക്രെയ്ൻ സർക്കാരിന്റെ അലേർട്ട് ഭൂപടത്തിൽ രാജ്യമെമ്പാടും പൂർണ്ണമായ ചുവപ്പ് നിറം കാണിച്ചു. മാപ്പ് കീ അനുസരിച്ച്, ഇത് ഒരു വ്യോമാക്രമണ മുന്നറിയിപ്പിനുള്ളതാണ്.

# യുകെയിൽ കനത്ത മഞ്ഞ്; വ്യാപക യാത്രാ തടസ്സം, യെല്ലോ അലേർട്ട്




യുകെയിൽ കനത്ത മഞ്ഞും മൂടൽമഞ്ഞും വ്യാപകമായ യാത്രാ തടസ്സമുണ്ടാക്കുന്നു. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ഇംഗ്ലണ്ടിലെയും വെയിൽസിലെയും ചില ഭാഗങ്ങളിൽ യെല്ലോ അലേർട്ട് പ്രഖ്യാപിച്ചു. ബുധനാഴ്ച വൈകുന്നേരവും രാത്രിയും രൂപം കൊണ്ട കനത്ത മൂടൽമഞ്ഞ് പലയിടത്തും ദൂരക്കാഴ്ച 100 മീറ്ററിൽ താഴെയായി കുറച്ചു. ഓക്സ്ഫോർഡ്, പീറ്റർബറോ, ബർമിംഗ്ഹാം, ലിങ്കൺ തുടങ്ങിയ നഗരങ്ങളിലാണ് പ്രധാനമായും മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.തെക്കൻ ഇംഗ്ലണ്ടിന്റെയും തെക്കുകിഴക്കൻ മിഡ്ലാൻഡിന്റെയും ചില ഭാഗങ്ങളിൽ നേരിയ മൂടൽമഞ്ഞ് പുലർച്ചെ അനുഭവപ്പെടുമെന്നും, ഇത് തെക്കുപടിഞ്ഞാറൻ ഇംഗ്ലണ്ടിൽ നിന്നും ലിങ്കൺഷെയർ, യോർക്ക്ഷെയർ, മിഡ്ലാൻഡ്സ് എന്നിവിടങ്ങളിൽ രാവിലെ വരെ തുടരാൻ സാധ്യതയുണ്ടെന്നും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം അറിയിച്ചു. വ്യാഴാഴ്ച രാവിലെ 11 മണി വരെയാണ് നിലവിൽ മുന്നറിയിപ്പ്.കനത്ത മൂടൽമഞ്ഞിന്റെ പശ്ചാത്തലത്തിൽ ഡ്രൈവർമാർ യാത്ര പുറപ്പെടുന്നതിന് മുമ്പ് റോഡിലെ സാഹചര്യങ്ങൾ വിലയിരുത്തണമെന്നും ഫോഗ് ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും അധികൃതർ അഭ്യർത്ഥിച്ചിട്ടുണ്ട്. ബസുകൾ, ട്രെയിനുകൾ, വിമാനങ്ങൾ, ഫെറി സർവീസുകൾ എന്നിവയെല്ലാം പ്രതികൂല കാലാവസ്ഥയെ തുടർന്ന് വൈകാനോ റദ്ദാക്കാനോ സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.യുകെയിലെ താപനില -20 ഡിഗ്രി സെൽഷ്യസിലേക്ക് വരെ താഴാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. സ്കോട്ടിഷ് ഹൈലാൻഡ്സിലെ ആൾട്ട്നഹാറ എന്ന ഗ്രാമത്തിൽ വെള്ളിയാഴ്ച താപനില -18.7 ഡിഗ്രി സെൽഷ്യസായി രേഖപ്പെടുത്തി. കഴിഞ്ഞ 15 വർഷത്തിനിടയിലെ യുകെയിലെ ഏറ്റവും തണുപ്പുള്ള ജനുവരി രാത്രിയായിരുന്നു ഇത്.കഴിഞ്ഞ ഒരാഴ്ചയായി രാജ്യത്ത് മഞ്ഞുവീഴ്ചയും അതിശൈത്യവും രൂക്ഷമാണ്. ഇത് ഗതാഗതത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ വ്യാഴാഴ്ച മാഞ്ചസ്റ്റർ എയർപോർട്ടിലെ രണ്ട് റൺവേകളും അടച്ചിടേണ്ടി വന്നു. കോൺവാളിലെയും ഡെവണിലെയും റോഡുകളും അടച്ചിരുന്നു.

# മാഞ്ചസ്റ്ററിൽ മലയാളി നഴ്സിന് രോഗിയുടെ കുത്തേറ്റ സംഭവം: കൂടുതൽ വിവരങ്ങൾ പുറത്ത്



മാഞ്ചസ്റ്ററിലെ ഓൾഡ്ഹാം റോയൽ ഹോസ്പിറ്റലിൽ മലയാളി നഴ്സായ അച്ചാമ്മ ചെറിയാന് (57) രോഗിയുടെ കത്രിക കൊണ്ടുള്ള കുത്തേറ്റ സംഭവം യുകെയിലെ മലയാളി സമൂഹത്തിലും ആരോഗ്യ മേഖലയിലും വലിയ ഞെട്ടലും ആശങ്കയും ഉളവാക്കിയിരിക്കുകയാണ്. സംഭവത്തിൽ മുഹമ്മദ് റോമൻ ഹക്ക് എന്നയാളെ പോലീസ് അറസ്റ്റ് ചെയ്യുകയും കോടതിയിൽ ഹാജരാക്കുകയും ചെയ്തു.പുതിയ വിവരങ്ങൾ അനുസരിച്ച്, പ്രതിയെ മാഞ്ചസ്റ്റർ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയ ശേഷം റിമാൻഡ് ചെയ്തിരിക്കുകയാണ്. ആശുപത്രിയിൽ എത്തിയപ്പോൾ പരിശോധനയ്ക്ക് ഏറെ നേരം കാത്തിരിക്കേണ്ടി വന്നതിലുള്ള ദേഷ്യമാണ് അക്രമത്തിന് കാരണമെന്ന് പ്രതി പോലീസിനോട് പറഞ്ഞതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. അച്ചാമ്മയുടെ കഴുത്തിന്റെ പിൻഭാഗത്താണ് കുത്തേറ്റത്. അവരുടെ ആരോഗ്യനില ഇപ്പോഴും ഗുരുതരമായി തുടരുകയാണ്. ഈ അക്രമ സംഭവത്തെ ആരോഗ്യവകുപ്പ് അധികൃതർ ശക്തമായി അപലപിച്ചു. യുകെ ആരോഗ്യ സെക്രട്ടറി വെസ് സ്ട്രീറ്റിങ്, നഴ്സുമാർ ആരോഗ്യമേഖലയുടെ അവിഭാജ്യ ഘടകമാണെന്നും, അക്രമത്തെ ഭയക്കാതെ രോഗികളെ പരിചരിക്കാൻ അവർക്ക് കഴിയണമെന്നും പ്രസ്താവിച്ചു. നഴ്സുമാർ ആരോഗ്യ മേഖലയുടെ നട്ടെല്ലാണെന്നും ഈ ആക്രമണത്തെ ഗൗരവമായി കാണുന്നുവെന്നും അദ്ദേഹം എക്സിൽ കുറിച്ചു.പത്തുവർഷമായി ഓൾഡ്ഹാം റോയൽ ഹോസ്പിറ്റലിൽ ജോലി ചെയ്തുവരികയാണ് അച്ചാമ്മ. അവർ ഇന്ത്യൻ അസോസിയേഷൻ ഓൾഡ്ഹാം (ഐഎഒ), കമ്മ്യൂണിറ്റി സെന്റർ എന്നിവയുടെ സജീവ പ്രവർത്തക കൂടിയാണ്. അച്ചാമ്മയുടെ നില ഗുരുതരമായി തുടരുന്നതിനാൽ, സുഹൃത്തുക്കളും സഹപ്രവർത്തകരും മലയാളി സമൂഹവും പ്രാർത്ഥനയോടെ കാത്തിരിക്കുകയാണ്. ഈ വിഷയത്തിൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെങ്കിലും, അന്വേഷണം പുരോഗമിക്കുകയാണെന്നും ഉടൻ തന്നെ കൂടുതൽ വിവരങ്ങൾ ലഭ്യമാവുമെന്നും പ്രതീക്ഷിക്കുന്നു.

# 117 വയസ്; ലോകത്ത് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ ആളുകളുടെ പട്ടികയിൽ ബ്രസീലിൽ നിന്നുള്ള കന്യാസ്ത്രീ

ലോകത്ത് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രായം കൂടിയ ആളുകളുടെ പട്ടികയിൽ സ്ഥാനം പിടിച്ചു ബ്രസീലിൽ നിന്നുള്ള ഫുട്ബോൾ പ്രേമിയായ കന്യാസ്ത്രീ. 117 വയസ്സിനടുത്ത് ആണ് ഇവരുടെ പ്രായം എന്നാണ് പുറത്തുവരുന്ന റിപ്പോർട്ട്. ജപ്പാനിൽ നിന്നുള്ള ഒരു സ്ത്രീയുടെ മരണത്തെത്തുടർന്ന് ആണ് ഏകദേശം 117 വയസ്സുള്ള ലോകത്തിലെ ഏറ്റവും പ്രായം കൂടിയ വ്യക്തിയായി സിസ്റ്റർ ഇനാ കാനബാരോ മാറിയത്. ചെറുപ്പത്തിൽ വളരെ മെലിഞ്ഞവളായിരുന്നു ഇനാ കാനബാരോ, അവൾ കുട്ടിക്കാലം അതിജീവിക്കുമെന്ന് പോലും പലരും കരുതിയിരുന്നില്ല, എന്നാണ് അവരുടെ 84 വയസ്സുള്ള അനന്തരവൻ ക്ലെബർ കാനബറോ അസോസിയേറ്റഡ് പ്രസ്സിനോട് പറഞ്ഞത്. ലോകമെമ്പാടുമുള്ള സൂപ്പർസെന്റനേറിയൻമാരെ ട്രാക്ക് ചെയ്യുന്ന ഒരു സംഘടനയായ ലോംഗെവിക്വസ്റ്റ് ശനിയാഴ്ച പ്രസ്താവന പുറത്തിറക്കിയത്.കഴിഞ്ഞ ഫെബ്രുവരിയിൽ ഓർഗനൈസേഷൻ ചിത്രീകരിച്ച ഒരു വീഡിയോയിൽ, പുഞ്ചിരിക്കുന്ന കാനബാരോ തമാശകൾ പറയുകയും തൻ ചെയ്ത മിനിയേച്ചർ പെയിന്റിംഗുകൾ പങ്കിടുകയും ഹായ് മേരി പ്രാർത്ഥന ചൊല്ലുകയും ചെയ്യുന്നത് കാണാം. തന്റെ ദീർഘായുസ്സിന്റെ രഹസ്യം കത്തോലിക്കാ വിശ്വാസം ആണെന്നാണ് അവർ പറയുന്നത്. ഞാൻ ചെറുപ്പമാണ്, സുന്ദരിയും സൗഹാർദ്ദപരമായി പെരുമാറുന്ന ആളുമാണ് എന്നാണ് തെരേഷ്യൻ കന്യാസ്ത്രീ തെക്കൻ ബ്രസീലിയൻ നഗരമായ പോർട്ടോ അലെഗ്രെയിലെ തന്റെ റിട്ടയർമെന്റ് ഹോമിലെ സന്ദർശകരോട് പറയുന്നത്. ലോംഗെവിക്വസ്റ്റ് ഗവേഷകർ പറയുന്നതനുസരിച്ച്, 1908 ജൂൺ 8 ന് തെക്കൻ ബ്രസീലിലെ ഒരു വലിയ കുടുംബത്തിലാണ് കാനബാരോ ജനിച്ചത്.



എന്നാൽ അവളുടെ ജനനം രണ്ടാഴ്ച വൈകിയാണ് രജിസ്റ്റർ ചെയ്തതെന്നും യഥാർത്ഥത്തിൽ മെയ് 27 നാണ് അവൾ ജനിച്ചതെന്നും അവരുടെ അനന്തരവൻ പറഞ്ഞു. 19-ാം നൂറ്റാണ്ടിൽ പോർച്ചുഗലിൽ നിന്ന് ബ്രസീൽ സ്വാതന്ത്ര്യം നേടിയതിനെ തുടർന്നുള്ള പ്രക്ഷുബ്ധ കാലഘട്ടത്തിൽ ആയുധമെടുത്ത പ്രശസ്ത ബ്രസീലിയൻ ജനറലായിരുന്നു അവരുടെ മുത്തച്ഛൻ.






# ഏറ്റവും കൂടുതൽ വരുമാനം നേടുന്നവരുടെ നികുതി ഉയർത്താനൊരുങ്ങി ഹോങ്കോംഗ്



ഹോങ്കോങ്ങ് ഗവൺമെന്റ് ബജറ്റിലെ കുറവുകൾ നികത്തുന്നതിന് നഗരത്തിലെ ഏറ്റവും ഉയർന്ന വരുമാനമുള്ളവരിൽ നിന്ന് തുടർച്ചയായ രണ്ടാം വർഷവും നികുതി ഉയർത്തുന്നതിനുള്ള നീക്കം നടത്താനൊരുങ്ങുകയാണെന്ന് റിപ്പോർട്ട്. ഇതിനായുള്ള മാർഗങ്ങൾ ഗവൺമെന്റ് പര്യവേക്ഷണം ചെയ്യുകയാണെന്നാണ് വിദഗ്ധർ പറയുന്നത്.അടുത്ത ആഴ്ചകളിൽ പൊതുജനങ്ങളുമായി കൂടിയാലോചിച്ചപ്പോൾ, ഒഗ×5 മില്യൺ (×642,000) അതിലധികമോ വരുമാനമുള്ളവരിൽ 16% നികുതി നിരക്ക് ഉയർത്താനുള്ള ആശയം ഹോങ്കോങ്ങിലെ ഉദ്യോഗസ്ഥർ മുന്നോട്ട് വച്ചതായി ആണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്.അതുപോലെ തന്നെ ചർച്ച ചെയ്ത മറ്റൊരു മാർഗം, പരിധി താഴ്ത്തി കൂടുതൽ ആളുകളെ ഏറ്റവും ഉയർന്ന നികുതി ബ്രാക്കറ്റിൽ ഉൾപ്പെടുത്തുക എന്നതാണ് എന്നും റിപ്പോർട്ടുകൾ ഉണ്ട്.




# ഇംഗ്ലീഷ്, മലയാളം ത്രിരാഷ്ട്ര കലണ്ടർ

# 2025

**അമേരിക്ക, കാനഡ ഇന്ത്യ, കേരളം അവധി ദിനങ്ങൾ**

**മതപരമായ വിശേഷ ദിവസങ്ങൾ**

**വിവാഹം, ഗൃഹപ്രവേശം ചോറൂണ്, നാമകരണം തുടങ്ങിയവയ്ക്കുള്ള മുഹൂർത്തങ്ങൾ**

**തുടങ്ങി നിരവധി സവിശേഷതകളുമായി**

**വാചകം 2025 കലണ്ടർ (പഞ്ചാംഗം)**

**ഈ കലണ്ടർ പുറത്തിറക്കുന്നതിന് സഹായിച്ച എല്ലാ സ്പോൺസർമാർക്കും വാരികയുടെയും വാചകം.കോമിന്റെയും വായനക്കാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ**




**ഈ കലണ്ടർ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുവാൻ സന്ദർശിക്കുക...**

# www.vachakam.com